പൌരസ്ത്യറീത്തുകാരുടെ

# വിവാഹനിയമങ്ങൾ.



വിവാഹത്തെ സംബന്ധിച്ച് പന്ത്രണ്ടാം പീയൂസ്
മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് പൌരസ്ത്യ
റീത്തുകാർക്കായി പ്രസിദ്ധീകരിച്ചിട്ടുള്ള
കാനോൻ നിയമസംഹിതയിലെ
ആശയങ്ങൾ സംഗ്രഹിച്ചു ചില
വിശദീകരണങ്ങളോടുകൂടി
തയ്യാറാക്കിയിട്ടുള്ളത്.


CATHOLIC MISSION PRESS,
KOTTAYAM.
1949.


www.malankaralibrary.com

# പൌരസ്ത്യ റീത്തുകാരുടെ

# വിവാഹ നിയമങ്ങൾ.

## ശുദ്ധിപത്രം.

| അബദ്ധം | | സുബദ്ധം |
| --- | --- | --- |
| Page 9 Canon 20 വരി 2 | | |
| ലഭിക്കാതെയും | — | ലഭിച്ചശേഷം |
| Page 33 Canon 36 വരി 2 | | |
| രഹസ്യത്തിലല്ലാതെ | — | രഹസ്യത്തിലോ അല്ലാതെ |

PRINTED AT

THE CATHOLIC MISSION PRESS, KOTTAYAM.

www.malankaralibrary.com

Imprimatur.

✠ Alexander Chulaparambil,

BISHOP OF KOTTAYAM.

Sept. 8, 1949

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

*For Private Circulation Only.*

# വിവാഹത്തെ സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ട ചില വിവരങ്ങൾ.

വിവാഹത്തെ സംബന്ധിച്ച പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പൌരസ്ത്യറീത്തുകാക്കായി പ്രസിദ്ധീകരിച്ചിട്ടുള്ള കാനോൻ നിയമസംഹിതയിലെ ആശയങ്ങൾ സംഗ്രഹിച്ച് ചില വിശദീകരണങ്ങളോടുകൂടി തയാറാക്കിയിട്ടുള്ളതു്—രഹസ്യോപയോഗത്തിനു മാത്രം.

## I

## വിവാഹമെന്ന കൂദാശ.

### കാനോൻ 1.

മാമ്മോദീസാ സ്വീകരിച്ചിട്ടുള്ളവർ തമ്മിൽ നടക്കുന്ന സാധുവായ വിവാഹം ഒരു കൂദാശയാകുന്നു: മിശിഹാതന്നെയാണ് അതിനെ ഒരു കൂദാശയായി ഉയർത്തിയതു്; “കൂദാശ” എന്നും “വെറുമൊരു ഉടമ്പടി” എന്നും ഇങ്ങനെ അതിൽ തരം തിരിവു വരുത്താവുന്നതല്ല; കൂദാശപരമായ ഒരുടമ്പടിയാകുന്നു അതു്.

www.malankaralibrary.com

## കാനോൻ 2.

സന്താനോല്പാദനം, സന്താനങ്ങളെ നന്നായി വളർത്തുക, എന്നിവയത്രേ വിവാഹത്തിന്റെ പ്രഥമവും സർവപ്രധാനവുമായ ലക്ഷ്യം. ദമ്പതിമാർ പരസ്പരം സഹകരിച്ചു സഹായിക്കുക, മോഹാഗ്നി ശമിപ്പിക്കുക എന്നിവ വിവാഹത്തിന്റെ അപ്രധാനവും ദ്വിതീയവുമായ (Secondary) ലക്ഷ്യം മാത്രമെ ആകുന്നുള്ളു.

ബഹുഭാര്യത്വവും ബഹുഭർത്തൃത്വവും നിഷിദ്ധങ്ങളാണ് (Unity); വിവാഹബന്ധം പിരിക്കുവാൻ പാടുള്ളതുമല്ല (Indissolubility) വിവാഹത്തിന്റെ കാതലായ ഈ പ്രത്യേകതകൾക്ക് (Unity and Indissolubility) അന്യാദൃശമായ ഒരു സ്ഥിരത ക്രിസ്തീയവിവാഹത്തിൽ സംസിദ്ധമാകുന്നുണ്ട്. കാരണം, ക്രിസ്തീയ വിവാഹം ഒരു കൂദാശയാകുന്നു.

## കാനോൻ 3.

വിവാഹം നടന്നുകഴിഞ്ഞശേഷം അതിന്റെ സാധുതയെപ്പറ്റി സംശയമുണ്ടായാൽ, മറിച്ചു തെളിയുന്നതുവരെ വിവാഹം സാധുവായി പരിഗണിക്കപ്പെടും. എന്നാൽ ദമ്പതിമാർ അക്രൈസ്തവരായിരിക്കെ നടന്ന വിവാഹത്തിന്റെ സാധുതയെപ്പറ്റി, അവരിൽ ഒരാൾ മാമ്മോദീസാ സ്വീകരിച്ച ശേഷം സംശയമുണ്ടാകുന്നപക്ഷം ഈ ആനുകൂല്യം ആ വിവാഹത്തിനു ഉണ്ടായിരിക്കുന്നതല്ല. (cfr. cc. 60, 116.)

## കാനോൻ 4.

മാമ്മോദീസാ സ്വീകരിച്ചിട്ടുള്ളവർ തമ്മിലുള്ള സാധുവായ വിവാഹം സംയോഗം നടക്കുന്നതിനുമുൻപ് "അംഗീകൃത വിവാഹം" (Ratum) എന്നും, സംയോഗം നടന്നശേഷം "അംഗീകൃതവും സംയോഗം നടന്നതുമായ വിവാഹം" എന്നും (Ratum et consummatum) വിളിക്കപ്പെടുന്നു. വിവാഹോടമ്പടി പ്രകൃത്യാതന്നെ സംയോഗത്തെ ലക്ഷ്യപ്പെടുത്തുകയും സംയോഗത്താൽ ദമ്പതിമാർ ഒരു ശരീരമായി തീരുകയു

www.malankaralibrary.com

മാണു ചെയ്യുന്നതു്. വിവാഹം കഴിഞ്ഞശേഷം ദമ്പതിമാർ ഒരുമിച്ചു താമസിച്ചിരുന്നെങ്കിൽ, സംയോഗം നടന്നില്ലെന്നു തെളിയുന്നതുവരെ, സംയോഗം നടന്നതായി നിയമദൃഷ്ട്യാ പരിഗണിക്കപ്പെടുന്നതാണു്.

മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്തവരുടെ സാധുവായ വിവാഹകർമ്മം "നിയമപ്രകാരമുള്ള (Legitimate) വിവാഹ"മെന്നാണു് വിളിക്കപ്പെടുക.

വിവാഹത്തെ അസാധുവാക്കുന്ന കാരണമോ കാരണങ്ങളോ ഉണ്ടായിരിക്കെ, ഒരു കക്ഷിയോ ഇരുകക്ഷികളുമോ അതറിയാതെ ഉത്തമവിശ്വാസത്തോടെ തിരുസ്സഭയുടെ മുമ്പിൽ (തിരുസ്സഭ നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥ—Forma—യനുസരിച്ചു്) (1) വിവാഹം നടത്തുന്നപക്ഷം, ഇരുകക്ഷികളും ആ കാരണത്തെ അഥവാ കാരണങ്ങളെപ്പറ്റി നിശ്ചയമായി അറിയുന്നതുവരെ അവരുടെ വിവാഹം സാധുവായ വിവാഹം പോലെ പരിഗണിക്കപ്പെടുന്നതാണു്. (putative matrimony.)

## കാനോൻ 5.

മാമ്മോദീസാ സ്വീകരിച്ചിട്ടുള്ളവരുടെ വിവാഹത്തെ ബാധിക്കുന്ന നിയമങ്ങൾ സൃഷ്ടിക്കുവാൻ തിരുസ്സഭയ്ക്കു് അധികാരമുണ്ടു്. തന്നിമിത്തമത്രെ ദൈവസ്ഥാപിതങ്ങളായ നിയമങ്ങളോടുകൂടി വേറെയും നിയമങ്ങൾ അവശ്യാനുസരണം തിരുസ്സഭ കൂട്ടിച്ചേർത്തുവരുന്നതു്. കൂദാശ എന്ന നിലയിൽ വിവാഹത്തെ സ്പർശിക്കുന്ന വിഷയങ്ങൾ സംബന്ധിച്ചു് എന്തെങ്കിലും പ്രവർത്തിക്കുവാൻ രാഷ്ട്രത്തിനധികാരമില്ലാത്തതാകുന്നു. എന്നാൽ അവകാശക്രമംപോലെയുള്ള കേവലം സാമുദായികവിഷയങ്ങൾ സംബന്ധിച്ചു് രാഷ്ട്രത്തിനു് നിയമനിർമ്മാണം ചെയ്യാവുന്നതാണു്.

---

(1) cfr. The Clergy Review, May, 1949, Eastern Church Marriage Laws, p. 337.

www.malankaralibrary.com

# II

# വിവാഹത്തിനു മുമ്പ്.

## 1. ഒത്തുകല്യാണം (അച്ചാരക്കല്യാണം) മുതലായവ.

### കാനോൻ 6, 7.

"സ്ത്രീപുരുഷന്മാർ തമ്മിൽ ഭാവിയിൽ വിവാഹം നടത്തിക്കൊള്ളാമെന്നു ചെയ്യുന്ന വാഗ്ദാനം" എന്നത്രേ ഒത്തുകല്യാണത്തിനു് ഇവിടുത്തെ വിവക്ഷ. സ്ഥലത്തെ വൈദികമേലദ്ധ്യക്ഷൻെറയോ (Hierarcha) (2) സ്ഥലത്തെ വികാരിയുടെയോ (Parochus), ഇവരിൽ ആരെങ്കിലും അധികാരപ്പെടുത്തുന്ന ഒരു പട്ടക്കാരൻെറയോ മുമ്പിൽ വച്ചല്ലാതെ നട-

---

(2) (മാർപ്പാപ്പാ), പാത്രിയർക്കീസ്, കാതോലിക്കാ, മെത്രാപ്പോലീത്താ, മെത്രാൻ ഇവരെപ്പോലെ ഡ്യൂപ്പർക്കിയാ (Diocese, Archdiocese, Vicariate Ap.—Eparchia) ഭരിക്കുന്നവർ, സുൻഖേല്ലോസ്, (Syncellus—സുറിയാനി: സുൻഖേല്ലോസ്: കൂടെ താമസിക്കുന്ന ആൾ അഥവാ സഹായകൻ = വികാരിജനറാൾ), ചില സന്യാസസമൂഹങ്ങളിലെ ചില അധികാരികൾ എന്നിങ്ങനെയുള്ളവർ "വൈദികമേലദ്ധ്യക്ഷൻ" എന്ന പദത്താൽ വിവക്ഷിക്കപ്പെടുന്നു. "സ്ഥലത്തെ വൈദികമേലദ്ധ്യക്ഷൻ" എന്നു പറഞ്ഞാൽ പ്രസ്തുത സന്യാസാധികാരികൾ മനസ്സിലാക്കപ്പെടുകയില്ല. വിവാഹത്തെ സംബന്ധിക്കുന്ന കാര്യത്തിൽ ഇവക്കു സ്ഥാനമില്ലതാനും. (ലത്തീൻകാനൻനിയമസംഹിത, c. 198.) "വൈദികമേലദ്ധ്യക്ഷൻ" എന്നതിനു പൌരസ്ത്യ കാനൻനിയമസംഹിതയിൽ (Hierarcha) എന്നും, ലത്തീൻകാനൻനിയമസംഹിതയിൽ (Ordinarius) എന്നും ആണു് കാണുന്നതു്.

www.malankaralibrary.com

ത്തുന്ന ഒത്തുകല്യാണം ഇരുകക്ഷിയുടെയും പരസ്പരസമ്മതമു ണ്ടായിരുന്നാൽതന്നെയും അസാധുവായിരിക്കും. മററു വാക്കാ യി പറഞ്ഞാൽ വിവാഹം സാധുവായി ആശീർവദിക്കുവാൻ ആക്കെല്ലാം അധികാരമുണ്ടോ (cc. 86. 87) അവർക്കു മാത്ര മേ ഒത്തുകല്യാണം സാധുവായി നടത്തിക്കുവാൻ അധികാര മുള്ളു. ഈ വിധത്തിലല്ലാതെ നടക്കുന്ന ഒത്തുകല്യാണമനുസ രിച്ചു പ്രവർത്തിക്കുവാൻ കക്ഷികൾക്കു മനസ്സാക്ഷിയിൽ കട മയില്ല; അതുസംബന്ധിച്ചു വൈദികകച്ചേരിയിൽ വ്യവഹാ രപ്പെടുവാൻ പാടുള്ളതുമല്ല.

ഒത്തുകല്യാണം നടത്തിക്കുന്ന വൈദികൻ വിവരം അ തിനുള്ള പുസ്തകത്തിൽ രേഖപ്പെടുത്തുകയും സ്ത്രീപുരുഷന്മാർ കത്തോലിക്കരാണെങ്കിൽ അവർക്കു റീത്തുപ്രകാരമുള്ള ആശീർ വാദം (റീത്തുപ്രകാരം ആശീർവാദമുണ്ടെങ്കിൽ) നൽകുകയും ചെയ്യണം.

ഒത്തുകല്യാണം സാധുവായി നടന്നു എന്ന കാരണത്താൽ വിവാഹം നടത്തണമെന്നു നിർബന്ധിക്കാവുന്നതല്ല; എന്നാൽ നഷ്ടപരിഹാരം ആവശ്യപ്പെടുവാൻ നഷ്ടം നേരിടുന്ന കക്ഷി ക്കു് അവകാശമുള്ളതാകുന്നു.

## കാനോൻ 8.

വിവാഹമെന്ന കൂദാശയെയും അതിനെ തടയുന്ന പ്രതി ബന്ധങ്ങളെയും പററി വികാരി ജനങ്ങളെ വിവേകപൂർവ്വം പഠിപ്പിക്കേണ്ടതാകുന്നു.

## 2. അന്വേഷണങ്ങൾ.

## കാനോൻ 9.

വിവാഹത്തിനു മുമ്പായി, വിവാഹത്തെ തടയുന്ന (Validly & licitly)യാതൊരു പ്രതിബന്ധവും (Impediment) ഇല്ലെന്നു തീർച്ചപ്പെട്ടിരിക്കണം.

മരണവേളയിൽ (In periculo mortis) വേറെ തെളി വൊന്നുമില്ലായിരിക്കെ, തങ്ങൾ മാമ്മോദീസാ സ്വീകരിച്ചിട്ടു

www.malankaralibrary.com

ള്ളവരാണെന്നും, യാതൊരു പ്രതിബന്ധവും ഉള്ളവരല്ലെന്നും കക്ഷികൾ സത്യംചെയ്തു ഉറപ്പ് നൽകുന്നപക്ഷം, സംശയത്തിന്ന വഴിയൊന്നുമില്ലെങ്കിൽ, അവരുടെ വിവാഹം ആശീർവദിച്ചുകൊടുക്കാവുന്നതാണ്.

## കാനോൻ 10.

വിവാഹം ആശീർവദിക്കുവാൻ അവകാശമുള്ള വികാരി പ്രതിബന്ധങ്ങൾ സംബന്ധിച്ച് കാലേക്കൂട്ടി വേണ്ട അന്വേഷണങ്ങൾ നടത്തണം.

സ്ത്രീപുരുഷന്മാർ, പ്രത്യേകം സ്ത്രീ, സ്വമനസ്സാ ആണൊ വിവാഹത്തിന് സമ്മതിച്ചിട്ടുള്ളത്, വല്ല പ്രതിബന്ധവുമുണ്ടോ, അവർക്കു വേണ്ടത്ര മതപഠനമുണ്ടോ എന്നെല്ലാം അവരോടു തനിച്ചു തനിച്ചും വിവേകപൂർവ്വം വികാരി ചോദിച്ച് സംഗതികൾ മനസ്സിലാക്കണം. വേണ്ടത്ര മതപഠനമുണ്ടെന്നു മനസ്സിലായിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച് അവരോടു ചോദിക്കേണ്ടതില്ല.

ഇവ സംബന്ധിച്ച് സ്ഥലത്തെ വൈദികമേലദ്ധ്യക്ഷന് വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ അവകാശമുള്ളതാകുന്നു.

## കാനോൻ 11.

കക്ഷികൾ മാമ്മോദീസാ സ്വീകരിച്ചിട്ടുള്ളവരാണെന്ന് കാണിക്കുന്ന രേഖകൾ വികാരി അവരിൽ നിന്നു സമ്പാദിക്കണം. വികാരി ഭരണം നടത്തുന്ന ഇടവകയിലാണ് മാമ്മോദീസാ നടന്നിട്ടുള്ളതെങ്കിൽ ഇതിനാവശ്യമില്ല. രണ്ടുപേരിൽ ഒരാൾ മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്ത ആളാണെങ്കിൽ, കത്തോലിക്കമതാവലംബിയായ മറേറ ആൾ മാമ്മോദീസാ സ്വീകരിച്ചിട്ടുണ്ട് എന്നുള്ളതിന് രേഖ സമ്പാദിച്ചിരിക്കേണ്ടതാണ്.

കത്തോലിക്കരായവർ മൂറോൻ അഭിഷേകം (മുമ്പിലത്തെ ഒപ്രൂശ്മ) സ്വീകരിച്ചിട്ടില്ലെങ്കിൽ വിവാഹത്തിനു മുൻപ്, വലിയ പ്രയാസം കൂടാതെ സാധിക്കുമെങ്കിൽ, അതവർ സ്വീകരിക്കേണ്ടതാണ്.

www.malankaralibrary.com

3) വിളിച്ചുചൊല്ലു് മുതലായവ.

## കാനോൻ 12.

ആരു തമ്മിലാണു് വിവാഹം നടക്കുവാൻ ഇരിക്കുന്നതെന്നു് വികാരി പരസ്യമായി വിളിച്ചറിയിക്കേണ്ടതാണു്. (ചില റീത്തുകളിൽ ഇങ്ങനെ ചെയ്യണമെന്നു നിയമമില്ല.)

## കാനോൻ 13.

സ്ത്രീപുരുഷന്മാരുടെ വികാരിയാണു് വിളിച്ചുചൊല്ല നടത്തേണ്ടതു്. സ്ത്രീക്കു് 12-ം പുരുഷനു് 14-ം വയസ്സു തികഞ്ഞശേഷം (3) അവർ അന്യസ്ഥലത്തു് (ഇടവകയ്ക്കു പുറത്തു്) ആറുമാസമോ അതിലധികമോ താമസിച്ചിട്ടുണ്ടെങ്കിൽ വിവരം വൈദികമേലദ്ധ്യക്ഷനെ വികാരി അറിയിക്കണം. വൈദികമേലദ്ധ്യക്ഷൻ തനിക്കു യുക്തമെന്നു തോന്നുന്നതുപോലെ അന്യസ്ഥലത്തും വിളിച്ചുചൊല്ല നടത്തണമെന്നു നിശ്ചയിക്കയോ, വിളിച്ചു ചൊല്ലിന്റെ ഉദ്ദേശം (അതായതു് അവർ വിവാഹബന്ധത്തിൽ ഏർപ്പെട്ടിട്ടില്ലെന്നും മറ്റു പ്രതിബന്ധങ്ങളില്ലെന്നും) സാധിക്കത്തക്ക വേറെ മാർഗ്ഗം സ്വീകരിക്കയോ ചെയ്യുന്നതാണു്. ആറു മാസത്തിൽ കുറവു വരുന്ന സമയം മാത്രമേ താമസമുണ്ടായിട്ടുള്ളു എങ്കിലും ആ കാലത്തിനിടയ്ക്കു വല്ല പ്രതിബന്ധവും ഉണ്ടായിട്ടുണ്ടെന്നു് സംശയം തോന്നിയാൽ വിവരം വൈദികമേലദ്ധ്യക്ഷനെ വികാരി അറിയിക്കണം. അദ്ദേഹമാകട്ടെ ഇപ്പോൾ പറഞ്ഞതുപോലെ സംശയനിവാരണം വരുത്താതെ വിവാഹം നടത്തുവാൻ അനുവദിക്കേണ്ടതല്ല.

## കാനോൻ 14.

തുടർച്ചയായി "കട"മുള്ള മൂന്നു ദിവസങ്ങളിൽ ഏതുശുശ്രൂഷയിൽ അധികം ജനങ്ങൾ സംബന്ധിക്കുന്നുവോ ആ ശുശ്രൂ

---

(3) "Puberty കഴിഞ്ഞു" എന്നാണു് നിയമം പറയുന്നതു്. ലത്തീൻകാനൻ നിയമസംഹിതയിൽ c. 98 § 2 പ്രകാരം Puberty ക്കുള്ള വയസ്സു് ഇവിടെ കാണിച്ചിരിക്കുന്നു.

www.malankaralibrary.com

ഷയോടുകൂടി വികാരി പള്ളിയിൽ വിളിച്ചുചൊല്ല് നടത്തണം.

## കാനോൻ 15.

വിളിച്ചുചൊല്ലിനു പകരം ഇടവകപ്പള്ളിയുടേയോ മറ്റു പള്ളിയുടെയോ വാതിൽക്കൽ പരസ്യമെഴുതി സ്ഥാപിക്കുവാൻ സ്ഥലത്തെ വൈദികമേലദ്ധ്യക്ഷനു് തന്റെ അധികാരാതൃത്തിക്കകത്തു് അനുവദിക്കാവുന്നതാണു്. കടമുള്ള രണ്ടു ദിവസങ്ങൾ ഇടയ്ക്കു വരത്തക്കവണ്ണം കുറഞ്ഞതു് എട്ടുദിവസത്തേക്കു പരസ്യം അവിടെ സ്ഥാപിച്ചിരിക്കണം.

## കാനോൻ 16.

അന്യസഭയിലോ മതത്തിലോ പെട്ട ആളാണു് ഒരു കക്ഷിയെങ്കിൽ, വിളിച്ചുചൊല്ലു നടത്താതെ വികാരി സ്ഥലത്തെ വൈദികമേലദ്ധ്യക്ഷനെ വിവരം അറിയിക്കണം. തിരുസിംഹാസനത്തിൽനിന്നു അനുമതി ലഭിച്ചിരിക്കയും, ഇടച്ചയില്ലാതിരിക്കയും ചെയ്താൽ കത്തോലിക്കമതാവലംബിയല്ലാത്ത ആളിന്റെ മതത്തെപ്പറ്റി പ്രസ്താവിക്കാതെ വിളിച്ചുചൊല്ലു നടത്തുവാൻ യുക്തമെന്നു തോന്നുന്നപക്ഷം വൈദികമേലദ്ധ്യക്ഷൻ അനുവദിക്കുന്നതാണു്.

## കാനോൻ 17.

വിവാഹത്തെ തടയുന്ന ഏതെങ്കിലും പ്രതിബന്ധമുള്ളതായി അറിവുള്ളവർ വിവാഹം നടക്കുന്നതിനുമുമ്പു് വികാരിയേയോ വൈദികമേലദ്ധ്യക്ഷനേയോ അതറിയിക്കണം.

## കാനോൻ 18.

തന്റെ അധികാരാതൃത്തിക്കകത്തോ പുറത്തോ വിളിച്ചുചൊല്ലിൽനിന്നു വിവേകപൂർവ്വം ഒഴിവുകൊടുക്കുവാൻ സാധുവായ കാരണമുണ്ടെങ്കിൽ (Legitimate cause) സ്വന്തം വൈദികമേലദ്ധ്യക്ഷനു് അധികാരമുണ്ടു്. ഒന്നിലധികം വൈദികമേലദ്ധ്യക്ഷന്മാർക്കു കീഴ്പ്പെട്ടിരിക്കുന്നവരുടെ കാര്യ

www.malankaralibrary.com

ത്തിൽ ഈ ഒഴിവു കൊടുക്കേണ്ടതു് വിവാഹം നടക്കുന്ന സ്ഥലത്തെ വൈദികമേലദ്ധ്യക്ഷനാകുന്നു. എന്നാൽ വിവാഹംനടക്കുന്നതു് ഇവരുടെയെല്ലാവരുടേയും അധികാരാതിർത്തിക്കു പുറത്തുവച്ചാണെങ്കിൽ ഇവരിൽ ആർക്കെങ്കിലും ഒഴിവുകൊടുക്കാവുന്നതാണ്.

## കാനോൻ 19.

അന്യസ്ഥലത്തു് അന്വേഷണമോ വിളിച്ചുചൊല്ലോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ഫലം അവിടുത്തെ വികാരി വിവാഹം ആശീർവദിക്കുന്ന വികാരിയെ ഉടൻതന്നെ രേഖാമൂലം ഔദ്യോഗികമായി തെര്യപ്പെടുത്തണം.

## കാനോൻ 20.

വിളിച്ചുചൊല്ലും അന്വേഷണങ്ങളും നടത്തി രേഖകളെല്ലാം ലഭിക്കുന്നതും അവസാനവിളിച്ചുചൊല്ലു കഴിഞ്ഞു്, ഏതെങ്കിലും ന്യായമായ കാരണമില്ലെങ്കിൽ (Rationabilis causa) മൂന്നു ദിവസത്തിനു മുമ്പും വിവാഹം നടത്തരുതാത്തതാകുന്നു.

എല്ലാം കഴിഞ്ഞു് ആറുമാസത്തിനിടയ്ക്കു്, വിവാഹം നടന്നില്ലെങ്കിൽ വിളിച്ചുചൊല്ലു് ആവർത്തിക്കപ്പെടണം. സ്ഥലത്തെ വൈദികമേലദ്ധ്യക്ഷനു് ഇതിൽ ഒഴിവു കൊടുക്കാവുന്നതാണ്.

## കാനോൻ 21.

ഏതെങ്കിലും പ്രതിബന്ധമുള്ളതായി സംശയം തോന്നിയാൽ, വികാരി ക്രൂലങ്കഷമായ അന്വേഷണം നടത്തേണ്ടതാകുന്നു. കക്ഷികൾക്കു അവമാനമില്ലാത്ത കാര്യങ്ങളിലാണെങ്കിൽ, വിശ്വസ്തരായ കുറഞ്ഞതു രണ്ടു സാക്ഷികളിൽ നിന്നെങ്കിലും ഇതു സംബന്ധിച്ചു്, അവരെക്കൊണ്ടു സത്യം ചെയ്യിച്ചു്, മൊഴി വാങ്ങിക്കേണ്ടതാണ്. ആവശ്യമെങ്കിൽ കക്ഷികളോടും അന്വേഷണം നടത്തണം.

വിളിച്ചുചൊല്ലു തുടങ്ങുന്നതിനോ അവസാനിക്കുന്നതിനോ മുമ്പാണു് സംശയമുണ്ടാകുന്നെങ്കിൽ വിളിച്ചുചൊല്ലു മു

www.malankaralibrary.com

മ്പോട്ടു നടത്തിക്കൊണ്ടു പോകണം. എല്ലാം കഴിഞ്ഞിട്ടും സംശയമുണ്ടെന്നു കണ്ടാൽ (prudenter judicaverit) വൈദികമേലദ്ധ്യക്ഷനെ ബോധിപ്പിക്കാതെ വിവാഹം ആശീർവദിക്കേണ്ടതല്ല.

പ്രതിബന്ധമുണ്ടെന്നു നിശ്ചയമായി അറിഞ്ഞാൽ, അതു രഹസ്യമെങ്കിൽ, വിളിച്ചുചെല്ലു മുമ്പോട്ടു കൊണ്ടുപോകയും, ആളുകളുടെ പേരുപറയാതെ വിവരം സ്ഥലത്തെ വൈദികമേലദ്ധ്യക്ഷനെയൊ റോമിലെ "സാക്രപെനിത്തെൻസിയാരിയ" എന്ന കച്ചേരിയേയൊ വികാരി അറിയിക്കേണ്ടതാകുന്നു. പ്രതിബന്ധം പരസ്യമാണെങ്കിൽ, വിളിച്ചുചൊല്ലു തുടങ്ങാത്ത പക്ഷം അതു തുടങ്ങേണ്ടതല്ല. പുറമെ അറിയപ്പെടത്തക്കവണ്ണം ആ പ്രതിബന്ധം നീക്കപ്പെട്ട ശേഷമെ തുടർന്നു വിവാഹകാര്യത്തിൽ വികാരി എന്തെങ്കിലും ചെയ്യാവൂ. എന്നാൽ ഒന്നാമത്തെയൊ രണ്ടാമത്തെയൊ വിളിച്ചു ചൊല്ലു കഴിഞ്ഞാണ് പരസ്യമായ പ്രതിബന്ധത്തെപ്പററി അറിവു കിട്ടുന്നതെങ്കിൽ വിളിച്ചുചൊല്ലു പൂർത്തിയാക്കിക്കൊണ്ടു് വികാരി വൈദികമേലദ്ധ്യക്ഷനെ വിവരം ബോധിപ്പിക്കണം.

എല്ലാം കഴിഞ്ഞു നിശ്ചയമുള്ളതൊ സംശയാസ്പദമൊ ആയ പ്രതിബന്ധമൊന്നുമില്ലെങ്കിൽ വിവാഹം നടത്തുവാൻ കക്ഷികളെ വികാരി അനുവദിക്കണം.

## കാനോൻ 22.

ഒരിടത്തും സ്ഥിരതാമസമോ (domicile) താല്ക്കാലികസ്ഥിരതാമസമൊ (quasi-domicile) (4) ഇല്ലാത്തവരുടെ (vagi) വിവാഹം അത്യാവശ്യ ഘട്ടംവിലല്ലാതെ, സ്ഥലത്തെ വൈദികമേലദ്ധ്യക്ഷൻെറയൊ അദ്ദേഹത്തിൽ നിന്നു അധികാരം സിദ്ധിച്ചിട്ടുള്ള പട്ടക്കാരൻെറയൊ സമ്മതംകൂടാതെ ആശീർവ്വദിക്കേണ്ടതല്ല.

---

(4) തിരിച്ചുപോകുവാൻ കാരണമൊന്നുമില്ലെങ്കിൽ ഒരിടവകാതിർത്തിക്കകത്തോ, ഏളുപക്കിയാതിർത്തിക്കകത്തോ സ്ഥിരമായി താമസിക്കണമെന്ന ഉദ്ദേശത്തോടെ ഒരാൾ അവിടെ പ്രവേശിക്കയൊ, സ്ഥിരമായി താമസിക്കണമെന്നുള്ള

www.malankaralibrary.com

## കാനോൻ 23.

വിവാഹത്തിൻെറ പരിശുദ്ധി, അതിൽനിന്നുത്ഭവിക്കുന്ന ഭാൎയ്യാഭൎത്താക്കന്മാരുടെ പരസ്പരച്ചുമതലകൾ, മാതാപിതാക്കളുടെ സന്താനങ്ങളുടെ നേർക്കുള്ള കടമകൾ ഇവ സംബന്ധിച്ച സ്ത്രീപുരുഷന്മാരെ അവരുടെ സ്ഥിതിക്കനുസരണമായി പഠിപ്പിക്കുന്നതിൽ വികാരി ഉപേക്ഷ വരുത്തരുതു്. നല്ല കുമ്പസാരം കഴിച്ചു ഭക്തിയോടുകൂടി വി. കുർബാന സ്വീകരിച്ചതിനുശേഷംമാത്രം വിവാഹം നടത്തുവാൻ അവരെ ബലമായി ഉപദേശിക്കയും ചെയ്യണം.

---

ഉദ്ദേശ്യമില്ലെങ്കിലും പത്തുകൊല്ലത്തിലധികം അവിടെ താമസിക്കയൊ ചെയ്താൽ അയാൾ അവിടെ സ്ഥിരതാമസക്കാരനായിത്തീരുന്നു. തിരിച്ചുപോകുവാൻ കാരണമൊന്നുമില്ലെങ്കിൽ, ആറുമാസത്തിലധികം അവിടെ താമസിക്കണമെന്ന ഉദ്ദേശ്യത്തോടെ അവിടെ പ്രവേശിക്കയൊ, പ്രസ്തുതോദ്ദേശ്യമില്ലെങ്കിലും ആറുമാസത്തിലധികം അവിടെ താമസിക്കയോ ചെയ്താൽ അയാൾ അവിടെ താൽക്കാലിക സ്ഥിരതാമസക്കാരനായിത്തീരുന്നു.

ന്യായപൂൎവ്വമല്ലാതെ ഭൎത്താവിൽനിന്നു പിരിഞ്ഞു താമസിക്കുന്ന ഭാൎയ്യ ഭൎത്താവിൻെറയും, ഭ്രാന്തന്മാരും മൈനർമാരും അവരുടെ സംരക്ഷകരുടെയും സ്ഥിരതാമസം എവിടെയൊ അവിടെ സ്ഥിരതാമസക്കാരായി കരുതപ്പെടുന്നു. ന്യായപൂൎവ്വം പിരിഞ്ഞു താമസിക്കുന്ന ഭാൎയ്യക്കു സ്വന്തമായി സ്ഥിരതാമസമുണ്ടാകാം. ശൈശവപ്രായം (ഏഴുവയസ്സു) കഴിഞ്ഞ മൈനർക്കും, ന്യായപൂൎവ്വമല്ലാതെ പിരിഞ്ഞു താമസിക്കുന്ന ഭാൎയ്യക്കും സ്വന്തമായി താൽക്കാലിക സ്ഥിരതാമസമുണ്ടാകാവുന്നതാണു്.

(ലത്തീൻ കാനൻ നിയമസംഹിത. c. c. 88,92,93)

21 വയസ്സു തികയാത്തവരാണു് മൈനർ മാർ എന്നിവിടെ പറഞ്ഞിരിക്കുന്നതു് (ലത്തീൻ കാനൻനിയമ സംഹിത, c. 88 § I)

www.malankaralibrary.com

## കാനോൻ 24.

മാതാപിതാക്കന്മാരെ അറിയിക്കാതെ, അഥവാ അവർ ന്യായമായി സമ്മതിക്കാതിരിക്കെ, വിവാഹം നടത്തരുതെന്നു മൈനർമാരെ വികാരി സഗൌരവം ഉപദേശിക്കണം; അവർ വഴിപ്പെടാതിരുന്നാൽ സ്ഥലത്തെ വൈദിക മേലദ്ധ്യക്ഷനെ അറിയിക്കാതെ അവരുടെ വിവാഹം ആശീർവദിക്കരുത്.

# III

# പ്രതിബന്ധങ്ങൾ.

---

(Impediments)

## കാനോൻ 25, 26.

നിയമ തടസ്സമില്ലെങ്കിൽ എല്ലാവർക്കും വിവാഹ ബന്ധത്തിൽ ഏർപ്പെടാവുന്നതാണ്.

വിവാഹത്തെ ന്യായവിരുദ്ധമാക്കുന്നവ (prohibent), വിവാഹത്തെ അസാധുവാക്കുന്നവ (diriment) എന്നിങ്ങനെ രണ്ടു തരം പ്രതിബന്ധങ്ങളാണ് വിവാഹം സംബന്ധമായി പരിഗണിക്കേണ്ട നിയമതടസ്സങ്ങൾ. വിവാഹത്തെ ന്യായവിരുദ്ധമാക്കുന്ന പ്രതിബന്ധത്തോടുകൂടി നടത്തുന്ന വിവാഹം അസാധുവല്ലെങ്കിലും ഗൌരവമായ കുററമാകുന്നു; വിവാഹത്തെ അസാധുവാക്കുന്ന പ്രതിബന്ധത്തോടുകൂടി നടത്തുന്ന വിവാഹം വിവാഹമേ അല്ല. അതു വളരെ ഗൌരവമായ കുററമാകുന്നു. പ്രതിബന്ധം ഒരു കക്ഷിയിൽ മാത്രമേയുള്ളുവെങ്കിലും അതു മററെ കക്ഷിയേയും ബാധിക്കാതിരിക്കയില്ല; തന്നിമിത്തം അവരുടെ വിവാഹം ന്യായവിരുദ്ധമോ അസാധുവോ ആകുന്നതായിരിക്കും.

## കാനോൻ 27.

പരസ്യമായ ഹേതുവിൽനിന്നുണ്ടാകുന്നതോ, വേറെ വല്ല വിധത്തിലും പുറമേ തെളിയിക്കത്തക്കതോ ആയ പ്രതിബന്ധം പരസ്യ പ്രതിബന്ധമെന്നും (public), അല്ലാത്തതു രഹസ്യ പ്രതിബന്ധമെന്നും (occult) വിളിക്കപ്പെടുന്നു.

www.malankaralibrary.com

## കാനോൻ 28.

വിവാഹത്തെ ന്യായവിരുദ്ധമോ അസാധുവോ ആക്കുന്ന ദൈവിക നിയമം ഏതാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുവാൻ തിരുസഭയിലെ പരമാധികാരസ്ഥാനത്തിനു മാത്രമേ പാടുള്ളൂ. മാമ്മോദീസാ സ്വീകരിച്ചിട്ടുള്ളവരുടെ കാര്യത്തിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്ക എന്നതും അതേ പരമാധികാരസ്ഥാനത്തിനു മാത്രം സ്വന്തമാകുന്നു.

## കാനോൻ 29.

സ്വന്തം അധികാരാതിർത്തിക്കകത്തായിരിക്കുന്നവരുടേയും സ്വന്തം അധികാരാതിർത്തിക്കു പുറത്തായിരിക്കുന്ന സ്വന്തം ആളുകളുടേയും (അധീനരുടെ) കാര്യത്തിൽ, വല്ല പ്രത്യേക സാഹചര്യത്തിലും, ഒരു ക്ലിപ്ത സമയത്തേയ്ക്കു് വിവാഹം തടയുവാൻ തക്കകാരണമുണ്ടെങ്കിൽ (justa causa) ആ കാരണം നീണ്ടുനിൽക്കുന്നതുവരെ വൈദികമേലദ്ധ്യക്ഷനു പാടുള്ളതാകുന്നു. എന്നാൽ വിവാഹത്തെ അസാധുവാക്കുന്ന രീതിയിൽ ഇങ്ങനെ തടയാവുന്നതല്ല; അങ്ങനെ ചെയ്യുവാൻ തിരുസിംഹാസനത്തിനു മാത്രമേ അധികാരമുള്ളൂ.

## കാനോൻ 30.

പുതിയ പ്രതിബന്ധങ്ങൾ ഉണ്ടാകുവാൻ ഹേതുവാകുന്ന നടപ്പുകളും നിലവിലുള്ള പ്രതിബന്ധങ്ങൾക്കു പ്രതികൂലങ്ങളായ നടപ്പുകളും ഈ നിയമ സംഹിതയാൽ റദ്ദാക്കപ്പെടുന്നു.

## A

### വിവാഹത്തെ ന്യായവിരുദ്ധമാക്കുന്ന പ്രതിബന്ധങ്ങൾ.

### (Prohibent Impediments)

## കാനോൻ 48.

### 1 വ്രതം (Vow.)

a. സന്യാസസമൂഹങ്ങളിൽ നടത്തുന്ന ചെറിയ അഥവാ സാമാന്യമായ (minor or simple) ചാരിത്ര്യവ്രതം വിവാഹ

www.malankaralibrary.com

ത്തെ ന്യായവിരുദ്ധമാക്കുന്നു. എന്നാൽ ഈ വ്രതത്തിനു വിവാഹത്തെ അസാധുവാക്കുവാനുള്ള ശക്തിതന്നെയും തിരുസിംഹാസനം ചിലപ്പോൾ പ്രദാനം ചെയ്യാറുണ്ട്.

b. ചാരിത്ര മുദ്ര (Virginity) അഭംഗമായി പാലിച്ചുകൊള്ളാം; പരിപൂർണ്ണമായ ചാരിത്രം എല്ലാ വിഷയത്തിലും പാലിച്ചുകൊള്ളാം (perfect chastity); വിവാഹം കഴിക്കുന്നതല്ല; സന്യസ്തജീവിതം സ്വീകരിച്ചുകൊള്ളാം; ഹെവ്പ്പദ്യക്കന്നൂസാ സ്വീകരിച്ചവർക്കു വിവാഹം മുടക്കപ്പെട്ടിരിക്കുന്ന റീത്തുകളിൽ ഹെവ്പ്പദ്യക്കന്നൂസായോ അല്ലെങ്കിൽ ദിയക്കന്നൂസാ ഉൾപ്പെടെ മേലോട്ടുള്ള ഏതു പട്ടമോ സ്വീകരിച്ചുകൊള്ളാം എന്നിങ്ങനെ ഓരോരുത്തർ തനിച്ചു ചെയ്യുന്ന ഓരോ വ്രതവും വിവാഹത്തെ ന്യായവിരുദ്ധമാക്കുന്നു.

## കാനോൻ 49.

### 2. രാഷ്ട്രീയ നിയമം (Civil law)

സംരക്ഷണ സ്ഥാനമോ (tutela) ദത്തുവഴിയുള്ള ബന്ധമോ (legalis cognatio) (5) വിവാഹത്തെ ന്യായവിരുദ്ധമാക്കുന്നതായി രാഷ്ട്രം എവിടെയെങ്കിലും നിബന്ധനചെയ്തിട്ടുണ്ടെങ്കിൽ അവിടെ ആ നിലയിൽ അതിനെ സഭ സ്വീകരിച്ചിരിക്കുന്നു.

## കാനോൻ 50.

### 3. അകത്തോലിക്കത്വം (Mixed Religion)

കത്തോലിക്കരും അകത്തോലിക്കരു(6)മായുള്ള വിവാഹം ന്യായവിരുദ്ധമാകുന്നു. എന്നാൽകത്തോലിക്ക മതാവലംബിക്കോ

(5) നമ്മുടെ നാട്ടിൽ ആൺമക്കളില്ലാത്തവർ മകളുടെ ഭർത്താവിനെ ദത്തു നിർത്തുന്ന സമ്പ്രദായത്തെയല്ല ഇതു വിവക്ഷിക്കുന്നതു്.

(6) സാധുവായ മാമ്മോദീസാ സ്വീകരിച്ചവരും എന്നാൽ കത്തോലിക്കാ സഭയിൽ പെടാത്തവരുമാണ് അകത്തോലിക്കർ എന്നു് ഇവിടെ പറയുന്നവർ.

www.malankaralibrary.com

കുട്ടികൾക്കോ ആത്മീയനാശം വരുന്ന സാഹചര്യങ്ങളിൽദൈവികനിയമത്താൽ തന്നെ ഇപ്രകാരമുള്ള വിവാഹം മുടക്കപ്പെടുന്നു.

## കാനോൻ 51, 52.

തക്കതും (justa) ഗൌരവാവഹവും (gravis) ആയ കാരണമില്ലാതെ തിരുസഭ ഈ പ്രതിബന്ധം നീക്കികൊടുക്കുന്നതല്ല. കത്തോലിക്ക മതാവലംബിയായ കക്ഷിക്കു ആത്മീയനാശം വരുത്തുന്നതല്ലെന്നു മറേറ കക്ഷിയും, കുട്ടികളെയെല്ലാം കത്തോലിക്കരായി മാമ്മോദീസാ മുക്കി വളർത്തിക്കൊള്ളാം എന്നു ഇരുകക്ഷികളും വാഗ്ദാനം ചെയ്യുകയും വാഗ്ദാനം നിറവേററുമെന്നു തീർച്ചവരുകയും ചെയ്താൽ മാത്രമേ ഈ പ്രതിബന്ധം നീക്കിക്കൊടുക്കയുള്ളു. വാഗ്ദാനം രേഖപ്പെടുത്തി വാങ്ങിക്കുകയാണ് സാധാരണമായി ചെയ്യേണ്ടതു് (Regulariter). കത്തോലിക്ക മതാവലംബി മറേറ കക്ഷിയെ മാനസാന്തരപ്പെടുത്തുവാൻ വിവേകപൂർവ്വം പരിശ്രമിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

## കാനോൻ 53.

ഈ പ്രതിബന്ധം വേണ്ട അനുമതിയോടെ നീക്കപ്പെട്ടിരുന്നാലും, തിരുസഭയുടെ മുമ്പിൽ വിവാഹം നടക്കുന്നതിനു മുമ്പോ അതിനു ശേഷമോ നേരിട്ടോ പ്രതിപുരുഷൻ വഴിയോ, വിവാഹം നടത്തുന്നതിലേയ്ക്കു അകത്തോലിക്ക വൈദികനെ കക്ഷികൾ സമീപിക്കരുതു്; വിവാഹസമ്മതം നൽകുവാനോ പുതുക്കുവാനോ ഇങ്ങനെ ചെയ്യരുതു്. എന്നാൽ അവർ ഈ വിധത്തിൽ സമീപിച്ചെന്നോ സമീപിക്കുമെന്നോ കണ്ടാൽ ഏററവും ഗൌരവാവഹമായ കാരണമുണ്ടെങ്കിൽ മാത്രം അതും ഇടർച്ച നീക്കിക്കൊണ്ടും വൈദികമേലദ്ധ്യക്ഷനെ മുൻകൂട്ടി ബോധിപ്പിച്ചുകൊണ്ടും വികാരിക്കു അവരുടെ വിവാഹം ആശീർവ്വദിക്കാവുന്നതാണ്; അല്ലാതെ ആശീർവ്വദിക്കരുതു്.

എന്നാൽ രാഷ്ട്ര നിയമപ്രകാരം പേരെഴുതിക്കേണ്ടതുണ്ടെങ്കിൽ, അതിലേയ്ക്കു നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥനെ (ഒരു പക്ഷേ അയാൾ അകത്തോലിക്ക വൈദികനായിരുന്നാ

www.malankaralibrary.com

ല്ലം) ദമ്പതിമാർക്ക സമീപിക്കാവുന്നതാണ്. ഈ വേരെഴുതിക്കലാകട്ടെ സിവിൽ വിവാഹമോ അകത്തോലിക്ക വിവാഹമോ ആയി ഉദ്ദേശിക്കപ്പെട്ടിരിക്കരുത്; അവകാശക്രമം പോലെയുള്ള സാമുദായിക വിഷയങ്ങളെ ഉദ്ദേശിച്ച് ഏർപ്പെടുത്തിയിട്ടുള്ള ഒരു നിയമത്തെ പ്രതി മാത്രമേ ആയിരിക്കുവാൻ പാടുള്ളൂ.

## കാനോൻ 54.

അകത്തോലിക്കരുമായുള്ള വിവാഹം വൈദികമേലദ്ധ്യക്ഷന്മാരുൾപ്പെടെയുള്ള ആത്മീയപാലകന്മാർ നിവൃത്തിയുള്ളിടത്തോളം തടയേണ്ടതാണ്; തടയുവാൻ സാധിക്കാതെ വന്നാൽ ദൈവത്തിന്റെയും തിരുസഭയുടേയും നിയമങ്ങൾ ലംഘിക്കപ്പെടാതിരിക്കാൻ അവർ എല്ലാ ശ്രമവും ചെയ്യണം.

സ്വന്തസ്ഥലത്തോ അന്യസ്ഥലത്തോ എവിടെ വച്ചെങ്കിലും നടന്ന ഈ തരം വിവാഹം സംബന്ധിച്ച് ദമ്പതിമാർ ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ പാലിക്കുന്നുണ്ടോ എന്നു തിരക്കി വേണ്ടതു ചെയ്യുവാൻ വൈദികമേലദ്ധ്യക്ഷന്മാരുൾപ്പെടെയുള്ള ആത്മീയ പാലകന്മാർ ബാദ്ധ്യസ്ഥരാകുന്നു.

## കാനോൻ 55.

അകത്തോലിക്ക സഭകളിൽ ചേർന്നില്ലെങ്കിലും, കത്തോലിക്ക വിശ്വാസം വളരെ പരസ്യമായി (notoriously) ഉപേക്ഷിച്ചിരിക്കുന്നവരും, കത്തോലിക്ക സഭ ശപിച്ചിരിക്കുന്ന സംഘടനകളിൽ വളരെ പരസ്യമായി (notorious) ഉൾപ്പെട്ടിരിക്കുന്നവരും ആയ ആളുകളുമായി കത്തോലിക്കർ വിവാഹം നടത്തേണ്ടതല്ല. വിവരം വൈദിക മേലദ്ധ്യക്ഷനെ അറിയിച്ച് അനുമതി വാങ്ങിക്കാതെ വികാരി ഇങ്ങനെയുള്ള വിവാഹങ്ങൾ ആശീർവദിക്കരുത്. വൈദികമേലദ്ധ്യക്ഷനാകട്ടെ സാഹചര്യങ്ങളെല്ലാം പരിഗണിച്ച്, സന്താനങ്ങളെല്ലാം കത്തോലിക്കരായി വളർത്തപ്പെടുമെന്നും കത്തോലിക്കമതാവലംബിയായ കക്ഷിക്കു ആത്മീയനാശം ഉണ്ടാകയില്ലെന്നും വിവേകപൂർവ്വം തീർച്ചവരുത്തി ഗൌരവാവഹവും അത്യാവശ്യവുമായ കാരണമുണ്ടെങ്കിൽ മാത്രം അനുമതി നൽകുന്നതാണ്.

www.malankaralibrary.com

### കാനോൻ 56.

പരസ്യപാപിയോ, സഭാശിക്ഷയിൽ വളരെ പരസ്യമായി (notoriously) ഉൾപ്പെട്ടയാളോ വിവാഹത്തിനു വരുന്നപക്ഷം, അയാൾ കുമ്പസാരിക്കാതിരിക്കയോ സഭയുമായി രമ്യപ്പെടുവാൻ വിസമ്മതിക്കയോ ചെയ്താൽ, അയാളുടെ വിവാഹം വികാരി ആശീർവ്വദിക്കരുതു്. എന്നാൽ ഗൌരവാവഹമായ അത്യാവശ്യ കാരണമുണ്ടെങ്കിൽ അയാളുടെ വിവാഹം ആശീർവദിക്കാം; പക്ഷേ, നിവൃത്തിയുള്ള പക്ഷം ഈ സാഹചര്യത്തിൽ വൈദികമേലദ്ധ്യക്ഷനെ മുമ്പു കൂട്ടി വിവരം ധരിപ്പിച്ചിരിക്കണം.

## B

## വിവാഹത്തെ അസാധുവാക്കുന്ന പ്രതിബന്ധങ്ങൾ.

## (Diriment Impediments)

### കാനോൻ 57.

### 1. വയസ്സ് (Age)

പുരുഷനു 16-ം സ്ത്രീക്കു 14-ം വയസ്സു പൂർത്തിയാകുന്നതിനു മുമ്പുള്ള വിവാഹം അസാധുവാണു്. എന്നാൽ നാട്ടുനടപ്പു് ഇതിൽ കൂടുതൽ പ്രായം ആവശ്യപ്പെടുന്നുണ്ടെങ്കിൽ അതനുസരിച്ചു പ്രവർത്തിക്കുവാൻ ആത്മീയപാലകന്മാർ യുവതീയുവാക്കന്മാരെ പ്രേരിപ്പിക്കണം. എങ്കിലും ഇതു സാധുതയ്ക്കു ആവശ്യമില്ല.

### കാനോൻ 58.

### 2. അപ്രാപ്തി (Impotency)

സന്താനോല്പാദനത്തിനു ആവശ്യമായ സംയോഗം നടത്തുവാൻ പാടില്ലാത്തതും, ശാശ്വതവും വിവാഹത്തിനു മുമ്പേയുള്ളതും ആയ അവസ്ഥ വിവാഹത്തെ അസാധുവാക്കുന്നു. ഈ അവസ്ഥ പുരുഷനിലായാലും സ്ത്രീയിലായാലും മറ്റെ കക്ഷി

www.malankaralibrary.com

ക്ക ഇതേപ്പററി അറിവുണ്ടെങ്കിലും ഇല്ലെങ്കിലും വിവാഹത്തെ അസാധുവാക്കും. വേറൊരു പ്രത്യേക ആളെ മാത്രം സംബന്ധിച്ചോ (relative) വേറെ ആരെയെങ്കിലും സംബന്ധിച്ചോ (absolute) ഒരാളിൽ ഈ പ്രതിബന്ധം ഉണ്ടായാലും വിവാഹം അസാധുവാണ്.

ഈ അവസ്ഥ സംശയാസ്പദമാണെങ്കിൽ, വിവാഹം തടയേണ്ടതില്ല. എന്നാൽ വന്ധ്യത്വം (sterility) ഒരു പ്രതിബന്ധമല്ലാത്തതിനാൽ അതു വിവാഹത്തെ ന്യായവിരുദ്ധമോ അസാധുവോ ആക്കുകയില്ല.

## കാനോൻ 59.

### 3. മുൻ വിവാഹം (Marriage Bond)

മുൻ വിവാഹം നിലനില്ക്കുന്ന കാലത്തോളം പുനർവിവാഹം അസാധുവായിരിക്കും. മാമ്മോദീസാ സ്വീകരിക്കാത്തവർ നടത്തുന്ന വിവാഹം, അവരിൽ ഒരാൾ കത്തോലിക്കാ മതം സ്വീകരിച്ച ശേഷം, പിരിക്കുന്നതു സംബന്ധിച്ചു പന്നീടു പറയുന്നതാണ്. മുൻ വിവാഹബന്ധം നിലനിൽക്കുന്നില്ലെന്നു നിയമപ്രകാരവും നിശ്ചയമായും തെളിയുന്നതുവരെ പുനർ വിവാഹം നടത്തുവാൻ പാടില്ലാത്തതാകുന്നു.

## കാനോൻ 60, 61.

### 4. അക്രൈസ്തവത്വം (7) (Difference in worship)

മാമ്മോദീസാ സാധുവായി സ്വീകരിച്ചിട്ടുള്ളയാളും അതു സാധുവായി സ്വീകരിച്ചിട്ടില്ലാത്തയാളും തമ്മിലുള്ള വിവാഹം അസാധുവാകുന്നു.

എന്നാൽ വിവാഹം നടക്കുന്ന അവസരത്തിൽ മമ്മോദീസാ സാധുവാണെന്നു കരുതപ്പെട്ടുകയോ, മാമ്മോദീസായുടെ

(7) കത്തോലിക്കാ സഭയിലൊ, മററു ക്രൈസ്തവ വിഭാഗങ്ങളിലൊ പെട്ടവരെങ്കിലും സാധുവായ മാമ്മോദീസാ ലഭിച്ചിട്ടില്ലാത്തവരെല്ലാം "അക്രൈസ്തവത്വം" എന്ന ലക്ഷണമുള്ളവരാകുന്നു.

www.malankaralibrary.com

സാധുതയെപ്പററി സംശയമുണ്ടായിരുന്നിരിക്കയോ ചെയ്താൽ ഒരു കക്ഷി സാധുവായി മാമ്മോദീസാ സ്വീകരിച്ചിട്ടില്ലെന്നും മററെ കക്ഷി സാധുവായി മാമ്മോദീസാ സ്വീകരിച്ചിട്ടുണ്ടെന്നും തെളിയുന്നതുവരെ അവരുടെ വിവാഹം സാധുവായി പരിഗണിക്കപ്പെട്ടും. (Cf c. 3.)

അകത്തോലിക്കത്വം എന്ന പ്രതിബന്ധത്തെപ്പററി 50, 51, 52, 53, 54 എന്നീ കാനോനാകളിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ പ്രതിബന്ധം സംബന്ധിച്ചും പ്രവർത്തിക്കേണ്ടതാകുന്നു. (c. 61)

## കാനോൻ 62.

### 5. പട്ടം (Order)

ദിയക്കന്മാസാ മുതൽ മേലോട്ടുള്ള പട്ടങ്ങൾ വിവാഹത്തെ അസാധുവാക്കുന്നു. ഹെവ്പ്പദ്യക്കന്മാസാക്കും ഈ ശക്തി നൽകപ്പെട്ടുന്നു.

## കാനോൻ 63.

### 6. വ്രതം. (Vow)

സന്യാസസമൂഹങ്ങളിൽ ചെയ്യുന്ന വലിയ അഥവാ ആഘോഷപൂർവ്വമായ (major or solemn) വ്രതവും വിവാഹത്തെ അസാധുവാക്കുവാൻ തിരുസിംഹാസനം ശക്തി നൽകിയിട്ടുള്ള ചെറിയ അഥവാ സാമാന്യ (minor or simple) മായ ചാരിത്ര്യവ്രതവും വിവാഹത്തെ അസാധുവാക്കുന്ന പ്രതിബന്ധങ്ങളാകുന്നു.

## കാനോൻ 64.

### 7. ബലപ്രയോഗം (Abduction)

വിവാഹം കഴിക്കണമെന്ന ലാക്കോടെ ഒരു സ്ത്രീയെ ഒരു പുരുഷൻ ബലപ്രയോഗത്താൽ പിടിച്ചുകൊണ്ടുപോകുന്നപക്ഷം ആ പുരുഷൻെറ ശക്തിക്കു അവൾ അധീനയായിരിക്കുന്ന കാലത്തോളം അവർ തമ്മിൽ സാധുവായി വിവാഹം നടത്താവുന്നതല്ല. എന്നാൽ പുരുഷനിൽനിന്നു മാറി സുരക്ഷിതവും സ്വതന്ത്ര്യവുമായ ഒരു സ്ഥലത്തു അവൾ താമസിക്കുന്ന പ

www.malankaralibrary.com

ക്ഷം അവൾക്കു മനസ്സുണ്ടെങ്കിൽ ആ പുരുഷനെ സാധുവായി വിവാഹം ചെയ്യാവുന്നതാണ്.

ഇപ്രകാരം തന്നെ ഒരു സ്ത്രീ താമസിക്കുന്ന സ്ഥലത്തൊ, സ്വാതന്ത്ര്യമായി അവൾ സമീപിച്ചതായ വേറൊരു സ്ഥലത്തൊ ഒരു പുരുഷൻ വിവാഹം കഴിക്കണമെന്ന ലാക്കോടെ ബലപ്രയോഗത്താൽ അവളെ തടഞ്ഞു നിർത്തുന്നതായാലും മുകളിൽ പറഞ്ഞ പ്രതിബന്ധമുണ്ടാകുന്നതാകുന്നു.

## കാനോൻ 65.

### 8. അപരാധം. (Crime)

a. സാധുവായ വിവാഹബന്ധത്തിലിരിക്കുന്ന ദമ്പതിമാരിൽ ഒരാളും, ഈ ബന്ധത്തെപ്പററി അറിവുള്ള വേറൊരാളും തമ്മിൽ വ്യഭിചാരം ചെയ്യുകയും, തമ്മിൽ വിവാഹം ചെയ്തുകൊള്ളാമെന്നു ഇവർ പരസ്പര വാഗ്ദാനമൊ അഥവാ തമ്മിൽ (അസാധുവായ) വിവാഹമൊ (സിവിൽ വിവാഹമായാലും മതി) പ്രസ്തുത വിവാഹബന്ധം നിലവിലിരിക്കുന്ന സമയത്തു് നടത്തുകയും ചെയ്താൽ ഇവർ തമ്മിൽ പിന്നീടു സാധുവായി വിവാഹം ചെയ്യാവുന്നതല്ല. (8)

b. മേൽപ്പറഞ്ഞവർ മേൽപ്പറഞ്ഞവണ്ണം വ്യഭിചാരം ചെയ്യുകയും അവരിൽ ഒരാൾ പ്രസ്താവിത വിവാഹബന്ധത്തിലിരിക്കുന്ന മറേറ ദമ്പതിയെ കൊല്ലുകയും ചെയ്താൽ അവർ തമ്മിൽ സാധുവായി വിവാഹം ചെയ്യാവുന്നതല്ല.

c. മേൽപ്പറഞ്ഞവർ വ്യഭിചാരം ചെയ്തില്ലെങ്കിലും പരസ്പരം യോജിച്ചുകൊണ്ടു പ്രസ്താവിത വിവാഹബന്ധത്തിലിരിക്കുന്ന മറെറ ദമ്പതിക്കു ഏതെങ്കിലും വിധത്തിൽ ജീവാപായം

(8) പരസ്പര വാഗ്ദാനമൊ അസാധുവായ വിവാഹമൊ വ്യഭിചാരത്തിനു മുമ്പോ പിമ്പോ നടന്നാൽ മതി പ്രതിബന്ധമുണ്ടാകാൻ. Genicot, Theol. Mor. II. 1921 n. 497.

www.malankaralibrary.com

വരുത്തിയാലും ഇപ്പോൾ പറഞ്ഞ പ്രതിബന്ധം ഉണ്ടായിരിക്കുന്നതാണ്. (9)

## കാനോൻ 66.

### 9. രക്തബന്ധം (Consaguinity)

a. അപ്പൂപ്പൻ അമ്മൂമ്മ–വല്യപ്പൻ വല്യമ്മ–അപ്പൻ അമ്മ–മക്കൾ–മക്കളുടെ മക്കൾ–ഇങ്ങനെ മുകളിലേക്കോ അടിയിലേക്കോ നേരിട്ടു (direct line) രക്തബന്ധമുള്ളവർ തമ്മിൽ എത്ര തലമുറ (degree) കഴിഞ്ഞാലും സാധുവായി വിവാഹം നടത്തിക്കൂടാത്തതാകുന്നു. (10)

---

(9) a. b. c. എന്നീ ലക്കങ്ങളിൽ പറഞ്ഞിട്ടുള്ള കൃത്യങ്ങളിൽ ഒന്നിലധികം ഒരേസമയത്ത് ഒരേ ആളുകൾ നടത്തിയാൽ പ്രതിബന്ധത്തിന്റെ എണ്ണം വർദ്ധിക്കും. കൂടാതെയും a ലക്കപ്രകാരം രണ്ടുപേരും വിവാഹിതരും അവർ പരസ്പരം അതറിയുകയും ചെയ്താൽ പ്രതിബന്ധം രണ്ടുണ്ട്. b. ലക്കപ്രകാരം രണ്ടുപേരും വിവാഹിതരും അവർ പരസ്പരം അതറിയുകയും ചെയ്താൽ (പരസ്പര ആലോചനകൂടാതെ) മററെ ദമ്പതിമാരെ കൊല്ലുകയുംചെയ്താൽ പ്രതിബന്ധം രണ്ടുണ്ട്. c. ലക്കപ്രകാരം വിവാഹിതരായ രണ്ടുപേർ പരസ്പരം യോജിച്ചുകൊണ്ടു മററെ ദമ്പതിമാർക്കു ജീവാപായം വരുത്തിയാൽ പ്രതിബന്ധം രണ്ടുണ്ട്. Genicot, Theol. Mor. II. 1934 n. 500

(10)





www.malankaralibrary.com

b. ജ്യേഷ്ഠാനുജന്മാർ സഹോദരീസഹോദരന്മാർ സഹോദരിമാർ മക്കൾ മക്കളുടെ മക്കൾ അവരുടെ മക്കൾ ഇങ്ങനെ ഇരുവശങ്ങളിലായി (collateral line) രക്തബന്ധം ഉള്ളവർ തമ്മിൽ ആറു തലമുറ (degree) കഴിയാതെ സാധുവായ വിവാഹം പാടുള്ളതല്ല. (11)


ഇപ്പോൾ പറഞ്ഞവർ തമ്മിൽ ഒന്നിലധികം വഴിയ്ക്കു രക്ത ബന്ധമുണ്ടെങ്കിൽ (When the common stock is multiplied, അതായതു ഇവർക്കു പൊതുവായി വേറെവേറെ കാരണവന്മാരുണ്ടെങ്കിൽ) രക്തബന്ധത്തിന്റെ എണ്ണം അതനുസരിച്ചു വർദ്ധിക്കുന്നതാണു്. (12)

---

(11)




(12) ഉദാഹരണങ്ങൾ:— (Genicot Ibid n. 502)

1) 


A യുടെ മക്കളാണു് B യും C യും. C യിൽ നിന്നും D ജനിക്കുന്നു. B യും D യും തമ്മിൽ വിവാഹം നടക്കുന്നു. അവരുടെ സന്താനങ്ങളത്രെ E യും K യും. E യുടെ സന്താനമായ G യും K യും തമ്മിൽ A വഴിക്കും B വഴിക്കും രണ്ടു രക്തബന്ധമുണ്ടു്. അതായതു് G ക്കും K ക്കും വേറെവേറെയുള്ള രണ്ടു പൊതു കാരണവന്മാരാണു് A യും B യും.


www.malankaralibrary.com

a ലക്കപ്രകാരം (direct line) ഏതെങ്കിലും തലമുറയിലൊ b ലക്കപ്രകാരം (collateral line) രണ്ടാം തലമുറയിലൊ പെട്ടവരെന്നു സംശയിക്കപ്പെടുന്നവർ തമ്മിൽ രക്തബന്ധം പിരിച്ചുകൊണ്ടുള്ള വിവാഹം അനുവദിക്കുന്നതല്ല.)


രക്തബന്ധം എണ്ണുന്ന രീതി ഇങ്ങനെയാണ്:—

1) a ലക്കപ്രകാരമുള്ള (direct line) രക്തബന്ധത്തിൽ കാരണവരെക്കൂടാതെ എത്ര ആളുണ്ടോ അത്രയും തലമുറ (degree) യുണ്ട്. (13)

---

2) 


A യുടെ ആൺ മക്കളായ C യും D യും, B യുടെ പെൺ മക്കളായ E യേയും F നേയും യഥാക്രമം വിവാഹം കഴിക്കുന്നു. C യുടേയും E യുടേയും സന്താനം G യും, G യുടെ സന്താനം K യും ആണ്. D യുടെയും F ന്റെയും സന്താനം H–ം, H ന്റെ സന്താനം L–ം ആണ്. K യും L–ം A വഴിക്കും B വഴിക്കും രക്തബന്ധമുള്ളവരാകുന്നു. അതായത് K ക്കും L നും വേറെവേറെയുള്ള പൊതു കാരണവന്മാരാണ് A യും B യും.

3) 


A യുടെ പെൺമക്കളായ B യേയും C യേയും D മാറി മാറി വിവാഹം കഴിക്കുന്നു. B യിൽനിന്നു D ക്കു E യും, C യിൽനിന്നു D ക്കു F–ം ജനിക്കുന്നു. E യുടെ സന്താനം G യും, F ന്റെ സന്താനം H–ം ആണ്. A വഴിക്കും D വഴിക്കും D യുടെ സന്താനങ്ങൾക്കു രക്തബന്ധമുണ്ട്. A യും D യും വേറെ വേറെയുള്ള പൊതു കാരണവന്മാരാണ്.

(13) പിതാവും പുത്രനും ഒന്നാം തലമുറയിൽ പെടുന്നു. പൌത്രൻ രണ്ടാം തലമുറയിലാണ്....(കാരണവരായ പിതാവിനെ ഇവിടെ എണ്ണുന്നില്ല.

www.malankaralibrary.com

2) b ലക്കപ്രകാരമുള്ള (collateral line) രക്തബന്ധത്തിൽ കാരണവരെക്കൂടാതെ ഇരുവശത്തുംകൂടി എത്ര ആളുണ്ടോ അത്രയും തലമുറ (degree) യുണ്ട്. (14)

## കാനോൻ 67, 68.

### 10) ബന്ധുത്വം അഥവാ കെട്ടുബന്ധം (affinity)

സാധുവായ വിവാഹം നടക്കുന്ന ക്ഷണത്തിൽ ബന്ധുത്വം ഉത്ഭവിക്കുന്നു. ദമ്പതിമാരിൽ ഒരാളുടെ രക്തബന്ധത്തിൽ പെട്ടവർ അതേവഴിക്കും അതേതലമുറയിലും (in the same line - direct or collateral and in the same degree) മറ്റെ ആളുമായി ബന്ധുത്വമുള്ളവരായിത്തീരുന്നു.

ഈ ബന്ധുത്വം (affinitas ex digeneia) നിമിത്തം 9-ാം അക്കം a ലക്കത്തിൽപെട്ട (in the direct line) യാതൊരാളുമായി പ്രസ്തുത ബന്ധുത്വമുള്ള ദമ്പതിക്ക് (മറ്റെ ദമ്പതി മരിച്ചശേഷം) സാധുവായി വിവാഹം ചെയ്തുകൂടാ; 9-ാം അക്കം b ലക്കത്തിൽപെട്ടവരുമായി (in the collateral line) നാലാം തലമുറ കഴിഞ്ഞു മാത്രമേ സാധുവായ വിവാഹം പാടുള്ളു.

രക്തബന്ധത്തിന്റെ എണ്ണം ഒന്നിലധികമെങ്കിൽ, വിവാഹത്തിൽനിന്നുത്ഭവിക്കുന്ന ഈ ബന്ധുത്വവും ഒന്നിലധികമായിരിക്കും. അപ്രകാരം തന്നെ മരിച്ച ദമ്പതിയുടെ രക്തബന്ധുക്കളുമായി (അനുവാദത്തോടെ) ജീവിച്ചിരിക്കുന്ന ദമ്പതി പിന്നീട് നടത്തുന്ന വിവാഹമോ വിവാഹങ്ങളോ ഈ ബന്ധുത്വത്തിന്റെ എണ്ണം വർദ്ധിപ്പിക്കുന്നു. ഇപ്പോൾ പറ

---

(14) ജ്യേഷ്ഠാനുജന്മാർ, സഹോദരീസഹോദരന്മാർ, സഹോദരന്മാർ എന്നിവർ രണ്ടാം തലമുറക്കാരാണ്. ജ്യേഷ്ഠനും അനുജന്റെ മകനും മൂന്നാംതലമുറയിൽ പെടുന്നു. ജ്യേഷ്ഠാനുജന്മാരുടെയോ സഹോദരീസഹോദരന്മാരുടേയോ, സഹോദരിമാരുടെയോ മക്കൾ നാലാം തലമുറയിൽ പെടുന്നു.... (എല്ലാവരുടേയും പൊതുവായ കാരണവരെ ഇവിടെ എണ്ണുന്നില്ല.)

www.malankaralibrary.com

ത്ത തരം ബന്ധുത്വത്തിന്ന് digeneia (രണ്ടു വംശക്കാരിൽ നിന്നുള്ളതു്) പ്രകാരമുള്ള ബന്ധുത്വമെന്നു പേരു പറയുന്നു.

N. B. ഇപ്പോൾ പറഞ്ഞതരം ബന്ധുത്വം എല്ലാ റീത്തുകാർക്കും പൊതുവാണു്. ഇതു കൂടാതെ വേറെ തരത്തിലുള്ള ബന്ധുത്വങ്ങളും ചില റീത്തുകാർക്കുണ്ടു്. ഉദാഹരണം:—

1) പുരുഷന്റെ രക്തബന്ധുക്കളും സ്ത്രീയുടെ രക്തബന്ധുക്കളും തമ്മിൽ നാലു തലമുറയുൾപ്പെടെ വിവാഹത്തെ അസാധുവാക്കുന്ന ബന്ധുത്വം (affinitas ex digeneia c c 68§2;67§2 n. 2) ഇതും digeneia പ്രകാരമുള്ള ബന്ധുത്വമെന്നു വിളിക്കപ്പെടുന്നു.

2) a. രണ്ടാളുകൾ മാറിമാറി വേറൊരാളെ വിവാഹം ചെയ്യുന്ന പക്ഷം ഇയാൾക്കു് ഒന്നാമത്തെ വിവാഹത്തിൽ ബന്ധുത്വമുണ്ടായിരുന്നവരുമായി രണ്ടാമത്തു വിവാഹം ചെയ്യുന്ന ആൾക്കു് ബന്ധുത്വമുണ്ടാകുന്നു. (affinitas ex trigeneia) c. 58§3)

b. രക്തബന്ധമുള്ള രണ്ടാളെ വേറെ രണ്ടാൾ വിവാഹം ചെയ്യുമ്പോൾ ഇവർ തമ്മിലും ബന്ധുത്വമുണ്ടാകുന്നു. (affinitas ex trigeneia c. 68§3)

ഇവ രണ്ടും trigeneia പ്രകാരമുള്ള ബന്ധുത്വമെന്നു വിളിക്കപ്പെടുന്നു. (trigeneia–മൂന്നു വംശക്കാർ തമ്മിലുള്ളതു്.)

c. മുൻവിവാഹത്തിൽ digeneia പ്രകാരമുണ്ടായിരുന്ന ബന്ധുത്വം പുനർവിവാഹത്തിലെ പുതിയ ദമ്പതിക്കു trigeneia പ്രകാരമുണ്ടാകുന്നു.

Trigeneia പ്രകാരമുള്ള ബന്ധുത്വം മുകളിൽ കാണിച്ചിരിക്കുന്ന 9–ാം അക്കം a ലക്കത്തിൽപെട്ട (direct line) ഒന്നാം തലമുറക്കാരുമായുള്ള വിവാഹത്തെ മാത്രമേ അസാധുവാക്കുന്നുള്ളു.

ചില റീത്തുകാർക്കു മാത്രമുള്ള ഈ ബന്ധുത്വം എണ്ണുന്ന രീതി മുതലായവ സംബന്ധിച്ചു് c. 68–ൽ പ്രസ്താവിക്കുന്നു.

www.malankaralibrary.com

## കാനോൻ 69.

### 11) ഔചിത്യക്കേട് (Public Propriety)

അസാധുവായ വിവാഹം നിമിത്തവും വളരെ പരസ്യമായിട്ടോ (notorious) അല്ലെങ്കിൽ പുറമെ തെളിയിക്കത്തക്ക (public) വിധത്തിലോ വെപ്പാട്ടിയെ (concubine) വച്ചുകൊണ്ടിരിക്കുകനിമിത്തവും "ഔചിത്യക്കേട്" എന്ന പ്രതിബന്ധമുണ്ടാകുന്നു. പുരുഷനും സ്ത്രീയുടെ രക്തബന്ധുക്കളും തമ്മിലും, സ്ത്രീയും പുരുഷന്റെ രക്തബന്ധുക്കളും തമ്മിലും ആണ് ഈ പ്രതിബന്ധത്തിനു സ്ഥാനമുള്ളത്. 9-ാം അക്കം a ലക്കത്തിൽപെട്ട (direct line) ഒന്നും രണ്ടും തലമുറക്കാരുമായുമുള്ള വിവാഹം ഈ പ്രതിബന്ധം അസാധുവാക്കുന്നു. (15)

## കാനോൻ 70.

### 12) ആത്മീയബന്ധം. (Spiritual Relationship

മാമ്മോദീസായിൽ തലതൊടുന്ന ആൾക്ക് (ശുശ്രൂബീനൊ ആറോബൊ) മാമ്മോദീസാ സ്വീകരിക്കുന്ന ആളും, മാമ്മോദീസാ സ്വീകരിക്കുന്ന ആളിന്റെ മാതാപിതാക്കന്മാരുമായി ഉണ്ടാകുന്നതാണ് ആത്മീയബന്ധം. ഈ ബന്ധം വിവാഹത്തെ അസാധുവാക്കുന്നു.

ആദ്യമാമ്മോദീസാ സാധുവായോ എന്ന സംശയത്തോടെ രണ്ടാമതു മാമ്മോദീസാ നൽകുന്നതായാൽ രണ്ടിലും ഒരാൾതന്നെ തലതൊട്ടാൽ മാത്രമേ ഈ ബന്ധമുണ്ടാകയുള്ളു.

ഇതു കൂടാതെ വേറെ ആത്മീയ ബന്ധമൊന്നും മേലിൽ ഉണ്ടായിരിക്കുന്നതല്ല.

---

(15) അതായതു് പുരുഷനു സ്ത്രീയുടെ വല്യമ്മയേയും അമ്മയേയും മകളേയും മകളുടെ അഥവാ മകന്റെ മകളേയും, സ്ത്രീക്ക് പുരുഷന്റെ വല്യപ്പനേയും അപ്പനേയും മകനേയും മകന്റെ അഥവാ മകളുടെ മകനേയും സാധുവായി വിവാഹം ചെയ്യാവുതല്ല.

www.malankaralibrary.com

കാനോൻ 71

18) രാഷ്ട്രനിയമം (Civil law)

സംരക്ഷണസ്ഥാനമോ (tutela) ദത്തുവഴിയുള്ള ബന്ധമോ (legalis cognatio) വിവാഹത്തെ അസാധുവാക്കുന്നതായി രാഷ്ട്രം എവിടെയെങ്കിലും നിബന്ധന ചെയ്തിട്ടുണ്ടെങ്കിൽ അവിടെ ആ നിലയിൽ അതിനെ സഭ സ്വീകരിച്ചിരിക്കുന്നു.

## IV

# പ്രതിബന്ധങ്ങൾ നീക്കുന്നതു സംബന്ധിച്ച്.

## A

### വൈദികമേലദ്ധ്യക്ഷന്മാരുടെ അധികാരം.

വിവാഹത്തെ സംബന്ധിച്ച് ദൈവം സ്ഥാപിച്ചിരിക്കുന്ന പ്രതിബന്ധങ്ങൾ ആർക്കും തീർക്കാവുന്നതല്ല. ദൈവസ്ഥാപിതമല്ലെങ്കിലും ചില പ്രതിബന്ധങ്ങൾ തിരുസ്സഭ നീക്കിക്കൊടുക്കാറില്ല; ചിലവ നീക്കുവാൻ കാനോനികകാരണമുണ്ടെങ്കിൽ (16) വൈദികമേലദ്ധ്യക്ഷന്മാക്ക് (സ്വതവെ—ex potestate ordinaria) (16a)അധികാരമുണ്ട്. എന്നാൽ പ്ര

---

(16) അന്യസ്ഥലത്തേക്കു പോകുവാനുള്ള വലിയ പ്രയാസം, സ്ത്രീയുടെ പ്രായക്കൂടുതൽ, സ്ത്രീധനം സംബന്ധിച്ചുള്ള പ്രയാസങ്ങൾ, അവകാശക്രമം സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ, വിധവയുടെ ദാരിദ്ര്യം, സമാധാനപാലനം........ഇങ്ങനെയുള്ള പല കാരണങ്ങളും കാനോനികകാരണങ്ങളാണ്. എന്നാൽ അവയെപ്പറ്റി വേണ്ടവിധത്തിൽ അന്വേഷണം നടത്തി തൃപ്തി വരുത്തിയ ശേഷമേ ഒഴിവുകൊടുക്കുവാൻ പാടുള്ളു.
(cf Cappello, Tractatus Canonico-Moralis V. De Matrimonio 5th ed. nn. 259 sqq)

(16a) "സ്വതവേ"—ഉദ്യോഗത്തോടുകൂടി നിൽക്കുന്നത്; വേറൊരാൾ ഏല്പിച്ചതല്ലാത്തത്.

www.malankaralibrary.com

ത്യേകമേല്പിക്കാതെ, (ex mandato speciali) സുൻകെല്ലോസിനു (Syncellus=സുറിയാനി: സുൻകെല്ലോസ് - ഒരുമിച്ചു താമസിക്കുന്ന ആൾ അഥവാ സഹായകൻ = വികാരി ജനറാൾ) പ്രതിബന്ധം നീക്കുവാൻ അധികാരമില്ല.

## കാനോൻ 32. §§ 1–5
## (Mixta Religio)

1) അകത്തോലിക്കത്വം, (Mixta religio) തിരുസിംഹാസനം അംഗീകരിച്ചിട്ടുള്ള നിയമസംഹിതയുള്ള സന്യാസസമൂഹങ്ങളിൽ (Juris Pontificii) ചെയ്യുന്ന ചെറിയ അഥവാ സാമാന്യമായ (minor or simple) വ്രതം, ഇവയൊഴിച്ച് വിവാഹത്തെ ന്യായവിരുദ്ധമാക്കുന്ന ഏതു പ്രതിബന്ധവും(Prohibent impediments) നീക്കുവാൻ കാനോനികകാരണമുണ്ടെങ്കിൽവൈദികമേലദ്ധ്യക്ഷനു സ്വന്തം ഭരണീയരുടെ കാര്യത്തിൽ(സ്വതവേ) അധികാരമുണ്ട്. എന്നാൽ പാത്രിയക്കീസ് അംഗീകരിച്ചിട്ടുള്ള നിയമസംഹിതയുള്ള സന്യാസസമൂഹങ്ങളിൽ (Juris patriarchalis) ചെയ്യുന്ന പ്രസ്തുത വ്രതത്തിൽ നിന്ന് ഒഴിവു കൊടുക്കുവാൻ മററു വൈദികമേലദ്ധ്യക്ഷന്മാക്ക് അധികാരമില്ല.

2) കാനോനികകാരണമുണ്ടെങ്കിൽ, സ്വന്തം ഭരണീയരുടെ കാര്യത്തിൽ വിവാഹത്തെ അസാധുവാക്കുന്നവയായി താഴെ പറയുന്ന പ്രതിബന്ധങ്ങൾ നീക്കുവാൻ വൈദികമേലദ്ധ്യക്ഷന്മാക്ക് (സ്വതവെ) അധികാരമുണ്ട്.

a) 9–ാം അക്കം b ലക്കപ്രകാരമുള്ള, ജ്യേഷ്ഠാനുജന്മാരുടെ മക്കൾ, സഹോദരീസഹോദരന്മാരുടെ മക്കൾ, സഹോദരിമാരുടെ മക്കൾ, അവരുടെ മക്കൾ എന്നിങ്ങനെയുള്ള രക്തബന്ധം (consanguinity in the collateral line) അഞ്ചാമത്തേയും ആറാമത്തേയും തലമുറകളും,

b) ഇപ്പോൾ പറഞ്ഞ രക്തബന്ധപ്രകാരമുണ്ടാകുന്ന ബന്ധുത്വം (ex digeneia) നാലാം തലമുറയും, ചില റീത്തുകാക്ക് പ്രത്യേകമുള്ളതായ ബന്ധുത്വം (ex digeneia vel ex trigeneia) ഏതു തലമുറയും,

www.malankaralibrary.com

c) ഔചിത്യക്കേട്ട എന്നതിൽ നിന്നുള്ള പ്രതിബന്ധം രണ്ടാം തലമുറയും,

d) ആത്മീയബന്ധത്തിൽ നിന്നുള്ള പ്രതിബന്ധവും,

e) രാഷ്ട്രനിയമത്താലുള്ള പ്രതിബന്ധവും,

f) പാത്രിയാർക്കിക സംസ്ഥാനത്തിനു പുറത്തു (extra. Patriarchatus) വിവാഹത്തിന്റെ സാധുതയ്ക്കു ആവശ്യമായ പ്രായത്തിൽ നിന്നു രണ്ടുകൊല്ലത്തിൽ കവിയാതെയും.

ഇതും ഇതിലധികവും അധികാരം സ്വന്തം ഭരണീയരെ സംബന്ധിച്ചിടത്തോളം സ്വന്തം അധികാരാത്തിക്കകത്തും പുറത്തും, സ്വന്തം ഭരണീയരല്ലെങ്കിലും സ്വന്തം റീത്തുകാരെ സംബന്ധിച്ച് അവർ സ്വന്തം അധികാരാതിർത്തിക്കകത്തായിരിക്കയാലും പാത്രിയർക്കീസിനു പ്രയോഗിക്കാവുന്നതാണ്. (C. 32 2-3.)

ഇതുവരെ പറഞ്ഞവയൊഴിച്ചുള്ള പ്രതിബന്ധങ്ങൾ നീക്കുവാൻ തിരുസിംഹാസനത്തിനു മാത്രമേ അധികാരമുള്ളു. (C. 32 g. 4)

എന്നാൽ പ്രത്യേക നിയമങ്ങൾ നിമിത്തമോ പ്രത്യേക വ്യവസ്ഥകൾ പ്രകാരമോ പാത്രിയർക്കീസുമാർക്കും മററു വൈദികമേലദ്ധ്യക്ഷന്മാർക്കും കൂടുതലധികാരങ്ങൾ ഉണ്ടാകാവുന്നതാണ്. (ex privilegio vel jure particulari) സുൻഹെദോസിനാകട്ടെ പ്രത്യേകം ഏല്പിക്കപ്പെടാത്ത പക്ഷം ഈ വിഷയത്തിൽ യാതൊരധികാരവുമില്ലെന്നു മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

സ്ത്രീപുരുഷന്മാർ ഒരേ റീത്തിലും ആ റീത്തിൽപെട്ട രണ്ടു ഏപ്പാർക്കിയാ (Eparchia-സുറിയാനി: ഏപ്പാർക്കിയാ അഥവാ ഹെവുപ്പാറിക്കിയാ=രൂപത, അതിരൂപത ആദിയായവ)യിലും പെട്ടവരാണെങ്കിൽ പുരുഷന്റെ വൈദികമേലദ്ധ്യക്ഷനാണ് പ്രതിബന്ധം നീക്കിക്കൊടുക്കേണ്ടതു്. അവർ രണ്ടു റീത്തിൽ പെട്ടവരാണെങ്കിലും പുരുഷന്റെ വൈദികമേലദ്ധ്യക്ഷൻ തന്നെ ഇതു ചെയ്യണം. എന്നാൽ പുരുഷൻ കത്തോലിക്കനല്ലെങ്കിൽ സ്ത്രീയുടെ വൈദികമേലദ്ധ്യക്ഷൻ ഈ അധികാരം പ്രയോഗിക്കേണ്ടതാകുന്നു.

www.malankaralibrary.com

ഇപ്പോൾ പറഞ്ഞ അധികാരങ്ങൾക്കു പുറമെ ചില അടിയന്തിരാധികാരങ്ങൾ അനുവദിച്ചിട്ടുണ്ട്.

## B

### അടിയന്തിരാധികാരങ്ങൾ.

### കാനോൻ 33, 34.

a) കശീശാപ്പട്ടം, മുൻ വിവാഹത്തിൽ സംയോഗം നടത്തീട്ടുള്ള പക്ഷം (17) ആ വിവാഹം നിമിത്തം III. B. 9–ാം അക്കം a ലക്കപ്രകാരമുണ്ടായിട്ടുള്ള ഏതെങ്കിലും തലമുറയിലുള്ള ബന്ധുത്വം (affinity in the direct line when the matrimony has been consummated) എന്നിവയൊഴിച്ച് തിരുസഭ ഏർപ്പെടുത്തിയിരിക്കുന്ന രഹസ്യമോ പരസ്യമോ ആയ എല്ലാ പ്രതിബന്ധങ്ങളിൽ നിന്നും (അവ ഓരോന്നും ഒന്നിലധികം കാരണങ്ങളാൽ ഉണ്ടായിട്ടുള്ളതാണെങ്കിലും), അപ്രകാരം തന്നെ വിവാഹോടമ്പടി സാധുവാകാൻ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥ (forma)യിൽ നിന്നും ഒഴിവു കൊടുക്കുവാൻ 1) വൈദിക മേലദ്ധ്യക്ഷനും, 2) വൈദിക മേലദ്ധ്യക്ഷനെ കമ്പിവഴിയോ 'ഫോൺ'വഴിയോ അല്ലാതെ സമീപിക്കുവാൻ സാദ്ധ്യമാകാതെ വരുമ്പോൾ, വികാരി, അസിസ്റ്റൻറു വികാരി, രണ്ടു സാക്ഷികളുടെ മാത്രം മുമ്പിൽ വച്ച് നടത്തുന്ന വിവാഹത്തിൽ സംബന്ധിക്കുന്ന (c. 89 n. 2) പട്ടക്കാരൻ എന്നിവക്കും, കുമ്പസാരത്തോടുകൂടി കുമ്പസാരിപ്പിക്കുന്ന പട്ടക്കാരനും, മരണവേളയിൽ അധികാരമുള്ളതാകുന്നു. കുമ്പസാരത്തിൽ കൊടുക്കുന്ന ഒഴിവു എന്നും രഹസ്യമായിരിക്കേണ്ടതാ

---

(17) The Clergy Review, May 1949, Affinity in the Direct Line, pp. 342, 343. മുൻ വിവാഹത്തിൽ നടന്ന സംയോഗമല്ല, വിവാഹത്തെ അസാധുവാക്കുന്നതായി ഇവിടെ പറയുന്ന ബന്ധുത്വമുള്ള ആളുമായി നടന്ന സംയോഗമാണ് ഉദ്ദേശിക്കപ്പെടുന്നത് എന്നു പറയുന്നവരുമുണ്ട്. (Augustine V p' 100, 101)

www.malankaralibrary.com

ണ്; തന്നിമിത്തം നിയമദ്രഷ്ടാവു അതിനു ബാഹ്യമായി യാതൊരു ശക്തിയുമുണ്ടായിരിക്കുന്നതല്ല. അകത്തോലിക്ക മതാവലംബിയോ അക്രൈസ്തവ മതാവലംബിയോ ആയിട്ടുള്ള വിവാഹമാണെങ്കിൽ അപ്രകാരമുള്ള വിവാഹങ്ങളിൽ ദമ്പതിമാരെക്കൊണ്ടു ചെയ്യിക്കേണ്ട വാഗ്ദാനങ്ങൾ ചെയ്യിച്ച ശേഷമേ ഈ ഒഴിവു കൊടുക്കുവാൻ പാടുള്ളു. സ്വന്തം അധികാരത്തിൽ പെട്ടവർക്കാണെങ്കിൽ അവർ എവിടെയായിരുന്നാലും ഈ ഒഴിവു കൊടുക്കാവുന്നതാണ്. സ്വന്തം അധികാരത്തിൽ പെടാത്തവർക്കാകട്ടെ അവർ സ്വന്തം അധികാരാതിർത്തിയ്ക്കകത്താണെങ്കിൽ മാത്രമേ ഈ ഒഴിവു കൊടുക്കാവൂ. എന്നാൽ എല്ലാത്തിലും ഇടർച്ച നീക്കിക്കൊണ്ടു മാത്രം ഇങ്ങനെ പ്രവർത്തിക്കേണ്ടതാണ്. ഇങ്ങനെ ഒഴിവു കൊടുക്കുവാനുള്ള കാരണങ്ങൾ രണ്ടാണ്—1) കക്ഷികളുടെ മനഃസാക്ഷിയെ സമാധാനപ്പെടുത്തുന്നതിനു; 2) സംഗതമെങ്കിൽ (Si casus ferat cf. f. i. c. 41) സന്താനങ്ങളുടെ നയ്യാമികാവശതകൾ പരിഹരിക്കുന്നതിനു (legitimize).

## കാനോൻ 35.

b) വിവാഹത്തിനുള്ള ഒരുക്കങ്ങളെല്ലാം നടന്നുകഴിഞ്ഞ ശേഷമാണ് ഇപ്പോൾ പറഞ്ഞ പ്രതിബന്ധങ്ങൾ അറിയപ്പെടുകയോ അറിയപ്പെട്ടിരുന്നെങ്കിലും (വൈദികമേലദ്ധ്യക്ഷൻെറയോ വികാരിയുടേയോ) ശ്രദ്ധയിൽ കൊണ്ടുവരപ്പെടുകയോ ചെയ്യുന്നതെങ്കിൽ, തിരുസിംഹാസനത്തിൽ നിന്നു (പാത്രിയർക്കീസിനു അധികാരമുള്ള വിഷയത്തിൽ പാത്രിയർക്കീസിൽ നിന്നു) അനുമതി വരുത്തുന്നതുവരെ വിവാഹം താമസിപ്പിച്ചാൽ വലിയ തിന്മയ്ക്കു അവസരമുണ്ടായേക്കുമെന്നു കാണുന്ന പക്ഷം, മേൽപറഞ്ഞ നിബന്ധനകളനുസരിച്ചുകൊണ്ടു അവയിൽ (17 b) നിന്നു ഒഴിവുകൊടുക്കുവാൻ സ്ഥലത്തെ വൈദികമേലദ്ധ്യക്ഷനു അധികാരമുള്ളതാകുന്നു.

---

(17b) ഇപ്പോൾ പറഞ്ഞ പ്രതിബന്ധങ്ങളിൽ നിന്നു മാത്രം; വിവാഹോടമ്പടി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥ (forma)യിൽ നിന്നല്ല.

www.malankaralibrary.com

താമസിച്ചാൽ മേൽപറഞ്ഞ തിന്മയുണ്ടാകുമെന്നു കാണുകയും തിരുസിംഹാസനത്തെ (പാത്രിയക്കീസിനധികാരമുള്ള വിഷയത്തിൽ പാത്രിയക്കീസിനെ) സമീപിക്കാൻ സമയമില്ലാതിരിക്കയും ചെയ്താൽ, പ്രസ്തുത പ്രതിബന്ധങ്ങൾ നിമിത്തം അസാധുവായിതീർന്നിട്ടുള്ള വിവാഹം (നിശ്ചിതരീതിയിൽ) സാധുവാക്കേണ്ട (convalidate) കാര്യത്തിലും വൈദികമേലദ്ധ്യക്ഷനു ഈ അധികാരം പ്രയോഗിക്കാവുന്നതാണ്.

മേൽ ലക്കത്തിൽ (a) പറഞ്ഞതുപോലെ വൈദികമേലദ്ധ്യക്ഷനെ സമീപിക്കുക സാദ്ധ്യമല്ലാതെ വരുമ്പോഴും, സാദ്ധ്യമാണെങ്കിൽ തന്നെയും രഹസ്യം പുറത്താകുമെങ്കിൽ അപ്പോഴും മേൽ ലക്കത്തിൽ പറഞ്ഞിരിക്കുന്ന വൈദികർക്കു പ്രസ്തുത പ്രതിബന്ധങ്ങളിൽ നിന്നു അതേ സാഹചര്യങ്ങളിൽ ഒഴിവു കൊടുക്കാവുന്നതാണ്. എന്നാൽ സംഗതി രഹസ്യമാണെങ്കിൽ മാത്രമേ (17 c) ഇങ്ങനെ ചെയ്യുവാൻ പാടുള്ളൂ. മേൽ ലക്കത്തിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിച്ചുകൊള്ളേണ്ടതുമാണ്. കുമ്പസാരിപ്പിക്കുന്ന പട്ടക്കാരൻ കുമ്പസാരത്തോടുകൂടി കൊടുക്കുന്ന ഒഴിവിനെ സംബന്ധിച്ച മേൽ പ്രസ്താവിച്ചവ ശ്രദ്ധയിൽ ഇരിക്കയും വേണം.

തിരുസിംഹാസനത്തേയോ, തിരുസിംഹാസനത്തിൽ നിന്നു അധികാരം പ്രാപിച്ചിട്ടുള്ള പ്രതിപുരുഷനേയോ സമീപിക്കുക പ്രയാസമായി വരുമ്പോൾ, താമസിച്ചാൽ വലിയ നഷ്ടമുണ്ടാകുന്ന ഘട്ടത്തിൽ (Periculam gravis damni) വിവാഹോടമ്പടി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥ (forma) യിൽ നിന്നും, തിരുസിംഹാസനം ഒഴിവു കൊടുക്കാറുള്ളവയും തിരുസഭ ഏർപ്പെടുത്തിയിട്ടുള്ളവയും ആയ പ്രതിബന്ധങ്ങളിൽ നിന്നും ഒഴിവു കൊടുക്കുവാൻ വൈദികമേലദ്ധ്യക്ഷന്മാർക്കുള്ള അധികാരം ഈ ലക്കത്തിന്റെ (b) ആരംഭ

---

(17c) Sed solum si casus natura sua vel tantum facto sit occultus. സംഗതി ഒന്നുകിൽ പ്രകൃത്യാതന്നെ രഹസ്യമായിരിക്കാം; അല്ലെങ്കിൽ അതുവരെ പരസ്യമായിട്ടില്ല എന്ന അർത്ഥത്തിൽ രഹസ്യമായിരിക്കാം. എങ്ങനെയായാലും മതി.

www.malankaralibrary.com

ത്തിൽ പറഞ്ഞ അടിയന്തിരാധികാരത്താൽ എടുത്തുകളയപ്പെടുന്നില്ല.

## കാനോൻ. 36.

കുമ്പസാരത്തോടുകൂടിയോ കുമ്പസാരത്തോടുകൂടിയല്ലെങ്കിലും രഹസ്യത്തിലല്ലാതെ (foro externo) വികാരിയോ അസിസ്റ്റൻറു വികാരിയോ സാക്ഷികളുടെ മാത്രം മുമ്പിൽവച്ചുനടത്തുന്ന വിവാഹത്തിൽ സംബന്ധിക്കുന്ന പട്ടക്കാരനോ മേൽപറഞ്ഞ ഒഴിവു കൊടുക്കുന്നതായാൽ വിവരം ഉടനെ വൈദികമേലദ്ധ്യക്ഷനെ അറിയിക്കുന്നതിനും പുറമെ വിവാഹരജിസ്റ്ററിൽ എഴുതിച്ചേർക്കുകയും വേണം.

## കാനോൻ. 37.

കുമ്പസാരത്തോടു കൂടിയല്ലെങ്കിലും രഹസ്യത്തിൽ രഹസ്യ പ്രതിബന്ധം നീക്കുന്നതു സംബന്ധിച്ചുള്ള വിവരം സാക്രപെനിത്തെൻസിയാരിയ എന്ന റോമൻ കച്ചേരിയോ പാത്രിയർക്കീസോ സ്ഥലത്തെ വൈദികമേലദ്ധ്യക്ഷനോ കല്പനയിൽ മററു വിധത്തിൽ കാണിച്ചിട്ടില്ലെങ്കിൽ ഗുപ്തർക്കിയ കച്ചേരിയിൽ രഹസ്യപൂട്ടിൽ സൂക്ഷിക്കേണ്ട പുസ്തകത്തിൽ ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തി വയ്ക്കണം. രഹസ്യമായ ആ പ്രതിബന്ധം പിന്നീടു പരസ്യമായാൽ അതു സംബന്ധിച്ചു പിന്നീടു പരസ്യമായി ഒഴിവുവാങ്ങേണ്ട ആവശ്യമില്ല. എന്നാൽ കുമ്പസാരത്തോടു കൂടിയാണ് പ്രതിബന്ധം നീക്കപ്പെടുന്നതെങ്കിൽ പ്രതിബന്ധം പിന്നീടു പരസ്യമാകുന്ന പക്ഷം പരസ്യമായി ഒഴിവു വാങ്ങേണ്ടതാകുന്നു.

## C

## അധികാരപ്രയോഗം.

പ്രതിബന്ധങ്ങൾ നീക്കുവാൻ (സ്വതവെ) അധികാരമുള്ളവർക്ക് മറിച്ചു നിയമമില്ലെങ്കിൽ, ആ അധികാരം അന്യരെ ഏല്പിക്കാവുന്നതാണ്. പൊതുവിലും പ്രത്യേകിച്ചും എന്നിങ്ങനെ രണ്ടു വിധത്തിൽ അന്യരെ ഈ അധികാരം ഏല്പിച്ചു വ

www.malankaralibrary.com

രുന്നു. "ഇന്ന അപേക്ഷകനു്" "ഇത്ര പ്രാവശ്യത്തേക്കു" എന്നിപ്രകാരം തിരിച്ചു പറയാതെ ഏതെങ്കിലുമൊരു പ്രതിബന്ധമോ പ്രതിബന്ധങ്ങളോ ഏതപേക്ഷകന്റെ കാൎയ്യത്തിലും എത്ര പ്രാവശ്യമെങ്കിലും നീക്കുവാൻ അധികാരം കൊടുക്കുന്ന പക്ഷം ആ അധികാരം "പൊതുവിൽ ഏല്പിച്ചിട്ടുള്ളതു്" എന്നു പറയപ്പെടുന്നു. "ഇന്ന അപേക്ഷകനു്" "ഇത്ര പ്രാവശ്യത്തേക്കു്" എന്നിപ്രകാരം പറഞ്ഞുകൊണ്ടു് ഏല്പിക്കുന്ന അധികാരം "പ്രത്യേകം ഏല്പിച്ചിട്ടുള്ളതു്" എന്നു പറയപ്പെടുന്നു.

പ്രതിബന്ധങ്ങളിൽ നിന്നു ഒഴിവു ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ തിരുസിംഹാസനത്തേയോ സ്വന്തം വൈദികമേലദ്ധ്യക്ഷനേയോ അധികാരം ലഭിച്ചിട്ടുള്ള വേറെ ആളേയോ സമീപിക്കണം. വികാരി വഴിക്കും അപേക്ഷ സമൎപ്പിക്കാവുന്നതാണു്. തനിക്കധികാരമില്ലാത്ത സംഗതികൾ സംബന്ധിച്ചുള്ള അപേക്ഷ വൈദികമേലദ്ധ്യക്ഷൻ മേലധികാര സ്ഥാനത്തേയ്ക്കു അയയ്ക്കുന്നതായിരിക്കും. അപേക്ഷകൎക്കു മേലധികാര സ്ഥാനത്തെ നേരിട്ടു സമീപിക്കുവാനും പാടില്ലാതില്ല.

നീക്കേണ്ട പ്രതിബന്ധങ്ങൾ ഏതു തരത്തിൽ പെട്ടവയാണു്, ഓരോതരത്തിലും എത്ര എത്ര വീതമുണ്ടു്, ഓരോന്നിന്റേയും സ്വഭാവമെങ്ങനെ ഇത്യാദി സംഗതികൾ ഒഴിവു ചോദിക്കുവാനുള്ള കാരണത്തോടുകൂടി അപേക്ഷയിൽ വിശദമായി കാണിച്ചിരിക്കണം.

## കാനോൻ 32. § 6.

പ്രതിബന്ധം തീൎക്കുവാൻ (സ്വതവെ) അധികാരമുള്ള ആൾ ആ അധികാരം വേറൊരാൾക്കു പൊതുവിൽ ഏല്പിച്ചു കൊടുക്കുന്ന പക്ഷം, ഈ ആൾക്കു് മൂന്നാമതൊരാളെ അധികാരം ഏല്പിക്കണമെന്നായിരുന്നാൽ ഓരോ പ്രാവശ്യവും അതിലേയ്ക്കു തിരിച്ചു അനുവാദം ലഭിച്ചിരിക്കണം.

## കാനോൻ. 38.

അപേക്ഷ തിരുസിംഹാസനത്തിങ്കലേയ്ക്കു അയച്ചു പോയാൽ തനിക്കു വല്ല അധികാരമുണ്ടെങ്കിൽ ആ അധികാരം

www.malankaralibrary.com

സ്ഥലത്തെ വൈദികമേലദ്ധ്യക്ഷൻ പ്രയോഗിക്കേണ്ടതല്ല. എങ്കിലും ഗൌരവാവഹവും അത്യന്താപേക്ഷിതവുമായ കാരണമുണ്ടെങ്കിൽ തനിക്കുള്ള അധികാരം അദ്ദേഹത്തിനു പ്രയോഗിക്കാവുന്നതാണ്. എന്നാൽ വിവരം ഉടനെ തിരുസിംഹാസനത്തെ ബോധിപ്പിക്കേണ്ടതാകുന്നു.

പാത്രിയർക്കീസിന്റെ പക്കലേക്കയക്കുന്ന അപേക്ഷ സംബന്ധിച്ചും പാത്രിയർക്കീസിന്റെ കീഴുള്ള വൈദികമേലദ്ധ്യക്ഷന്മാർ ഇങ്ങനെ ചെയ്യേണ്ടതാകുന്നു.

## കാനോൻ. 39.

ഏതെങ്കിലും പ്രതിബന്ധം നീക്കുവാൻ മേലിൽ നിന്നു പൊതുവിൽ ഏല്പിച്ചിട്ടുള്ള അധികാരം പ്രയോഗിച്ചുകൊണ്ടു മേലിൽ നിന്നുള്ള കല്പനയിൽ മറിച്ചു പറയാത്ത പക്ഷം ആ പ്രതിബന്ധം ഒരാളിൽ ഒന്നിലധികം കാരണങ്ങളാൽ ഉണ്ടായിട്ടുള്ളതാണെങ്കിലും (multiple) എല്ലാം നീക്കാവുന്നതാണ്. വിവാഹം നടക്കുന്നതിനു മുമ്പും നടന്നശേഷവും ഇങ്ങനെ ചെയ്യാം.

വിവാഹത്തെ അസാദ്ധ്യമോ ന്യായവിരുദ്ധമോ ആക്കുന്നവയും പലതരത്തിൽ പെട്ടവയുമായ ഒന്നിലധികം പ്രതിബന്ധങ്ങൾ നീക്കുവാൻ മേലിൽനിന്നു പൊതുവിൽ ഏല്പിച്ചിട്ടുള്ള അധികാരമുണ്ടെങ്കിൽ ആ പ്രതിബന്ധങ്ങൾ രഹസ്യങ്ങളൊ പരസ്യങ്ങളോ ആയാലും ഒരാളെത്തന്നെ സംബന്ധിക്കുന്നവയായാലും അവ നീക്കി കൊടുക്കാവുന്നതാണ്.

## കാനോൻ. 40.

മേലിൽ നിന്നു ഏല്പിച്ചിട്ടുള്ള അധികാരത്താൽ നീക്കാവുന്ന പരസ്യ പ്രതിബന്ധവും അഥവാ പരസ്യ പ്രതിബന്ധങ്ങളും, നീക്കുവാൻ അധികാരമില്ലാത്ത ഏതെങ്കിലും പ്രതിബന്ധവും കൂടി ഒരുമിച്ചു പ്രത്യക്ഷമാകുന്നപക്ഷം അധികാരമുള്ള മേലധികാരിയെ എല്ലാ വിവരവും ബോധിപ്പിക്കണം. എന്നാൽ നീക്കുവാനധികാരമില്ലാത്ത പ്രതിബന്ധം തീർക്കുന്നതിലേയ്ക്കു

www.malankaralibrary.com

മേലധികാരിയിൽ നിന്നും അനുമതി വരുത്തിയശേഷമാണ് നീക്കുവാനധികാരമുള്ള പ്രതിബന്ധം അഥവാ പ്രതിബന്ധങ്ങൾ പ്രത്യക്ഷമാകുന്നതെങ്കിൽ നീക്കുവാനധികാരമുള്ളവയെ അപ്പോൾ നീക്കാവുന്നതാണ്, അല്ലാത്തപക്ഷം പാടില്ല.

## കാനോൻ 41.

സ്വാതന്ത്ര്യമുള്ളതോ മേലിൽനിന്നു ഏതെങ്കിലും പ്രത്യേകകാര്യത്തിലല്ലാതെ പൊതുവിൽ ഏല്പിച്ചിട്ടുള്ളതോ ആയ അധികാരം പ്രയോഗിച്ചുകൊണ്ടു് വിവാഹത്തെ അസാധുവാക്കുന്ന ഏതെങ്കിലും പ്രതിബന്ധം നീക്കുന്നതായാൽ സാധുവായ വിവാഹബന്ധത്തിലല്ലാതെ അതിനുമുമ്പ് പിറക്കുകയോ ഉത്ഭവിക്കുകയോ ചെയ്തിട്ടുള്ള സന്താനങ്ങളുടെ നയ്യാമികാവശതകൾ അതോടെ പരിഹരിക്കപ്പെടുന്നു. എന്നാൽ വ്രതം, പട്ടം എന്നീ പ്രതിബന്ധങ്ങളാണ് നീക്കപ്പെടുന്നതെങ്കിൽ പ്രസ്തുത സന്താനങ്ങളുടെ നയ്യാമികാവശതകൾ പരിഹരിക്കപ്പെടുകയില്ല. അപ്രകാരം തന്നെ വൈവാഹിക വിശ്വസ്തതയ്ക്കു ഭംഗം വരുത്തിക്കൊണ്ടു ഉല്പാദിപ്പിച്ചിട്ടുള്ള സന്താനങ്ങൾക്കും ഈ അനുകൂല്യം ലഭിക്കുന്നതല്ല.

## കാനോൻ 42.

രക്തബന്ധം ബന്ധുത്വം എന്നീ പ്രതിബന്ധങ്ങൾ നീക്കിക്കിട്ടുവാനുള്ള അപേക്ഷയിലോ, അവ നീക്കുന്നതായി നൽകപ്പെടുന്ന കല്പനയിലോ യഥാർത്ഥത്തിലുള്ള പ്രതിബന്ധത്തെക്കാൾ ഘനം കൂടിയ ഒന്നിനെപ്പററിയാണ് പ്രസ്താവിച്ചിരിക്കുന്നതെങ്കിൽ (ഉദാ: ആറാം തലമുറ എന്നതിനുപകരം അഞ്ചാം തലമുറ എന്നായിപ്പോയാൽ) യഥാർത്ഥ പ്രതിബന്ധം കല്പനയുടെ ശക്തിയാൽ നീക്കപ്പെട്ടിരിക്കും. അപ്രകാരംതന്നെ ഒരേതരത്തിലുള്ള പ്രതിബന്ധം ഒരേ തലമുറയിലോ ഘനം കുറഞ്ഞ വേറെ തലമുറയിലോ ആയി ഒന്നിലധികമുണ്ടായിരിക്കയും, ആ വസ്തുത അപേക്ഷയിലോ കല്പനയിലോ വിട്ടുപോകയും ചെയ്താൽ കല്പനയുടെ ശക്തിയാൽ അവയും നീക്കപ്പെട്ടിരിക്കും.

www.malankaralibrary.com

## കാനോൻ 43.

സംയോഗം നടക്കാത്ത "അംഗീകൃതവിവാഹം" (ratum) തിരുസിംഹാസനത്തിൽനിന്നു വിരിച്ചുകഴിയുമ്പോഴും, ദമ്പതിമാരിൽ ഒരാൾ മരിച്ചു എന്നുള്ള സങ്കല്പത്തിൽ പുനർവിവാഹത്തിനു തിരുസിംഹാസനമോ, അധികാരമുള്ള മററാളുകളോ അനുമതി നൽകുമ്പോഴും അതോടെ "അപരാധം" എന്നതിൻെറ ഒന്നാം ലക്കപ്രകാരമുള്ള പ്രതിബന്ധം (അതുണ്ടായിരുന്നാൽ) നീക്കപ്പെടുന്നു.

## കാനോൻ 44. 31.

ചെറിയ പ്രതിബന്ധങ്ങൾ (minor impediments) നീക്കികിട്ടുവാനുള്ള അപേക്ഷയിൽ കാണിച്ചിരിക്കുന്ന കാരണം വാസ്തവമല്ലാതെ വന്നാലും കല്പന അനുകൂലമെങ്കിൽ അവ നീക്കപ്പെട്ടിരിക്കും. (c. 44.)

ജ്യേഷ്ഠാനുജന്മാരുടെ മക്കൾ, സഹോദരീസഹോദരന്മാരുടെ മക്കൾ, സഹോദരിമാരുടെ മക്കൾ അവരുടെ മക്കൾ ഇങ്ങനെയുള്ള രക്തബന്ധം (consanguinity in the collateral line) ആറാം തലമുറയും ഈ രക്തബന്ധപ്രകാരമുള്ള ബന്ധുത്വം നാലാം തലമുറയും, ചില റീത്തുകാർക്കു പ്രത്യേകമുള്ള ബന്ധുത്വം ഏഴു തലമുറയും, ഔചിത്യക്കേട്ട രണ്ടാം തലമുറയും, ആത്മീയബന്ധവും, രാഷ്ട്രനിയമത്താൽ വിവാഹത്തെ അസാധുവാക്കുന്ന പ്രതിബന്ധവും, അപരാധം ഒന്നാം ലക്കത്തിലെ പ്രതിബന്ധവും "ചെറിയ പ്രതിബന്ധങ്ങൾ" (minor impediments) എന്നും, വിവാഹത്തെ അസാധുവാക്കുന്ന ശേഷം പ്രതിബന്ധങ്ങൾ "വലിയ പ്രതിബന്ധങ്ങൾ" (major impediments) എന്നും അറിയപ്പെടുന്നു. (c. 31)

## കാനോൻ 45.

പരസ്യ പ്രതിബന്ധങ്ങളിൽനിന്ന് ഒഴിവു കൊടുക്കുന്ന കല്പന നടപ്പിലാക്കേണ്ടതു് അതിനുള്ള അപേക്ഷ സാക്ഷ്യപ്പെടുത്തുകയോ, ആ അപേക്ഷ തിരുസിംഹാസനത്തിലേക്കു്

www.malankaralibrary.com

(പാത്രിയർക്കീസിൻെറ പക്കലേക്കോ) അയയ്ക്കുകയോ ചെയ്യു വൈദികമേലദ്ധ്യക്ഷനാകുന്നു. എന്നാൽ കല്പന നടപ്പിലാക്കേണ്ട സമയത്ത് സ്ത്രീപുരുഷന്മാർ തൻെറ ഏപ്പർക്കിയായിൽ (രൂപതയിൽ) അവർക്കുണ്ടായിരുന്ന സ്ഥിരതാമസമോ, താൽക്കാലികസ്ഥിരതാമസമോ ഉപേക്ഷിച്ചു തിരിച്ചുവരുവാൻ ഉദ്ദേശ്യമില്ലാത്ത വേറെ സ്ഥലത്തേക്കു പോയിരിക്കയാണെങ്കിൽ, വിവാഹം നടത്തുന്നതു ഏതു ഏപ്പർക്കിയായിൽ വച്ചോ ആ ഏപ്പർക്കിയായുടെ വൈദികമേലദ്ധ്യക്ഷനെ വിവരം ധരിപ്പിച്ചു കൊണ്ടു് പ്രസ്തുത വൈദികമേലദ്ധ്യക്ഷൻ കല്പന നടപ്പിലാക്കണം.

### കാനോൻ 46.

തിരുസിംഹാസനം തിരിച്ചനുവദിക്കയോ, അംഗീകൃതസ്ലനഹദോസുകൾ വിധിക്കയോ ചെയ്തിട്ടില്ലെങ്കിൽ, പ്രതിബന്ധം നീക്കിക്കിട്ടുവാൻ അപേക്ഷിക്കുന്നവരിൽനിന്നു് യാതൊരു പ്രതിഫലവും ഈടാക്കേണ്ടതല്ല. ഈടാക്കിയാൽ അതു തിരിച്ചു കൊടുത്തുകൊള്ളണം. എന്നാൽ അപേക്ഷ അനുവദിക്കുന്നതിലേക്കു ചെയ്യേണ്ടിവരുന്ന ചെലവ് അപേക്ഷകരിൽനിന്നു ഈടാക്കേണ്ടതാണ്. പക്ഷെ പാവപ്പെട്ടവരുടെ കാര്യത്തിൽ ഇതും ചെയ്യേണ്ടതല്ല.

### കാനോൻ 47.

പ്രതിബന്ധം നീക്കുവാൻ, മേലിൽ നിന്നു് ഏല്പിച്ചിട്ടുള്ള അധികാരമാണ് ഒരാൾ പ്രയോഗിക്കുന്നതെങ്കിൽ, ആരാണ് തന്നെ ആ അധികാരം ഏല്പിച്ചതെന്നും, തന്നെ ആ ആൾ ഏൽപ്പിച്ച അധികാരത്താൽ പ്രതിബന്ധം നീക്കുന്നു എന്നു തിരിച്ചുപറഞ്ഞുകൊണ്ടായിരിക്കണം പ്രതിബന്ധം നീക്കുന്നതു്.

## V

# വിവാഹസമ്മതം.

### കാനോൻ 72.

വിവാഹം സാധുവാകണമെങ്കിൽ അതിനെ അസാധുവാക്കുന്ന പ്രതിബന്ധമൊന്നുമില്ലാത്ത (habiles) സ്ത്രീ പുരുഷന്മാർ പരസ്പരം സമ്മതം നൽകേണ്ടതാകുന്നു. ഈ സമ്മതം നിയമ

www.malankaralibrary.com

പ്രകാരം വെളിപ്പെടുത്തേണ്ടതുമാണ്. ഈവിധമായ സമ്മതം നൽകാത്തപക്ഷം മാനുഷികമായ യാതൊന്നിനും ആ കുറവിനെ പരിഹരിക്കുവാൻ സാദ്ധ്യമല്ല.

പരസ്പരം നൽകുന്ന ഈ മനസ്സമ്മതംവഴി ഓരോ ദമ്പതിയും സ്വ ശരീരത്തിൽ മറെറ ദമ്പതിക്ക് അവകാശം കൊടുക്കുകയും മറെറ ദമ്പതിയുടെ ശരീരത്തിൽ അവകാശം ഏററു വാങ്ങുകയും ചെയ്യുന്നു. സന്താനോൽപാദനത്തിനു പ്രകൃത്യാതന്നെ പര്യാപ്തമായ പ്രവൃത്തിയെ സംബന്ധിച്ചുള്ളതും, ശാശ്വതവും അന്യാധീനമല്ലാത്തതും (perpetual and exclusive) ആകുന്നു ഈ അവകാശം.

## കാനോൻ 73.

സ്ത്രീപുരുഷന്മാർ തമ്മിൽ സ്ഥിരവും (permanent) സന്താനോൽപാദനത്തിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ ഒരു ബന്ധമത്രെ വിവാഹം എന്ന് കക്ഷികൾക്ക് അറിവുണ്ടായിരുന്നാൽ മാത്രമെ വിവാഹസമ്മതത്തിനു സ്ഥാനമുണ്ടാകയുള്ളു. സ്ത്രീക്കു പന്ത്രണ്ടും പുരുഷനു പതിന്നാലും വയസ്സ് (Puberty) കഴിഞ്ഞശേഷം ഈ അറിവ് അവർക്കുണ്ടെന്ന് നിയമദൃഷ്ട്യാ സങ്കല്പിക്കപ്പെടുന്നു.

## കാനോൻ 74.

ആൾമാറാട്ടം വിവാഹസമ്മതത്തെ അസാധുവാക്കുന്നു. ഒരാൾ ഒരു പ്രത്യേക ഗുണത്തെ മാത്രം ഉദ്ദേശിച്ച് ആ പ്രത്യേക ഗുണം മറേറ ആളിൽ ഉണ്ടെന്നു കരുതി ആ ആളിനെ വിവാഹം ചെയ്യുകയും, എന്നാൽ ആ ആളിൽ ആ ഗുണം ഇല്ലായിരുന്നു എന്നു കാണുകയും ചെയ്താൽ, വിവാഹസമ്മതം അസാധുവായിരിക്കും. സ്വാതന്ത്ര്യമനുഭവിക്കുന്ന ഒരാൾ യഥാർത്ഥമായ അടിമത്വത്തിൽ കഴിച്ചുകൂട്ടുന്ന വേറൊരാളെ, ഈ ആൾ സ്വാതന്ത്ര്യമനുഭവിക്കുന്ന ആളാണെന്നു തെററിദ്ധരിച്ച് വിവാഹം ചെയ്യുമ്പോഴും വിവാഹസമ്മതം അസാധുവാകും.

## കാനോൻ 75.

എന്നാൽ ബഹുഭാര്യാത്വമോ, ബഹുഭർത്തൃത്വമോ നിഷിദ്ധമല്ലെന്നോ, വിവാഹബന്ധം പിരിക്കപ്പെടാമെന്നോ, വിവാ

www.malankaralibrary.com

ഹം ഒരു ക്രൂദാശയല്ലെന്നോ ഉള്ള ധാരണയോടെ സമ്മതം നൽകുന്നതായാൽ ആ സമ്മതം സാധുവായിരിക്കും.

## കാനോൻ 76.

താൻ നടത്തുന്ന വിവാഹം ഏതെങ്കിലും കാരണത്താൽ അസാധുവാണെന്നുള്ള ധാരണയോ അഭിപ്രായമോ നിമിത്തം ഒരാൾക്കു വിവാഹസമ്മതം ഇല്ലെന്നു വരുന്നതല്ല.

## കാനോൻ 77.

വിവാഹാവസരത്തിൽ വാക്കാലോ ആംഗ്യത്താലോ ബാഹ്യമായി പ്രകടിപ്പിക്കുന്നസമ്മതം ആന്തരികസമ്മതത്തിൻെറ പ്രതിഫലനമായി സങ്കല്പിക്കപ്പെടുന്നു. എന്നാൽ ഏതെങ്കിലും ഒരു കക്ഷിയോ ഇരുകക്ഷികളുമോ വിവാഹത്തെയോ, വിവാഹസംയോഗത്തിനുള്ള അവകാശത്തെയോ, വിവാഹത്തിൻെറ കാതലായ പ്രത്യേകതകളിൽ ഏതെങ്കിലും ഒന്നിനേയോ മനഃപൂർവ്വം തിരസ്കരിക്കുന്നപക്ഷം വിവാഹോടമ്പടി അസാധുവായി തീരുന്നതാണ്.

## കാനോൻ 78.

സമ്മതിപ്പിക്കുവാൻ വേണ്ടി (ad extorquendum consensum) ആരെയെങ്കിലും ബലം പ്രയോഗിച്ചതു നിമിത്തമോ, വല്യതായ ഭീതി അനീതിപൂർവ്വം ബാഹ്യപ്രവർത്തനത്താൽ ഉളവാക്കുക നിമിത്തമോ കക്ഷികളിൽ ആരെങ്കിലും സമ്മതം നൽകുന്നതായാൽ ആ സമ്മതം അസാധുവായിരിക്കും. ഇപ്പോൾ പറഞ്ഞ തരത്തിലുള്ളതല്ലാതെ ഏതെങ്കിലും തരത്തിലുള്ള ഭീതി വിവാഹസമ്മതത്തെ അസാധുവാക്കുവാൻ പര്യാപ്തമല്ല.

## കാനോൻ 79.

വിവാഹം സാധുവായി നടത്തേണ്ടതിന് ആവശ്യമായ സമ്മതം നൽകുവാൻ സ്ത്രീപുരുഷന്മാർ നേരിട്ടോ പ്രതിപുരുഷൻ മുഖേനയോ ഹാജരാകേണ്ടതാകുന്നു. സംസാരശക്തിയുള്ളവരാണെങ്കിൽ വാക്കാൽ തന്നെ അവർ സമ്മതം വെളി

www.malankaralibrary.com

പ്പെടുത്തേണ്ടതാണ്. സംസാരശക്തിയില്ലാത്തവരുടെ കാര്യത്തിൽ മാത്രമേ ആംഗ്യങ്ങൾക്കു സ്ഥാനമുള്ളൂ. (18)

## കാനോൻ 80.

സാക്ഷാലുള്ള ആവശ്യം അഥവാ ഗൌരവമേറിയ കാരണം നിമിത്തം ദമ്പതിമാർക്ക് രണ്ടുപേർക്കും ഒരുമിച്ച് അധികാരമുള്ള പട്ടക്കാരനെ സമീപിക്കുവാൻ സാദ്ധ്യമല്ലാതെ വരുമ്പോൾ പ്രതിപുരുഷൻ മുഖേന വിവാഹം നടത്തുവാൻ അനുവദിക്കാറുണ്ട്. ഓരോ പ്രാവശ്യവും വൈദികമേലദ്ധ്യക്ഷൻ രേഖാമൂലം അനുമതി നിൽകിയിട്ടുണ്ടെങ്കിൽ മാത്രമേ ഇങ്ങനെ വിവാഹം നടത്തുവാൻ പാടുള്ളൂ.

## കാനോൻ 81.

പ്രതിപുരുഷൻ മുഖേന സാധുവായി വിവാഹം നടത്തണമെങ്കിൽ ഹൂപ്പർക്കിയായിൽ ഇതു സംബന്ധിച്ചുള്ള പ്രത്യേക നിബന്ധനകൾക്കു പുറമെ താഴെ പറയുന്നവയും അനുഷ്ഠിച്ചിരിക്കണം.

നിശ്ചിതകക്ഷിയുമായി വിവാഹോടമ്പടി നടത്തുവാൻ മറ്റേകക്ഷി പ്രത്യേകം തിരിച്ചുള്ള രേഖയാൽ പ്രതിപുരുനെ അധികാരപ്പെടുത്തണം; അധികാരപ്പെടുത്തുന്ന കക്ഷി ആ രേഖയിൽ ഒപ്പുവയ്ക്കണം; കൂടാതെയും ഈ രേഖ നൽകപ്പെടുന്ന സ്ഥലത്തെ വികാരിയോ വൈദികമേലദ്ധ്യക്ഷനോ, അല്ലെങ്കിൽ ഇവരിൽ ഒരാൾ അധികാരപ്പെടുത്തുന്ന പട്ടക്കാരനോ, അല്ലെങ്കിൽ കുറഞ്ഞതു രണ്ടു സാക്ഷികളെങ്കിലുമോ രേഖയിൽ ഒപ്പുവയ്ക്കണം.

പ്രതിപുരുഷനെ അധികാരപ്പെടുത്തുന്ന കക്ഷിക്ക് എഴുത്തറിയുവാൻ പാടില്ലെങ്കിൽ ആ വിവരം പ്രസ്തുത രേഖയിൽ കാണിക്കയും അതിലേക്കു വേറൊരു കക്ഷി കൂടി ഒപ്പിട്ട്

(18) മലങ്കര അന്തിയോക്കിയൻ റീത്തിൽ കക്ഷികൾ വാക്കാലോ ആംഗ്യങ്ങളാലോ സമ്മതംവെളിപ്പെടുത്തുക പതിവില്ലായിരുന്നു. മേലിൽ വാക്കാലെ സമ്മതം വെളിപ്പെടുത്തേണ്ടതാണ്.

www.malankaralibrary.com

അതിനെ സാക്ഷ്യപ്പെടുത്തുകയും വേണം. ഇങ്ങനെ ചെയ്യാത്തപക്ഷം പ്രതിപുരുഷനു നൽകുന്ന രേഖ അസാധുവായിരിക്കും.

അധികാരം നൽകിയ കക്ഷിയുടെ നാമത്തിൽ പ്രതിപുരുഷൻ വിവാഹോടമ്പടി നടത്തുന്നതിനു മുമ്പ് ആ കക്ഷി അധികാരം പിൻവലിക്കയോ ആ കക്ഷിക്കു ഭ്രാന്തുപിടിക്കയോ ചെയ്താൽ, പ്രതിപുരുഷൻ നടത്തുന്ന വിവാഹോടമ്പടി അസാധുവായി തീരും; പ്രതിപുരുഷനോ മറേറ കക്ഷിയോ ഇതറിഞ്ഞില്ലെങ്കിലും വിവാഹോടമ്പടി അസാധുവായി തീരുന്നതാണ്.

ഇപ്രകാരം നടത്തുന്ന വിവാഹം സാധുവാകണമെങ്കിൽ കക്ഷി നേരിട്ടു പ്രതിപുരുഷനെ നിശ്ചയിക്കേണ്ടതും പ്രതിപുരുഷൻ തന്നെഏല്പിച്ച ചുമതല നേരിട്ടു വഹിക്കേണ്ടതും ആകുന്നു.

## കാനോൻ 82.

പ്രതിപുരുഷൻ മുഖേന നടത്തുന്ന വിവാഹം സാധുവാകുന്നതിലേക്ക് 85, 86 എന്നീകാനോനാകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ (forma) യനുസരിച്ച് അതു നടത്തേണ്ടതാണ്.

ദമ്പതിമാർ ഒരുമിച്ചാകുമ്പോൾ 91‒ ാം കാനോനായിൽ പറയുന്ന ആശീർവാദം അതായതു് റീത്തുപ്രകാരമുള്ള കർമ്മങ്ങൾ ഇപ്പോഴുദ്ധരിച്ച കാനോനാകളിൽ നിർദ്ദേശിച്ചിരിക്കുന്ന പട്ടക്കാരനിൽ നിന്നു സ്വീകരിക്കുന്നതിൽ ഉപേക്ഷ വരുത്തരുതു്.

## കാനോൻ 83.

മന:സമ്മതം നിരുപാധികം നൽകപ്പെടാതെ വിവാഹം നടത്തുവാൻ പാടുള്ളതല്ല.

## കാനോൻ 84.

ദമ്പതിമാർ മുറപ്രകാരം സമ്മതം നൽകുകയും എന്നാൽ ഏതെങ്കിലും പ്രതിബന്ധം നിമിത്തം വിവാഹം അസാധുവായി തീർന്നിരിക്കയും ചെയ്താൽ പ്രസ്തുത സമ്മതം പിൻവലിക്കപ്പെട്ടു എന്നു തെളിയുന്നതുവരെ അതു നീണ്ടുനിൽക്കുന്നതായി പരിഗണിക്കപ്പെടും.

www.malankaralibrary.com

# VI

# വിവാഹോടമ്പടി നടത്തേണ്ട വ്യവസ്ഥ (forma)

തിരുസ്സഭ പൂർണ്ണമായ ഒരു സമുദായമാകയാലും വിവാഹം അതിൽ നടക്കുന്ന ഒരുടമ്പടിയാകയാലും വിവാഹോടമ്പടി സ്സാധുവായും കുററകരമല്ലാതെയും validly and licitly നടക്കേണ്ടതെങ്ങനെയെന്നു വ്യവസ്ഥ ചെയ്യുവാൻ തിരുസഭയ്ക്കു് അധികാരമുണ്ട്.

## കാനോൻ 85, 86, 87.

a) സാധുവായ വിവാഹം നടക്കുന്നതിലേക്കു്.

1. വിവാഹം നടക്കുന്ന സ്ഥലത്തു അധികാരമുള്ള വൈദികമേലദ്ധ്യക്ഷൻെറയോ, അദ്ദേഹത്തിൻെറ കീഴുള്ള അവിടത്തെ വികാരിയുടേയോ ഇവരിൽ ആരിൽ നിന്നെങ്കിലും വിവാഹം ആശീർവദിക്കുവാൻ സ്ഥലത്തു അധികാരം പ്രാപിച്ചിട്ടുള്ള പട്ടക്കാരൻേറയോ മുമ്പിൽ കക്ഷികൾ ഹാജരാകുകയും,

2. കുറഞ്ഞ പക്ഷം രണ്ടു സാക്ഷികളെങ്കിലും നിൽക്കവെ പ്രസ്തുത വൈദികൻ തൻെറ മുമ്പിൽ നിൽക്കുന്ന കക്ഷികളോടു വിവാഹ സമ്മതം ചോദിക്കുകയും അവർ മുറപ്രകാരം അതു വെളിപ്പെടുത്തുകയും,

3. പ്രസ്തുത വൈദികൻ കക്ഷികൾക്കു ആശീർവാദം നൽകുകയും, ചെയ്യേണ്ടതാകുന്നു (19) (c 85)

---

(19) കേരളത്തിലെ കൽദായ റീത്തിൽ കുർബാനയ്ക്കിടയ്ക്കു് ദമ്പതിമാൎക്കു നൽകുന്ന അശീർവാദമല്ല ഇവിടെ പറയുന്ന ആശീർവാദം. റീത്തു പ്രകാരമുള്ള ശുശ്രൂഷയോടുകൂടി വിവാഹം നടക്കുമ്പോൾ ദമ്പതിമാരുടെ സമ്മതം മുറപ്രകാരം ചോദിച്ചറിഞ്ഞശേഷം അതാതു റീത്തിൽ തക്കതായ ആശീർവാദം തുടൎന്നുനൽകപ്പെടുന്നുണ്ടെങ്കിൽ

www.malankaralibrary.com

b) കൂടാതെയും,

1. പ്രസ്തുത വൈദിക മേലദ്ധ്യക്ഷനും വികാരിയും മുറപ്രകാരം അധികാരത്തിൽ പ്രവേശിച്ചിരിക്കയും സഭാ ശിക്ഷകളിൽ ഉൾപ്പെടുത്തപ്പെടുകയോ ഉൾപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുകയൊ (per sententiam fuerint ex communicati vel interdicti vel suspensi ab officio aut tales declarati) ചെയ്യാതിരിക്കയും ചെയ്താൽ മാത്രമേ അവക്കു വിവാഹം സാധുവായി ആശീർവദിക്കുവാൻപാടുള്ളു. (c 86 § 1.

2. പ്രസ്തുത വൈദികമേലദ്ധ്യക്ഷനും വികാരിക്കും തങ്ങളുടെ അധികാരാതിർത്തിക്കകത്തുവച്ചു മാത്രമേ വിവാഹം സാധുവായി ആശീർവദിക്കുവാൻ പാടുള്ളു.

(c. 86 § 1. 2).

3. ബലപ്രയോഗമോ വലിയ ഭീതിയോ നിമിത്തമാണു് പ്രസ്തുത വൈദിക മേലദ്ധ്യക്ഷനും വികാരിയും കക്ഷികളുടെ സമ്മതം ചോദിച്ചറിയുന്നതെങ്കിൽ വിവാഹം സാധുവാകുന്നതല്ല. (c. 86 § 1. 3).

4. സ്വന്തം അധീനരായാലും അല്ലെങ്കിലും സ്വന്തം റീത്തിൽപ്പെട്ടവരുടെ (cfr. c 88) വിവാഹംമാത്രമെ മേൽ വ

---

ആ ആശീർവാദം ഇതിലേയ്ക്കു ഉദ്ദേശിച്ചാൽ മതിയാകും മലങ്കര അന്തിയോക്കിയൻ റീത്തിൽ മേലിൽ ദമ്പതിമാരുടെ സമ്മതം മുറപ്രകാരം ചോദിച്ചറികയും തുടന്നു് റീത്തു പ്രകാരം തക്കതായ ആശീർവാദമുണ്ടെങ്കിൽ അതു്, ഇല്ലെങ്കിൽ വേറൊന്നു്, നൽകുകയും ചെയ്യണം. എ എന്നാൽ ഏതെങ്കിലുമൊരു റീത്തുപ്രകാരമുള്ള ശുശ്രൂഷകളോടു കൂടിയല്ല വിവാഹം നടക്കുന്നതെങ്കിൽ ദമ്പതിമാരുടെ സമ്മതം മുറപ്രകാരം ചോദിച്ചറിഞ്ഞശേഷം ദമ്പതിമാക്കു് ഒരു ആശീർവാദവും നൽകണം. വേറൊരു ശുശ്രൂഷയും നടന്നില്ലെങ്കിലും മറ്റു കാര്യങ്ങളെല്ലാം ഒത്തിണങ്ങിട്ടുണ്ടെങ്കിൽ വിവാഹം സാധുവാകാൻ ഇത്രയും മതി. ഇതിന്റെഅപവാദം (c. 89, c. 90§2) ആണു്.

www.malankaralibrary.com

റഞ്ഞ വിധത്തിൽ സാധുവായി ആശീർവദിക്കുവാൻ പ്രസ്തുത വൈദികമേലദ്ധ്യക്ഷനോ വികാരിക്കോ പാടുള്ളു. (c. 8 6 § 1. 2) എന്നാൽ സ്വന്തം റീത്തിൽ പെടാത്തവരുടെ വിവാഹം സാധുവായി ആശീർവദിക്കുന്നത് താഴെ d ഖണ്ഡത്തിൽ പറയുന്ന അവരുടെ മേലദ്ധ്യക്ഷനും വികാരിയും ആണ്. (c. 86 § 2).

c) മററുവിധത്തിൽ നിശ്ചയിച്ചിട്ടില്ലെങ്കിൽ, ഒരു സ്ഥലത്തു ഒരാൾ സ്ഥിരതാമസമോ താൽക്കാലിക സ്ഥിരതാമസമോ ഉള്ളവനെങ്കിൽ ആ സ്ഥലത്തേ സ്വന്തം റീത്തിൽ പെട്ട വൈദികമേലദ്ധ്യക്ഷനും വികാരിയും അയാളുടെ വൈദികമേലദ്ധ്യക്ഷനും വികാരിയും ആയി തീരുന്നു. (c. 86 § 3 1)

d) 1. ഒരു സ്ഥലത്തു് സ്ഥിരതാമസമോ, താൽക്കാലികസ്ഥിരതാമസമോ ഉള്ളവർക്ക് അവിടെ സ്വന്തം റീത്തിൽപെട്ട വൈദിക മേലദ്ധ്യക്ഷനുണ്ടെന്നിരുന്നാലും സ്വന്തം റീത്തിൽപെട്ട വികാരി ഇല്ലെന്നു വരാം. അതേ സമയം തന്നെ അവിടെ അന്യ റീത്തിൽപെട്ട വൈദികമേലദ്ധ്യക്ഷനും വികാരിയും ഉണ്ടായെന്നും വരാം. ഈ സാഹചര്യത്തിൽ ഈ വികാരിയുടെ വൈദികമേലദ്ധ്യക്ഷൻെറ സമ്മതത്തോടെ മറെറ വൈദിക മേലദ്ധ്യക്ഷനു്, ഈ വികാരിയെ, തൻെറ റീത്തിൽ പെട്ടവരും ആ റീത്തിൽ വികാരിയില്ലാത്തവരും ആയ പ്രസ്തുത ആളുകളുടെ വികാരിയായി സ്ഥാപിക്കാവുന്നതാണ് (c.86–3 § 2)

2. സ്വന്തം റീത്തിലെ വൈദികമേലദ്ധ്യക്ഷന്മാരുടെ അധികാരാതിർത്തിക്കു പുറത്തു താമസിക്കുന്നവരുടേയും അവരുടെ സന്താനപരമ്പരയുടേയും റീത്തു ഈ താമസം നിമിത്തം ഒരിക്കലും മാറുന്നതല്ല. എന്നാൽ അവർ താമസിക്കുന്ന സ്ഥലത്തെ അന്യറീത്തിൽ പെട്ട വൈദികമേലദ്ധ്യക്ഷനാകുന്നു അവരുടെ വൈദികമേലദ്ധ്യക്ഷൻ. അന്യറീത്തിൽപ്പെട്ടവരായി ഒന്നിലധികം വൈദികമേലദ്ധ്യക്ഷന്മാർ അവിടെയുള്ളപക്ഷം തിരുസിംഹാസനം നിശ്ചയിക്കുന്ന വൈദികമേലദ്ധ്യക്ഷനായിരിക്കും അവരുടെ

www.malankaralibrary.com

വൈദികമേലദ്ധ്യക്ഷൻ. (പാത്രിയർക്കീസിന്റെ അധികാരസീമയിലല്ലെങ്കിലും പാത്രിയർക്കീസിനെ ഏല്പിച്ചിട്ടുള്ള സ്വന്തം റീത്തുകാരുടെ കാര്യത്തിൽ തിരുസിംഹാസനത്തിന്റെ അനുമതിയോടെ പാത്രിയർക്കീസ് ഈ സാഹചര്യത്തിൽ ഇവരിൽ ഒരു വൈദികമേലദ്ധ്യക്ഷനെ നിശ്ചയിക്കുന്നതാണ്) (c. 86 § 3–3)

3. സ്ഥിരതാമസമോ, താൽക്കാലിക സ്ഥിരതാമസമോ ഒരിടത്തും ഇല്ലാത്തവർ (vagi) തൽക്കാലം എവിടെയോ, അവിടെ സ്വന്തം റീത്തിൽ പെട്ട വികാരിയോ വൈദികമേലദ്ധ്യക്ഷനോ ഉണ്ടെങ്കിൽ ഇവരാണ് അവരുടെ വികാരിയും വൈദികമേലദ്ധ്യക്ഷനും. എന്നാൽ അവർ എവിടെയോ അവിടെ സ്വന്തം റീത്തിൽപെട്ട വൈദികമേലദ്ധ്യക്ഷനുണ്ടെങ്കിലും, സ്വന്തം റീത്തിൽപെട്ട വികാരിയില്ലെങ്കിൽ, സ്വന്തം റീത്തിൽ പെട്ടവർക്കായി അവിടെ മേൽപറഞ്ഞപോലെ അന്യ റീത്തുകാരനായ ഒരു വികാരി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ വികാരിയാണ് അവരുടെ വികാരി. അപ്രകാരം തന്നെ അവർ എവിടെയോ അവിടെ സ്വന്തം റീത്തിൽപെട്ട വൈദികമേലദ്ധ്യക്ഷനില്ലെങ്കിൽ, സ്വന്തം റീത്തുകാരായി അവിടെയുള്ളവർ ഏതു വൈദികമേലദ്ധ്യക്ഷന്റെ കീഴിൽ മേൽപറഞ്ഞവണ്ണം ഇരിക്കണമോ ആ വൈദികമേലദ്ധ്യക്ഷനാണ് അവരുടെ വൈദികമേലദ്ധ്യക്ഷൻ. (c. 86 § 3–4. cf. c. 86 § 3–2 & 3)

e) ഒരു ഏപ്പർക്കിയായിൽ (രൂപതയിൽ) സ്ഥിരതാമസമോ താൽക്കാലിക സ്ഥിരതാമസമോ ഉണ്ടെങ്കിലും, ഒരിടവകയിൽ ഇങ്ങനെയുള്ള താമസമില്ലാത്തവർ ആ ഏപ്പർക്കിയായിൽ എവിടെയോ അവിടെ വികാരിയായിരിക്കുന്ന ആൾ അവരുടെയും വികാരി ആയിരിക്കും. (c. 86 § 3–5)

f) ഒരു സ്ഥലത്തു സാധുവായി വിവാഹം ആശീർവദിക്കുവാൻ അധികാരമുള്ള വൈദികമേലദ്ധ്യക്ഷനും വികാരിക്കും ആ സ്ഥലത്തു വിവാഹം സാധുവായി ആശീർവദിക്കുന്നതിലേയ്ക്കു ഒരു പട്ടക്കാരനെ അധികാരപ്പെടുത്താവുന്നതാണ്.

www.malankaralibrary.com

എന്നാൽ ഇതു് സ്വന്തം അധികാരാതിർത്തിക്കകത്തു മാത്രവും. ഈ വിവാഹം ആശീർവദിക്കുന്നതിനു ഈ പട്ടക്കാരനെ അധികാരപ്പെടുത്തുന്നു എന്നു തിരിച്ചു പറഞ്ഞുകൊണ്ടും (വ്യക്തമാക്കിക്കൊണ്ടും) ചെയ്യേണ്ടതാകുന്നു.

ഇപ്രകാരം അധികാരം സിദ്ധിക്കുന്ന പട്ടക്കാരനു് തനിക്കു സിദ്ധിച്ചിട്ടുള്ള അധികാരം വേറൊരു പട്ടക്കാരനെ ഏല്പിക്കണമെന്നായിരുന്നാൽ ആരിൽനിന്നു അയാൾക്കു അധികാരം സിദ്ധിച്ചുവൊ ആ വൈദികമേലദ്ധ്യക്ഷനൊ വികാരിയൊ അങ്ങിനെ ചെയ്യാമെന്നു തിരിച്ചുപറഞ്ഞുകൊണ്ടു അയാളെ അതിലേയ്ക്കു അധികാരപ്പെടുത്തിയിരിക്കണം. ഇങ്ങനെ പ്രസ്തുതപട്ടക്കാരൻ വേറൊരു പട്ടക്കാരനെ തനിക്കു സിദ്ധിച്ചിട്ടുള്ള അധികാരം ഏല്പിക്കുന്നതു് ഇന്ന പട്ടക്കാരനെയെന്നും ഇന്ന വിവാഹം ആശീർവ്വദിക്കുവാനെന്നും തിരിച്ചു പറഞ്ഞുകൊണ്ടു് (വ്യക്തമാക്കിക്കൊണ്ടു്) ആയിരിക്കയും വേണം. മേൽപ്പറഞ്ഞ നിശ്ചിതാതിർത്തിക്കകത്തു മാത്രമേ ഇതു സാധുവായി നടക്കുവാൻ പാടുള്ളു.

ഒരിടവകാതിർത്തിക്കകത്തു വരുന്ന വിവാഹങ്ങളെല്ലാം സാധുവായി ആശീർവ്വദിക്കുന്നതിലേക്കു അവിടുത്തെ അസിസ്റ്റൻറു വികാരിയെ പൊതുവായി അധികാരപ്പെടുത്തുവാൻ സ്ഥലത്തെ വൈദിക മേലദ്ധ്യക്ഷനൊ അവിടുത്തെ വികാരിയ്ക്കൊ പാടുള്ളതാകുന്നു. ഇങ്ങനെ പൊതുവായ അധികാരം സിദ്ധിച്ചിട്ടുള്ള അസിസ്റ്റൻറു വികാരിക്കു ഒരു പ്രത്യേക വിവാഹം ആശീർവ്വദിക്കുവാൻ ഒരു പ്രത്യേക പട്ടക്കാരനെ ഇന്ന വിവാഹം ഇന്ന പട്ടക്കാരൻ എന്നു തിരിച്ചു പറഞ്ഞുകൊണ്ടു് (വ്യക്തമാക്കിക്കൊണ്ടു്) അധികാരപ്പെടുത്തുവാൻ പാടുണ്ടു്. മേൽപ്പറഞ്ഞ നിശ്ചിതാതിർത്തിക്കകത്തുമാത്രമെ സാധുവായി ഇങ്ങനെ ചെയ്യുവാൻ പാടുള്ളു.

ഇതുവരെ പറഞ്ഞ രീതിയിൽ അധികാരം പ്രാപിക്കാതെ ഏതെങ്കിലും പട്ടക്കാരൻ ആശീർവ്വദിക്കുന്ന വിവാഹം അസാധുവായിരിക്കും.

വിവാഹം നടത്തുവാൻ ആവശ്യമുള്ള എല്ലാ അന്വേഷണങ്ങളും നടത്തി തൃപ്തി വരുത്തിയശേഷംമാത്രമേ ഇപ്രകാരം വൈദിക മേലദ്ധ്യക്ഷനും വികാരിയും വിവാഹം ആശീർവ്വദി

www.malankaralibrary.com

ക്കവാൻ വേറെ പട്ടക്കാരനെ അധികാരപ്പെടുത്താവൂ. മറിച്ചുചെയ്താലും വിവാഹം സാധുവായിരിക്കുന്നതാണ്.
(c. 87 § 1 § 2) (20)

 g. പൌരസ്ത്യറീത്തുകാരായ വിശ്വാസികളുടെ വിവാഹം സാധുവായി ആശീർവദിക്കുന്നതിലേക്ക് അന്യറീത്തുകാരായ വിശ്വാസികളെ നിയമപ്രകാരം ഭരിക്കുന്ന വൈദികമേലദ്ധ്യക്ഷന്മാർക്ക്, ഏതെങ്കിലും പൌരസ്ത്യറീത്തിൽപ്പെട്ട പള്ളികളുടെ അദ്ധ്യക്ഷന്മാരെയൊ സ്വന്തം റീത്തിൽപ്പെട്ട വികാരിയല്ലാത്തവരുടെ കാര്യമന്വേഷിക്കുന്ന മററുപട്ടക്കാരെയൊ പൊതുവായി അധികാരപ്പെടുത്താവുന്നതാണ്. ഇങ്ങനെ അധികാരം പ്രാപിക്കുന്നവർ പ്രസ്തുത വിശ്വാസികളുടെ റീത്തിൽ പെട്ടവരാകണമെന്നില്ല. (c. 87 § 3)

## കാനോൻ 88.

a. മേൽപ്പറഞ്ഞവണ്ണം സ്വന്തം അധികാരാതിർത്തിക്കകത്തു വച്ചു വൈദികമേലദ്ധ്യക്ഷനും വികാരിക്കും വിവാഹങ്ങൾ സാധുവായി ആശീർവ്വദിക്കാമെന്നായിരുന്നാലും, കക്ഷികളെ സംബന്ധിച്ചിടത്തോളം വിവാഹത്തെ തടയുന്നതായി യാതൊന്നും അവരിൽ ഇല്ലെന്നു തീർച്ചപ്പെട്ടിരിക്കേണ്ടതാകുന്നു. കൂടാതെയും, അവിടെ വിവാഹം കഴിക്കുവാൻ വരുന്ന

(20) ആകയാൽ വിവാഹം സാധുവായി ആശീർവ്വദിക്കുന്നതിനു കക്ഷികൾ സ്വന്തം അധികാരത്തിൽപ്പെട്ടവരാണോ എന്നല്ല വൈദികമേലദ്ധ്യക്ഷനും വികാരിയും നോക്കേണ്ടതു്. സ്വന്തം അധികാരാതിർത്തിക്കകത്താണൊ അവർ വന്നിരിക്കുന്നതു എന്നത്രേ നോക്കേണ്ടതു്. സ്വന്തം അധികാരാതിർത്തിക്കകത്തു് സ്വന്തം അധികാരത്തിൽ പെട്ടവരുടെയും പെടാത്തവരുടെയും വിവാഹം സാധുവായി ആശീർവ്വദിക്കേണ്ടവർ അവരോ അവരിൽനിന്നു അധികാരം പ്രാപിച്ചിട്ടുള്ള പട്ടക്കാരനൊ മാത്രമാണ്. സ്വന്തം അധികാരത്തിൽപ്പെട്ട കക്ഷികൾ സ്വന്തം അധികാരാതിർത്തി വിടുന്ന പക്ഷം അവിടെവച്ചു് അവരുടെ വിവാഹം സാധുവായി ആശീർവദിക്കുവാൻ വൈദിക മേലദ്ധ്യക്ഷനും വികാരിക്കും അധികാരമില്ല.

www.malankaralibrary.com

കക്ഷികളിൽ ഒരാൾക്കെങ്കിലും തൻെറ അധികാരാതിർത്തിക്കകത്തു് സ്ഥിര താമസമോ, താൽക്കാലിക സ്ഥിര താമസമോ, കുറഞ്ഞപക്ഷം ഒരു മാസത്തെ താമസമെങ്കിലുമോ ഇല്ലെന്നു കണ്ടാൽ, അവരുടെ വിവാഹം ആശീർവദിക്കുന്നതിനു മുമ്പു് അവരിൽ ഒരാൾക്കെങ്കിലും ഈ രീതിയിൽ താമസമുള്ള സ്ഥലത്തെ വൈദികമേലദ്ധ്യക്ഷൻെറയോ വികാരിയുടെയോ അനുമതി പ്രസ്തുത വൈദികമേലദ്ധ്യക്ഷനോ വികാരിയോ വാങ്ങിച്ചിരിക്കേണ്ടതാകുന്നു. പ്രസ്തുത അനുമതി ചോദിക്കുന്നതിൽനിന്നു ഒഴിവാക്കുന്ന ഗൗരവാവഹമായ കാരണമുണ്ടെങ്കിൽ അനുമതി കൂടാതെ അവരുടെ വിവാഹം ആശീർവദിക്കാവുന്നതാണു്. എന്നാൽ എങ്ങും സ്ഥിരതാമസമോ, താൽക്കാലികസ്ഥിരതാമസമോ, ഒരു മാസത്തെ താമസമെങ്കിലുമോ ഇല്ലാത്തവരുടെ കാര്യത്തിൽ ഈ നിയമത്തിനു പ്രസക്തിയില്ല. ഇവരുടെ കാര്യത്തിൽ 22-ാം കാനോനാപ്രകാരം ചെയ്യേണ്ടതാണു്.

(c. 88 § 1)

b. പ്രത്യേക നിയമമുണ്ടെങ്കിൽ, ന്യായവിരുദ്ധമാകാതെ (Licitly) വിവാഹം ആശീർവദിക്കുന്നതിലേയ്ക്കു് വികാരി സ്ഥലത്തെ വൈദികമേലദ്ധ്യക്ഷൻെറ അനുമതി വാങ്ങിക്കേണ്ടതാണു്. (c. 88 § 2)

c. പുരുഷൻെറ വികാരിയാണു് വിവാഹം ആശീർവദിക്കേണ്ടയാൾ; എന്നാൽ അംഗീകൃതമായ (legitmate) നടപ്പോ, തക്ക കാരണമോ (just cause) ഉണ്ടെങ്കിൽ മറിച്ചുമാകാം. രണ്ടു റീത്തിൽപെട്ട കത്തോലിക്കരുടെ വിവാഹം പുരുഷൻെറ റീത്തിൽ പുരുഷൻെറ വികാരിയാണു് നടത്തേണ്ടതു്; എന്നാൽ പൌരസ്ത്യപ്രദേശത്തു സ്ഥിരതാമസമോ താൽക്കാലിക സ്ഥിരതാമസമോ പുരുഷനുണ്ടായിരിക്കയും സ്ത്രീയുടെ റീത്തിലും സ്ത്രീയുടെ വികാരിയുടെ മുമ്പിലും വിവാഹം നടത്തുവാൻ പുരുഷൻ സമ്മതിക്കയും ചെയ്താൽ അങ്ങിനെ ആകാം. (c. 88§3)

d. നിയമപ്രകാരം ആവശ്യമുള്ള അനുമതി ലഭിക്കാതെ ഒരു വികാരി ഏതെങ്കിലും വിവാഹം ആശീർവ്വദിക്കുന്നപക്ഷം അതിൽനിന്നുള്ള വരുമാനം ആ വിവാഹം ആശീർവ്വദിക്കുവാൻ അവകാശമുള്ള വികാരിക്കു വിട്ടുകൊടുത്തുകൊള്ളേണ്ടതാകുന്നു. (c. 88 § 4)

www.malankaralibrary.com

## കാനോൻ 89.

സാധുവായി വിവാഹം നടത്തേണ്ടതിനു നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥയനുസരിച്ച് (forma) സമീപിക്കേണ്ടതായ വൈദികമേലദ്ധ്യക്ഷനേയോ വികാരിയേയോ, ഇവരിൽ ആരിൽനിന്നെങ്കിലും അധികാരം പ്രാപിച്ചിട്ടുള്ള പട്ടക്കാരനേയോ (cc. 86, 87) കണ്ടെത്തുന്നതിൽ അഥവാ സമീപിക്കുന്നതിൽ വളരെ വലിയ പ്രയാസം (grave incommodum) നേരിടുന്ന പക്ഷം, മരണാവസരത്തിൽ സാക്ഷികളുടെ മുമ്പിൽവച്ചു സമ്മതിദാനം ചെയ്തുകൊണ്ടു നടത്തുന്ന വിവാഹം സാധുവായിരിക്കും. മരണം ആസന്നമല്ലെങ്കിലും പ്രസ്തുത പരിതസ്ഥിതി ഒരു മാസത്തേക്കു നീണ്ടുനിൽക്കുമെന്നു വിവേകപൂർവ്വം അനുമിക്കാമെങ്കിൽ ഇപ്രകാരം ചെയ്യാവുന്നതാണ്. എന്നാൽ അടുത്തു എവിടെയെങ്കിലുമുള്ള ഒരു കത്തോലിക്കാപട്ടക്കാരനു വന്നു സംബന്ധിക്കുവാൻ സാധിക്കുമെങ്കിൽ ഈ അവസരങ്ങളിൽ അദ്ദേഹത്തെ വിളിക്കയും അദ്ദേഹം സാക്ഷികളുടെ കൂടെ ഹാജരായിരിക്കയും വേണം. പക്ഷേ, ഇങ്ങനെ ചെയ്തില്ലെങ്കിലും, മേൽപറഞ്ഞ സാഹചര്യങ്ങളിൽ സാക്ഷികളുണ്ടെങ്കിൽ വിവാഹം സാധുവാകും. (c. 89 n 2)

## കാനോൻ 90.

കത്തോലിക്കാസഭയിൽ മാമ്മോദീസാ സ്വീകരിച്ചവരുടേയും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടവരുടേയും വിവാഹം സാധുവാകണമെങ്കിൽ വിവാഹോടമ്പടി സാധുവാകുവാൻ അനുഷ്ഠിക്കണമെന്നു മുകളിൽ പറഞ്ഞ വ്യവസ്ഥ (Forma) അനുഷ്ഠിച്ചേ മതിയാവൂ. ഒരു പക്ഷേ ഈ രണ്ടു കൂട്ടരും കത്തോലിക്കാ സഭയിൽ നിന്നു മാറി നിൽക്കയോ, കത്തോലിക്കാസഭയെ ഉപേക്ഷിക്കയോ ചെയ്തിരുന്നാലും ഈ വ്യവസ്ഥ (forma) അനുഷ്ഠിക്കാതിരുന്നാൽ അവരുടെ വിവാഹം സാധുവാകയില്ല.

ഇപ്രകാരം തന്നെ കത്തോലിക്കാസഭയിൽ മാമ്മോദീസാ സ്വീകരിച്ചവരും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടവരും, ഒരു പക്ഷേ ഇവർ രണ്ടുകൂട്ടരും കത്തോലിക്കാസഭയിൽനിന്നു മാറിനിൽക്കയോ കത്തോലിക്കാസഭയെ ഉപേ-

www.malankaralibrary.com

ക്ഷിക്കയോ ചെയ്തിരുന്നാലും വേണ്ട അനുമതിയോടെ (dispensation) അകത്തോലിക്കരോ അക്രൈസ്തവരോ ആയി വിവാഹം നടത്തുമ്പോഴും പ്രസ്തുത വ്യവസ്ഥ പാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം വിവാഹം അസാധുവാകും.

എന്നാൽ കത്തോലിക്കാസഭയുമായി മേല്പറഞ്ഞ ഏതെങ്കിലും വിധത്തിൽ ബന്ധപ്പെടാത്തവർ ഈ വ്യവസ്ഥ പാലിക്കുവാൻ കടപ്പെടുന്നില്ല.

## കാനോൻ 91.

വിവാഹാവസരത്തിൽ റീത്തുപ്രകാരമുള്ള എല്ലാ ശുശ്രൂഷകളും നടത്തപ്പെടണം. തക്ക ആവശ്യം (necessity) കൂടാതെ അവ വിട്ടുകളയേണ്ടതല്ല. (21) സഭ അംഗീകരിച്ചിട്ടുള്ള റീത്തുപുസ്തകങ്ങളും അംഗീകൃതനടപ്പും ആണ് ഈ ശുശ്രൂഷകൾക്കാധാരം.

## കാനോൻ 92.

വിവാഹം നടന്നുകഴിയുന്ന ഉടനെ (വിവാഹം ആശീർവദിച്ചത് വൈദികമേലദ്ധ്യക്ഷനോ വേറെ പട്ടക്കാരനോ ആയാലും) വികാരിയോ വികാരിയുടെ സ്ഥാനം വഹിക്കുന്ന ആളോ ദമ്പതിമാരുടേയും സാക്ഷികളുടേയും പേര്, വിവാഹം നടന്ന സ്ഥലം തീയതി, വല്ല പ്രതിബന്ധവും നീക്കിയിട്ടുണ്ടെങ്കിൽ അതിൻെറ പേരും സ്വഭാവവും, നീക്കിയ ആളിൻെറ പേര്, റീത്തുപ്രകാരവും വൈദികമേലദ്ധ്യക്ഷൻെറ നിർദ്ദേശപ്രകാരവും വേറെ വല്ലതുമുണ്ടെങ്കിൽ അത്—ഇവയെല്ലാം വിശദമായി വിവാഹരജിസ്റ്ററിൽ രേഖപ്പെടുത്തണം. കൂടാതെയും മാമ്മോദീസാ രജിസ്റ്ററിൽ പേരുകൾക്കു നേരെ അതിനുള്ള

---

(21) റീത്തുപ്രകാരമുള്ള ശുശ്രൂഷകളൊന്നും നടത്തിയില്ലെങ്കിലും മേല്പറഞ്ഞ വ്യവസ്ഥ (forma) യനുസരിച്ച് വിവാഹം നടത്തണം. ആ വ്യവസ്ഥയുപേക്ഷിച്ചാൽ വിവാഹം സാധുവാകയില്ല. റീത്തുപ്രകാരമുള്ള ശുശ്രൂഷ നടത്തുമ്പോഴും ആ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ വിവാഹം അസാധുവാകും.

www.malankaralibrary.com

സ്ഥലത്തു് ആ പേരുകാർ തന്റെ ഇടവകയിൽ വിവാഹം കഴിച്ചുവെന്നു് വികാരി എഴുതിച്ചേർക്കണം. അന്യ ഇടവകയിലാണു് മാമ്മോദീസാ നടന്നതെങ്കിൽ അവിടത്തെ വികാരിയെ നേരിട്ടോ മെത്രാസനക്കച്ചേരി വഴിയോ, വികാരി വിവരം അറിയിക്കയും ആ വികാരി അവിടത്തെ മാമ്മോദീസാ രജിസ്റ്ററിൽ മേല്പറഞ്ഞതുപോലെ വിവരം എഴുതിചേർക്കയും വേണം.

വിവാഹോടമ്പടി സാധുവായി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥ (forma) യനുസരിച്ചു് വിവാഹം നടത്തുവാൻ സാധിക്കാത്തതിനാൽ, സാക്ഷികളുടെ (പട്ടക്കാരനുണ്ടെങ്കിൽ അദ്ദേഹം ഹാജരായിരിക്കെ) മുമ്പിൽ വച്ചു നടത്തുന്ന വിവാഹം സംബന്ധിച്ചുള്ള വിവരങ്ങൾ, അതിൽ പങ്കെടുത്ത പട്ടക്കാരൻ, പട്ടക്കാരൻ പങ്കെടുത്തില്ലെങ്കിൽ, സാക്ഷികളും കക്ഷികളും കഴിയുന്ന വേഗത്തിൽ യഥാസ്ഥാനത്തു് എത്തിച്ചുകൊടുക്കയും, മേൽ പറഞ്ഞതുപോലെ അവ രജിസ്റ്ററുകളിൽ പതിക്കയും ചെയ്യണം.

## VII

# രഹസ്യവിവാഹം.

## (Matrimony of conscience)

### കാനോൻ 93.

ഏററം ഗൌരവാവഹവും (gravissima) അത്യന്താപേക്ഷിതവും (urgentissima) ആയ കാരണമുണ്ടെങ്കിൽ മാത്രം വിളിച്ചുചൊല്ല കൂടാതെയും, വിവാഹത്തിൽ അവശ്യം സംബന്ധിക്കേണ്ടവർ മാത്രം സംബന്ധിച്ചുകൊണ്ടും രഹസ്യത്തിൽ വിവാഹം നടത്തുവാൻ വൈദികമേലദ്ധ്യക്ഷനു് അനുവദിക്കാവുന്നതാണു്. പ്രത്യേകമായി ഇതിലേക്കു് അധികാരം നൽകപ്പെട്ടിട്ടില്ലെങ്കിൽ സുൻഖേല്ലോസിനു ഇങ്ങനെ അനുവദിക്കാവുന്നതല്ല.

www.malankaralibrary.com

## കാനോൻ 94.

രഹസ്യവിവാഹം ആശീർവദിക്കുന്ന വൈദികനും, സാക്ഷികളും, വൈദികമേലദ്ധ്യക്ഷനും അദ്ദേഹത്തിൻെറ പിൻഗാമികളും, മറെറ ദമ്പതി സമ്മതിക്കാത്തപക്ഷം ദമ്പതിമാരിൽ ഓരോ ആളും രഹസ്യം പാലിക്കുവാൻ ഘനമായി കടപ്പെട്ടവരാണ്. അങ്ങനെ ചെയ്യാമെന്ന് അവർ വാഗ്ദാനം ചെയ്തിരിക്കയും വേണം.

## കാനോൻ 95.

എന്നാൽ നിയമത്തിൽ പറയുന്ന കാരണങ്ങൾ നിമിത്തം വൈദികമേലദ്ധ്യക്ഷനു രഹസ്യം പാലിക്കാതിരിക്കാൻ ന്യായങ്ങളുണ്ടായെന്നു വരാം.

രഹസ്യം പാലിക്കുന്നതുകൊണ്ടു ഇടർച്ചയോ, വിവാഹത്തിൻെറ പരിശുദ്ധതയ്ക്കു ഘനമായ ഭംഗമോ ഉണ്ടാകുക; മാതാപിതാക്കന്മാർ പ്രസ്തുത വിവാഹത്തിൽനിന്നു ജനിച്ച കുട്ടികളെ മാമ്മോദീസാ മുക്കാതിരിക്കുക; അല്ലെങ്കിൽ ശരിയായ പേരു പറയാതെ കുട്ടികളെ മാമ്മോദീസാ മുക്കുകയും, അതിൻെറശേഷം 30 ദിവസത്തിനകം, കുട്ടി ഉണ്ടായെന്നും, കുട്ടിയെ മാമ്മോദീസാ മുക്കിയെന്നും, തങ്ങളുടെ ശരിയായ പേരു പറഞ്ഞുകൊണ്ടു് വൈദികമേലദ്ധ്യക്ഷനെ മാതാപിതാക്കന്മാർ അറിയിക്കാതിരിക്കുകയും ചെയ്യുക; മാതാപിതാക്കന്മാർ കുട്ടികളെ ക്രിസ്തീയമായി വളർത്താതിരിക്കുക എന്നിവയാണ് രഹസ്യം പാലിക്കാതിരിക്കുവാൻ വൈദിക മേലദ്ധ്യക്ഷനുള്ള ന്യായങ്ങൾ.

## കാനോൻ 96.

ഈ വിവാഹം സംബന്ധിച്ചുള്ള വിവരങ്ങൾ കൂർക്കിയാ (മെത്രാസന) കച്ചേരിയിൽ രഹസ്യ പൂട്ടിൽ സൂക്ഷിക്കേണ്ടതായ ഒരു പ്രത്യേക പുസ്തകത്തിലല്ലാതെ പൊതുവായ വിവാഹറജിസ്റ്ററിലോ മാമ്മോദീസാ റജിസ്റ്ററിലോ രേഖപ്പെടുത്തേണ്ടതല്ല.

www.malankaralibrary.com

# VIII

# വിവാഹം നടത്തുവാനുള്ള കാലവും സ്ഥലവും.

## കാനോൻ 97.

നമ്മുടെ കർത്താവിൻെറ ജനനത്തിരുനാളിനു മുമ്പുള്ള പാവനമായ കാലാവധിയിലും (സൂബാറാകാലത്തിൽ), ഉയിർപ്പു തിരുനാളിനു മുമ്പുള്ള വലിയ നോമ്പു (Quadragesima) (22) കാലത്തും, (Tempore sacro ante Nativitatem Domini et Magnae Quadragesimae) വിവാഹമോ അഥവാ വിവാഹം സംബന്ധിച്ചുള്ള ആഘോഷങ്ങളോ ഓരോ റീത്തിലെ നിബന്ധനപോലെ മുടക്കപ്പെട്ടുന്നു. ഓരോ റീത്തിൽ വേറെ അവസരങ്ങളിലും ഇവയിൽ ഏതെങ്കിലും മുടക്കപ്പെട്ടുന്നുണ്ടെങ്കിൽ ആ മുടക്കം പാലിക്കേണ്ടതാണ്.

തക്ക കാരണമുണ്ടെങ്കിൽ (just cause) ബാഹ്യമായ ആഡംബരങ്ങൾ വർജ്ജിക്കണമെന്നു ദമ്പതിമാരെ ഉപദേശിച്ചുകൊണ്ടു് ഈ മുടക്കുകൾ നീക്കുവാൻ സ്ഥലത്തെ വൈദികമേലദ്ധ്യക്ഷന്മാർക്കു് അധികാരമുണ്ടു്.

## കാനോൻ 98.

ഇടവകപ്പള്ളിയിലാണ് വിവാഹം നടത്തേണ്ടതു്. സ്ഥലത്തെ വൈദികമേലദ്ധ്യക്ഷൻെറയോ വികാരിയുടേയോ അ-

(22) Quadragesima എന്നു പറയുന്ന വലിയ നോമ്പുകാലം ലത്തീൻകാർക്കു വിഭൂതി ബുധനാഴ്ച തുടങ്ങുന്നു. എല്ലാ സുറിയനിക്കാർക്കും അതു തുടങ്ങുന്നതു ലത്തീൻകാർക്കു തുടങ്ങുന്നതിനു മുമ്പുള്ള തിങ്കളാഴ്ചയാണ്. സുറിയാനിക്കാരും അതിനെ ലത്തീനിൽ Quadragesima നോമ്പ് എന്നു വിളിക്കാറുണ്ടു്. V. G. Synodus Sciarfensis Syrorum an 1888, c. 5 art 15§7 n I. "....a feria 2ª ingressus jejunii quadragesimalis

www.malankaralibrary.com

നമതിക്രടാതെ മററു പള്ളികളിലോ ചാപ്പല്വകളിലോ നട ത്തേണ്ടതല്ല; വീട്ടകളിൽ വച്ചു നടത്തുവാൻ തക്കതും ന്യായ മായതുമായ കാരണമുണ്ടെങ്കിൽ മാത്രമേ (just and reasonable cause) സ്ഥലത്തെ വൈദികമേലദ്ധ്യക്ഷനു അനുവദിക്കാവൂ; സെമ്മിനാരിപ്പള്ളികളിലോ, ചാപ്പല്വകളിലോ, സന്യാസിനികളുടെ പള്ളികളിലോ ചാപ്പല്വകളിലോ വച്ചു നടത്തുവാൻ അത്യാവശ്യം (urgent necessity) പ്രമാണിച്ചും തക്ക പ്രതിവിധികൾ കല്പിച്ചുകൊണ്ടും മാത്രമേ സ്ഥലത്തെ വൈദികമേലദ്ധ്യക്ഷനു അനുവദിക്കുവാൻ പാടുള്ളൂ.

## IX

# കടമകളും ആനുകൂല്യങ്ങളും.

### കാനോൻ 99.

സാധുവായ വിവാഹം നടക്കുന്നതോടെ ദമ്പതിമാർ തമ്മിൽ പ്രകൃത്യാ തന്നെ ശാശ്വതവും അനന്യാധീനമല്ലാത്തതുമായ ബന്ധം സമുത്ഭവിക്കുന്നു; പ്രസാദവരപ്രവാഹത്തെ തടയുന്നതായി അവരിൽ യാതൊന്നുമില്ലെങ്കിൽ ക്രിസ്തീയ ദമ്പതിമാർക്കു് പ്രസാദ വരവും അതോടെ അവർക്കു ലഭിക്കുന്നു.

### കാനോൻ 100.

ദാമ്പത്തിക ജീവിതത്തെ പ്രത്യേകം സംബന്ധിക്കുന്ന കാര്യങ്ങളിൽ ഇരുകക്ഷികൾക്കും തുല്യമായ അവകാശവും കടമയുമാണു് വിവാഹത്തിൻെറ ഫലമായി ഉണ്ടാകുന്നതു്.

### കാനോൻ 101.

മറിച്ചു പ്രത്യേക നിയമമില്ലെങ്കിൽ, വിവാഹം കഴിയുന്നതോടെ കാനോനിക വിഷയങ്ങൾ സംബന്ധിച്ചു് ഭാര്യ ഭർത്താവിൻെറ നിലയിൽ എത്തിച്ചേരുന്നു. (ഉദാ: സ്ഥിരതാമസം മുതലായവ സംബന്ധിച്ചു്)

www.malankaralibrary.com

## കാനോൻ 102.

തങ്ങളുടെ ശക്തിക്കൊത്തവണ്ണം കുട്ടികൾക്കു മതപരമായും, സാന്മാർഗ്ഗികമായും, കായികമായും, സാമുദായികമായും അഭ്യസനം നല്കുവാനും അവർക്കു സാമ്പത്തികമായി വേണ്ടതു ചെയ്തുകൊടുക്കുവാനും ഏററവും ഗൌരവാവഹമായ കടമ മാതാപിതാക്കന്മാരിൽ നിക്ഷിപ്തമായിരിക്കുന്നു.

## കാനോൻ 103, 104.

സാധുവായതോ സാധുവാണെന്നു ഉത്തമ വിശ്വാസത്തിൽ തിരുസഭയുടെ ദൃഷ്ടിയിൽ കരുതപ്പെടുന്നതോ (Putative matrimony, cf c 4) ആയ വിവാഹത്തിൽ നിന്നുത്ഭവിക്കയോ പിറക്കയോ ചെയ്യുന്ന സന്താനങ്ങൾ സാക്ഷാൽ വിവാഹ സന്താനങ്ങളാകുന്നു. legitimate (c- 103) പ്രത്യക്ഷമായ എതിർ ന്യായങ്ങളില്ലെങ്കിൽ, ഒരു കുട്ടിയുടെ അപ്പനായി ന്യായമായ വിവാഹം ആരെ ചൂണ്ടിക്കാണിക്കുന്നുവോ ആ ആൾ തന്നെയാണു് ആ കുട്ടിയുടെ അപ്പൻ; വിവാഹം നടന്ന ശേഷം 180 ദിവസമെങ്കിലും കഴിഞ്ഞു പിറക്കുന്ന കുട്ടിയും, ദമ്പതിമാർ ഒരുമിച്ചുള്ള താമസം നിറുത്തിയ ശേഷം 300 ദിവസത്തിനകം പിറക്കുന്ന കുട്ടിയും ന്യായമായവിവാഹത്തിൽ ജനിച്ച കുട്ടികളായി (legitimate) സങ്കല്പിക്കപ്പെടുന്നു. c. (104)

## കാനോൻ 105.

ശരിയായതോ (verum) സാധുവാണെന്നു കരുതപ്പെടുന്നതോ (putative) പുതുതായി കഴിക്കുന്നതോ സാധുവാക്കപ്പെട്ടതോ (convalidated) ആയ വിവാഹ ബന്ധത്തിൽ മാതാപിതാക്കന്മാർ ഏർപ്പെടുന്നതോടെ (ഈ വിവാഹത്തിൽ സംയോഗം നടന്നില്ലെങ്കിലും) (23) ഇതിനു മുമ്പു അവക്ക് സന്താനങ്ങളുണ്ടായിട്ടുണ്ടെങ്കിൽ ആ സന്താനങ്ങളുടെ നയ്യാമികാവശതകൾ പരിഹരിക്കപ്പെടുന്നു. എന്നാൽ ഈ സന്താനങ്ങൾ

---

23) Per subsequens parentum matrimonium sive verum sive putativum, sive noviter contractum sive convalidatum, etsi non consummatum

www.malankaralibrary.com

ഉത്ഭവിച്ച സമയത്തോ, (time of conception) ഗർഭസ്ഥിതരായ സമയത്തോ, പിറന്ന സമയത്തോ മാതാപിതാക്കന്മാരിൽ വിവാഹത്തെ അസാധുവാക്കുന്ന പ്രതിബന്ധമൊന്നുമില്ലായിരുന്നെങ്കിൽ മാത്രമേ (dummodo parents (23 b) habiles existerint ad matrimonium inter se contrahendum) അവക്കു ഈ അനുകൂല്യം ലഭിക്കയുള്ളൂ.

### കാനോൻ 106.

പിന്നീടു നടക്കുന്ന വിവാഹം വഴി നിയമവിരുദ്ധാവസ്ഥകളിൽ നിന്നു വിമുക്തരാകുന്ന സന്താനങ്ങൾ (legitimized)മറിച്ചു തെളിവായി നിയമമില്ലാത്ത കാര്യങ്ങളിൽ സാധുവായ വിവാഹത്തിൽ ജനിച്ചവരെപ്പോലെ (legitimate) കാനോനികമായി കരുതപ്പെടുന്നു.

## X

## വിവാഹബന്ധം പിരിക്കുന്നതു സംബന്ധിച്ച്.

### കാനോൻ 107.

മാമ്മോദീസാ സ്വീകരിച്ചവർ തമ്മിലുള്ള സാധുവായ വിവാഹം (അംഗീകൃത വിവാഹം-ratam) സംയോഗം നടന്നു കഴിഞ്ഞാൽ യാതൊരു മാനുഷികാധികാരത്താലും പിരിക്കുവാൻ പാടില്ല; മരണത്താൽ മാത്രമേ ആ ബന്ധം പിരിയുകയുള്ളൂ.

---

23b) habiles എന്ന പദത്തിനു വിവാഹത്തെ അസാധുവാക്കുന്ന, പ്രതിബന്ധമില്ലാത്ത അവസ്ഥ എന്നീ അർത്ഥം ഇവിടെ സ്വീകരിച്ചിരിക്കുന്നു. 72-ാം കാനോനായിൽ ഇതേ പദത്തിന് ഉള്ളതായി കാണുന്ന അർത്ഥം മുൻനിറുത്തിയാണ് ഈ അർത്ഥം ഇവിടെ സ്വീകരിച്ചിട്ടുള്ളത്.

www.malankaralibrary.com

## കാനോൻ 108.

മാമ്മോദീസാ സ്വീകരിച്ചവർ തമ്മിലും മാമ്മോദീസാ സ്വീകരിച്ച ഒരാളും സ്വീകരിക്കാത്ത വേറൊരാളും തമ്മിലും ഉള്ള വിവാഹബന്ധം സംയോഗം നടക്കുന്നതിനു മുമ്പ് തക്ക കാരണം നിമിത്തം പിരിക്കുവാൻ മാർപ്പാപ്പാ തിരുമേനിക്കു അധികാരമുള്ളതാകുന്നു. ഇരുകക്ഷികളുടേയുമോ ഏതെങ്കിലുമൊരു കക്ഷിയുടേയോ (മറെറ കക്ഷിക്കു സമ്മതമില്ലെങ്കിലും) അപേക്ഷപ്രകാരം മാർപ്പാപ്പാ ഇങ്ങനെ ചെയ്യുന്നു.

ഇപ്പോൾ പറഞ്ഞ കക്ഷികളിൽ ഒരാൾ സന്യാസസമൂഹത്തിൽ വലിയ അഥവാ ആഘോഷ പൂർവമായ വ്രതം ചെയ്യുന്നതോടെയും സംയോഗം നടക്കാത്തതായ പ്രസ്തുത വിവാഹബന്ധം പിരിയുന്നതാണ്.

## കാനോൻ 109–113.

മാമ്മോദീസാ സ്വീകരിക്കാത്തവരുടെ നിയമപ്രകാരമുള്ള വിവാഹം (legitimate) സംയോഗം നടന്നശേഷവും താഴെ പറയുന്നപ്രകാരം പിരിക്കാവുന്നതാണ് (c, 109 § 1)

മാമ്മോദീസാ സ്വീകരിക്കാത്തവരായി വിവാഹ ബന്ധത്തിൽ ഏർപ്പെട്ടവരിൽ ഒരാൾ മാമ്മോദീസാ സ്വീകരിച്ചു കഴിയുമ്പോൾ "മാമ്മോദീസാ സ്വീകരിക്കുവാൻ മനസ്സുണ്ടോ" അല്ലെങ്കിൽ "സമാധാനപൂർവ്വം ദൈവത്തെ ഉപദ്രവിക്കാതെ മാമ്മോദീസാ സ്വീകരിച്ചയാളോടുകൂടി താമസിക്കുവാനെങ്കിലും മനസ്സുണ്ടോ" എന്നു മറേറ ആളോടു ചോദിക്കണം. ഇപ്രകാരം ചോദിക്കണമെന്നുള്ള ഈ നിയമത്തിൽ നിന്നു ഒഴിവു കൊടുക്കുവാൻ തിരുസിംഹാസനത്തിനു മാത്രമേ അധികാരമുള്ളു. (c. 110)

മാമ്മോദീസാ സ്വീകരിച്ച ആളിൻെറ വൈദികമേലദ്ധ്യക്ഷൻെറ അധികാരത്തോടെ സംക്ഷിപ്ത വിചാരണയെ

www.malankaralibrary.com

ങ്കിലും (24) നടത്തിക്കൊണ്ടാണ് ഈ ചോദ്യങ്ങൾ സാധാരണമായി ചോദിക്കേണ്ടതു്. മാമ്മോദീസാ സ്വീകരിക്കാത്തയാൾ ആലോചിക്കുവാൻ സമയം ആവശ്യപ്പെട്ടാൽ, ക്ലിപ്തസമയത്തിനുള്ളിൽ ഉത്തരം നൽകാത്തപക്ഷം, മറുപടി പ്രതികൂലമാണെന്നു കരുതപ്പെടും എന്ന വ്യവസ്ഥയോടെ അയാൾക്കു പ്രസ്തുത വൈദികമേലദ്ധ്യക്ഷൻ സമയം അനുവദിക്കേണ്ടതാകുന്നു.

ഇപ്പോൾ പറഞ്ഞ വിധത്തിൽ വൈദികമേലദ്ധ്യക്ഷന്റെ അധികാരത്തോടെ ചോദ്യങ്ങൾ ചോദിക്കുവാൻ സാദ്ധ്യമാകാതെ വന്നാൽ മാമ്മോദീസാ സ്വീകരിച്ചയാൾതന്നെ അവ ചോദിച്ചാൽ മതിയാകും. എന്നാൽ ആ ആൾ ചോദ്യങ്ങൾ ചോദിക്കുന്നതു പുറമെ തെളിയിക്കത്തക്കതും തെളിവെടുക്കുന്നതുമായ രീതിയിൽ ആയിരിക്കണം. ഇതിലേക്കു കുറഞ്ഞതു രണ്ടു സാക്ഷികളുടെയെങ്കിലും മുമ്പിൽ വച്ചോ, വേറെ ഏതെങ്കിലും ന്യായമായതും തെളിവു ശേഖരിക്കുവാൻ പററിയതുമായ മാർഗ്ഗത്തിലൂടെയോ ചോദ്യങ്ങൾ ചോദിച്ചാൽ മതിയാകും. ഈ വിധത്തിൽ ചോദ്യങ്ങൾ ചോദിച്ചു എന്നു് നിശ്ചയം വരുത്തുകയും ചെയ്യേണ്ടതാണ്. (c. 111.)

മാമ്മോദീസാ സ്വീകരിക്കാത്തയാൾ പ്രത്യക്ഷമായോ പരോക്ഷമായോ ചോദ്യങ്ങൾക്കു നിഷേധരൂപത്തിൽ ഉത്തരം നൽകുന്നുവെങ്കിൽ, മാമ്മോദീസാ സ്വീകരിച്ച ആൾക്കു കത്തോലിക്കാ മതാവലംബിയായ ഒരാളെ പുനർവിവാഹം ചെ

(24) സംക്ഷിപ്ത വിചാരണയുടെ രീതി:—വൈദിക മേലദ്ധ്യക്ഷനോ അദ്ദേഹം നിശ്ചയിക്കുന്ന പട്ടക്കാരനോ, പട്ടക്കാരനായ ഒരു നോട്ടറിയോടുകൂടി മാമ്മോദീസാ സ്വീകരിക്കാത്ത ആളോടു് ആവശ്യമുള്ള ചോദ്യങ്ങൾ ചോദിക്കുന്നു. നോട്ടറി വിവരങ്ങൾ രേഖപ്പെടുത്തുന്നു. വൈദികമേലദ്ധ്യക്ഷനോ, പ്രസ്തുത പട്ടക്കാരനോ വിവരങ്ങൾക്കനുസൃതമായി തീരുമാനം ചെയ്യുന്നു. വിവരങ്ങൾ ഏപ്പാർക്കിയാ കച്ചേരിയുടെ പൂട്ടിൽ സൂക്ഷിക്കുന്നു.

Cf-Cappells, Tractatus Canonico-Moralis V 1947, n. 77 g

www.malankaralibrary.com

യ്യാവുന്നതാണ്. മേല്പറഞ്ഞ ചോദ്യങ്ങൾ ചോദിക്കണമെന്ന നിയമത്തിൽനിന്നു തിരുസിംഹാസനം ഒഴിവു കൊടുത്തിട്ടുണ്ടെങ്കിൽ, ചോദ്യങ്ങൾ ചോദിക്കാതെതന്നെ ഈ വിധത്തിൽ പുനർവിവാഹം പാടുള്ളതാകുന്നു. എന്നാൽ മാമ്മോദീസാ നടന്നശേഷം മാമ്മോദീസാ സ്വീകരിക്കാത്ത ആൾ പിരിഞ്ഞുപോകുവാൻ തക്ക വല്ല കാരണവും (just cause) മാമ്മോദീസാ സ്വീകരിച്ച ആൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ, പുനർ വിവാഹം നടത്തുവാൻ പാടുള്ളതല്ല. (c. 112.)

മാമ്മോദീസാ സ്വീകരിക്കുവാൻ മനസ്സില്ലെങ്കിലും, സമാധാനപൂർവം ദൈവത്തെ ഉപദ്രവിക്കാതെ ഒരുമിച്ചു താമസിച്ചുകൊള്ളാമെന്ന് മറ്റെയാൾ സമ്മതിക്കുന്നതായാൽ, പുനർവിവാഹത്തിനു സ്ഥാനമില്ല. എങ്കിലും അതിനുള്ള അവകാശം നഷ്ടപ്പെടുന്നുമില്ല. ആകയാൽ ഇങ്ങനെ താമസിച്ചശേഷം തക്ക കാരണം (just cause) കൂടാതെ അയാൾ വിട്ടുപോകയോ, സമാധാനപൂർവ്വമല്ലാതെ ദൈവത്തെ ഉപദ്രവിച്ചുകൊണ്ടു കൂടെ താമസിക്കയോ ചെയ്താൽ, മാമ്മോദീസാ സ്വീകരിച്ച ആൾക്കു കത്തോലിക്ക മതാവലംബിയുമായി പുനർവിവാഹം നടത്തുവാൻ പാടുള്ളതാകുന്നു. (c. 113.) (cf. c. 114.)

## കാനോൻ 109. § 2

മാമ്മോദീസാ സ്വീകരിച്ച ആളും സ്വീകരിക്കാത്ത ആളും തമ്മിൽ വേണ്ട അനുമതിയോടെ നടന്നിട്ടുള്ള വിവാഹം സംബന്ധിച്ച് ഇപ്പോൾ പറഞ്ഞ ആനുകൂല്യം ഉണ്ടാകുന്നതല്ല.

## കാനോൻ 114.

മൂന്നാം പൌലോസ്, വി. അഞ്ചാം പീയോസ്, പതിമൂന്നാം ഗ്രിഗോറിയോസ് എന്നീ മാർപ്പാപ്പാമാർ ചില പ്രത്യേക സ്ഥലങ്ങളിലേക്കായി വിവാഹംസംബന്ധിച്ചു നൽകിയ ആനുകൂല്യങ്ങൾ അതേ സാഹചര്യങ്ങളിൽ മററു സ്ഥലങ്ങളിലേക്കും ഇപ്പോൾ അനുവദിച്ചിരിക്കുന്നു. ആ ആനുകൂല്യങ്ങളുടെ ഒരു ഏകദേശസംഗ്രഹം താഴെ ചേർക്കുന്നു:—

(A) മാമ്മോദീസാ സ്വീകരിക്കുന്ന ഒരാൾക്ക് അതിനു മുമ്പ് ഒന്നിലധികം ഭാര്യമാരുണ്ടായിരിക്കയും, ആദ്യത്തെ ഭാ

www.malankaralibrary.com

ര്യ ഏതാണെന്നു അയാൾക്കു നിശ്ചയമില്ലാതിരിക്കയും ചെയ്താൽ, ആ ഭാര്യമാരിൽ ഇഷ്ടമുള്ള ഒരാളെ അയാൾക്കു വിവാഹം ചെയ്യാവുന്നതാണ്. എന്നാൽ ആദ്യത്തെ ഭാര്യ ഏതാണെന്നു നിശ്ചയമുണ്ടെങ്കിൽ അവളെ സ്വീകരിക്കണം. ഇങ്ങനെ മറ്റുള്ളവരെയെല്ലാം പിരിച്ചുവിടുകയും ചെയ്യണം. രക്തബന്ധവും ബന്ധുത്വവും (ലത്തീൻ രീതിപ്രകാരം) മൂന്നാം തലമുറയിലുള്ളതു (25) ഇവിടെ നീക്കപ്പെട്ടിരിക്കുന്നു.

(Paul III Altitudo, 1 July 1537.)

(B) ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കയും, പിരിച്ചുവിടുകയും ചെയ്യുന്നവരുടെ കാര്യത്തിലും ആദ്യത്തെ ഭാര്യ ഏതാണെന്നു കണ്ടുപിടിക്കുവാൻ വളരെ പ്രയാസം വരാറുണ്ട്. ഭർത്താവു മാമ്മോദീസാ സ്വീകരിക്കുന്നതോടുകൂടി, പല ഭാര്യമാരിൽ ഏതു ഭാര്യ മാമ്മോദീസാ സ്വീകരിക്കുന്നുവോ, അവൾ ആദ്യത്തെ ഭാര്യ അല്ലെങ്കിലും അവളെ വിട്ടുപിരിയുന്നതിൽ ഭർത്താവിനു വളരെയധികം വിഷമതയുമുണ്ടാകാറുണ്ട്. ആകയാൽ അവളെ ഭത്താവിനു സ്വീകരിക്കാവുന്നതാണ്. മറ്റുള്ളവരെ പിരിച്ചുവിടുകയും ചെയ്യണം.

(S. Pius V Romani Pontifices, 2Aug. 1571.)

(C) മാമ്മോദീസാ സ്വീകരിക്കുന്നതിനുമുമ്പ് വിവാഹം നടത്തിയ രണ്ടു കക്ഷികൾ ശത്രുക്കൾ പിടിച്ചുകൊണ്ടുപോകുകനിമിത്തം രണ്ടു സ്ഥലത്തായി തീരുകയും, അവരിൽ ഒരാൾ മാമ്മോദീസാ സ്വീകരിക്കയും, മറ്റെയാൾ എവിടെയാണെന്നു നിശ്ചയമില്ലാതെ വരികയോ, നിശ്ചയമുണ്ടെങ്കിൽ തന്നെയും മേല്പറഞ്ഞ ചോദ്യങ്ങൾ ചോദിച്ചു ഉത്തരം ലഭിക്കുവാൻ സാധിക്കാതെയോ യാത്രയുടെ ദൈർഘ്യം നിമിത്തം വലിയ പ്രയാസം നേരിടുകയോ ചെയ്യുന്നതായും വരാം. ഈ സാഹചര്യങ്ങളിൽ മാമ്മോദീസാ സ്വീകരിക്കാത്ത ആളോട് മേൽപറഞ്ഞ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം ലഭിക്കുവാൻ സാദ്ധ്യമല്ലെന്നോ, ചോദ്യങ്ങൾക്കു നിശ്ചിതസമയത്തു മറുപടി നൽകിയിട്ടില്ലെന്നോ, സംക്ഷിപ്തവിചാരണയുടെഫ

---

(25) ലത്തീൻ രീതിപ്രകാരം ഇരുവശത്തുമുള്ളവരെ എണ്ണുകയില്ല; ഏതു വശത്തു കൂടുതൽ എണ്ണമുണ്ടോ അത്രയും തലമുറ കണക്കാക്കപ്പെടുന്നു.

www.malankaralibrary.com

ലമായി ബോദ്ധ്യമായാൽ, മാമ്മോദീസാ സ്വീകരിച്ച ആൾക്കു മുമ്പു പറഞ്ഞതുപോലെ പുനർവിവാഹം നടത്തുവാൻ അനുവദിക്കാവുന്നതാണ്. മാമ്മോദീസാ സ്വീകരിക്കാതിരുന്ന ആൾ മേൽപറഞ്ഞ ചോദ്യങ്ങൾക്ക് മറുപടി നൽകാതിരുന്നതു തക്ക കാരണം നിമിത്തമാണെന്നോ, പുനർവിവാഹം നടന്ന സമയത്തു ആ ആളും മാമ്മോദീസാ സ്വീകരിച്ചിരുന്നു എന്നോ പിന്നീടു വ്യക്തമായാലും പ്രസ്തുത പുനർവിവാഹം സാധുവും ശാശ്വതവുമായിരിക്കും. സ്ഥലത്തെ വൈദിക മേലദ്ധ്യക്ഷന്മാർക്കും വികാരിമാർക്കും കുമ്പസാരിപ്പിക്കുവാൻ അധികാരമുള്ളവരായി വേദപ്രചാരണ ജോലിക്ക് അയയ്ക്കപ്പെട്ടിരുന്നവരും അവിടവിടെ സ്വീകരിക്കപ്പെട്ടിരുന്നവരുമായ ഈശോസഭാ വൈദികർക്കുമാണ് ചില സ്ഥലങ്ങളിലേക്കായി ഈ അനുമതി നൽകപ്പെട്ടതു്.

(Gregory XIII Populis, 25 Jan. 1585)

### കാനോൻ 115, 116.

മാമ്മോദീസാ സ്വീകരിച്ചയാൾ സാധുവായി പുനർവിവാഹം നടത്തുന്നതോടെ മാത്രമേ മുൻ വിവാഹബന്ധം പിരിയുകയുള്ളൂ. (c 115) എന്നാൽ മുൻ വിവാഹം (രണ്ടു കക്ഷിയും അക്രൈസ്തവരായിരിക്കെ നടന്ന മുൻവിവാഹം) സാധുവാണോ എന്ന സംശയമുണ്ടായാൽ, മാമ്മോദീസായെ ആയിരിക്കും നിയമം ആദരിക്കുന്നതു്. അതായതു മാമ്മോദീസാ സ്വീകരിച്ചയാൾ പുനർവിവാഹം ചെയ്യുന്ന കാര്യത്തിലായിരിക്കും അനുകൂലമനോഭാവം. (c 116)

## XI

# ദമ്പതിമാർ തമ്മിൽ പിരിഞ്ഞു താമസിക്കുന്നതു സംബന്ധിച്ച്.

---

### കാനോൻ 117, 118.

തക്കകാരണമില്ലെങ്കിൽ ദമ്പതിമാർ ഒരുമിച്ചു താമസിക്കേണ്ടതാണ്. (c. 117) എന്നാൽ അവരിൽ ഒരാൾ വ്യഭി

www.malankaralibrary.com

ചാരം ചെയ്യുന്ന പക്ഷം മററെയാൾക്കു വ്യഭിചാരക്കുററം ചെയ്തയാളിൽനിന്നു വേണമെങ്കിൽ എന്നേയ്ക്കുമായി പിരിഞ്ഞു താമസിക്കുവാൻ പാടുണ്ടു്. എന്നാൽ വ്യഭിചാരക്കുററത്തിനു മററെയാൾ സമ്മതിക്കയൊ, കാരണം കൊടുക്കുകയൊ പ്രത്യക്ഷമൊ പരോക്ഷമൊ ആയി ആ കുററം ക്ഷമിക്കുകയൊ മററെയാൾ അതേ വ്യഭിചാരക്കുററത്തിൽ വീഴുകയൊ ചെയ്താൽ പിരിഞ്ഞു താമസിക്കുവാൻ പാടുള്ളതല്ല. ഒരു കക്ഷിയുടെ വ്യഭിചാരം നിമിത്തം മററെ കക്ഷിക്കു പുനർവിവാഹം ചെയ്യുവാൻ യാതൊരു കാരണത്താലും പാടില്ലാത്തതാകുന്നു.

മററെയാൾ വ്യഭിചാരക്കുററത്തെപ്പററി അറിഞ്ഞശേഷം സ്വമനസ്സാ വൈവാഹികസ്നേഹത്തോടുകൂടി കുററംചെയ്തയാളുടെ കൂടെ താമസിക്കുന്നപക്ഷം കുററം പരോക്ഷമായി ക്ഷമിക്കുകയാണു ചെയ്യുന്നതു്; ആറു മാസത്തിനകം കുററം ചെയ്തയാളെ പുറത്താക്കുകയൊ ഉപേക്ഷിക്കുകയൊ അയാളെപ്പററി അധികാരസ്ഥാനത്തു മുറപ്രകാരം പരാതിപ്പെടുകയൊ ചെയ്യാത്ത പക്ഷം വൈവാഹികസ്നേഹം ഉള്ളതായി കരുതപ്പെടും.

(c 118)

## കാനോൻ 119.

വ്യഭിചാരക്കുററം ചെയ്യാത്ത കക്ഷി വൈദികാധികാരിയുടെ തീരുമാനപ്രകാരമൊ അല്ലാതെയൊ മുറപ്രകാരം പിരിഞ്ഞുതാമസിച്ചു കഴിഞ്ഞാൽ, വ്യഭിചാരക്കുററം ചെയ്തയാളെ വീണ്ടും സ്വീകരിക്കണമെന്നില്ല; എന്നാൽ കുററം ചെയ്യാത്തയാളുടെ സമ്മതത്തോടെ മററെയാൾ വിവാഹജീവിതസ്ഥിതിക്കു യോജിക്കാത്ത വേറൊരു ജീവിതസ്ഥിതി സ്വീകരിച്ചുപോയാൽ അയാളെ പിന്നീടു സ്വീകരിക്കയൊ തിരിച്ചു വിളിക്കയൊ ചെയ്യാവുന്നതല്ല.

## കാനോൻ 120.

ദമ്പതിമാരിൽ ഒരാൾ കത്തോലിക്കാസഭയെ ഉപേക്ഷിച്ചു വേറൊന്നിൽ ചേരുകയൊ, സന്താനങ്ങളെ കത്തോലിക്കമായി വളർത്താതിരിക്കയൊ, കുററകരവും അവമാനകരവുമായി ജീവിക്കയൊ മററെയാളുടെ ആത്മാവിനോ ശരീരത്തിനൊ വലിയ അപകടം ജനിപ്പിക്കയൊ ക്രൂരതനിമിത്തം ഒരുമിച്ചുള്ള താമസം വളരെ പ്രയാസമുള്ളതാക്കിത്തീർക്കയൊ ഇവ പോ

www.malankaralibrary.com

ല്ലുള്ള വേറെ കാരണങ്ങൾ നൽകുകയൊ ചെയ്താൽ മറെറയാൾക്ക സ്ഥലത്തെ വൈദിക മേലദ്ധ്യക്ഷൻെറ കല്പനയോടെ പിരിഞ്ഞു താമസിക്കുവാൻ ഇവയോരോന്നും തക്ക കാരണമാകുന്നു. പിരിഞ്ഞു മാറുന്നതിലുള്ള അമാന്തം അപകടകരമാണെന്നു നിശ്ചയമായിക്കാണുന്ന പക്ഷം മേൽപ്പറഞ്ഞ സാഹചര്യങ്ങൾ നീങ്ങുന്നതുവരെ വൈദികമേലദ്ധ്യക്ഷൻെറ കല്പനക്കൂടാതെതന്നെ സ്വയം പിരിഞ്ഞു താമസിക്കാവുന്നതാണ്.

ഈ സാഹചര്യങ്ങളിലെല്ലാം പിരിഞ്ഞു താമസിക്കുവാനുള്ള കാരണം നീങ്ങുമ്പോൾ ഒരുമിച്ചു താമസം പുനരാരംഭിക്കേണ്ടതാകുന്നു. എന്നാൽ വൈദികമേലദ്ധ്യക്ഷൻെറ തീരുമാനപ്രകാരമാണ് പിരിഞ്ഞു താമസിക്കുന്നതെങ്കിൽ, ആ തീരുമാനത്തിൽ ഒരു ക്ലിപ്തകാലാവധി നിർണ്ണയിച്ചിട്ടുള്ളപക്ഷം ആ കാലാവധി കഴിയുമ്പോൾ മാത്രമേ നിരപരാധിയായ കക്ഷിക്കു മറേറ കക്ഷിയുമായി ഒരുമിച്ചു താമസിക്കുവാൻ കടമയുള്ളു; വൈദിക മേലദ്ധ്യക്ഷൻ കാലാവധി നിർണ്ണയിച്ചിട്ടില്ലെങ്കിൽ വേറൊരു തീരുമാനം പ്രതീക്ഷിച്ചുകൊണ്ട് നിരപരാധിക്കു തനിച്ചു താമസിക്കാവുന്നതാണ്.

മനഃപൂർവ്വം കുററകരമായ വിധത്തിൽ (maliciously) ഒരു ദമ്പതി മറെറ ദമ്പതിയെ പരിത്യജിക്കുന്ന പക്ഷം ക്ലിപ്തകാലാവധി നിർണ്ണയിച്ചുകൊണ്ടുള്ളതോ അല്ലാത്തതോ ആയി വൈദികമേലദ്ധ്യക്ഷൻ നൽകുന്ന തീരുമാനമനുസരിച്ചു മറെറ ദമ്പതിക്കു പിരിഞ്ഞു പാർക്കാവുന്നതാകുന്നു. തിരിച്ചുപോകുന്നതിൽ അനുഷ്ഠിക്കേണ്ട നിയമം മേൽ പറഞ്ഞതുതന്നെ.

## കാനോൻ 121.

ദമ്പതിമാർ തമ്മിൽ പിരിഞ്ഞു താമസിക്കുമ്പോൾ സന്താനങ്ങളെ വളർത്തേണ്ടതു നിരപരാധിയായ ദമ്പതിയാണ്. ദമ്പതിമാരിൽ ഒരാൾ കത്തോലിക്കാ മതാവലംബിയല്ലെങ്കിൽ കത്തോലിക്കാമതാവലംബി ഈ കടമ നിർവ്വഹിക്കണം. എന്നാൽ കത്തോലിക്കമായ അവരുടെ അഭ്യസനം എപ്പോഴും സുരക്ഷിതമാക്കികൊണ്ട് സന്താനങ്ങളുടെ നന്മക്കുപകരിക്കുന്ന വേറെ ഏതെങ്കിലും മാർഗ്ഗം നിർദ്ദേശിക്കുവാൻ വൈദികമേലദ്ധ്യക്ഷനു പാടുള്ളതാകുന്നു. അദ്ദേഹം അങ്ങനെ നിർദ്ദേശിച്ചാൽ അതനുസരിച്ചാണ് പ്രവർത്തിക്കേണ്ടതു്.

www.malankaralibrary.com

# XII
# അസാധുവായ വിവാഹം സാധുവാക്കുന്നതു സംബന്ധിച്ച്.
# (Convalidation.)

## A
## സാധാരണരീതി.
## (Simple convalidation)

### കാനോൻ. 122.

a) വിവാഹത്തെ അസാധുവാക്കുന്ന ഏതെങ്കിലും പ്രതിബന്ധം നിമിത്തം അസാധുവായിത്തീർന്ന വിവാഹം സാധുവാകണമെങ്കിൽ 1) പ്രതിബന്ധം നീങ്ങുകയോ നീക്കുകയോ ചെയ്യണം: 2) ദമ്പതിമാർ, പ്രതിബന്ധത്തെപ്പററി അറിവുള്ള ദമ്പതിയെങ്കിലും, സമ്മതം പുതുക്കണം.

ആരംഭത്തിൽ ഇരുകക്ഷിയും സമ്മതം നൽകുകയും ആ സമ്മതം പിന്നീടു പിൻവലിക്കാതിരിക്കയും ചെയ്തിരുന്നാൽ തന്നെയും, വിവാഹം സാധുവാകുവാൻ ഈ സമ്മതപ്പുതുക്കൽ സഭാനിയമപ്രകാരം ആവശ്യമാകുന്നു.

### കാനോൻ 123.

സമ്മതപ്പുതുക്കൽ പുതിയ ഒരു സമ്മതിദാനമാണ്; ആദ്യം മുതൽ അസാധുവായിരുന്നെന്നു കാണുന്ന വിവാഹത്തെ സംബന്ധിച്ചാണ് ഈ പുതിയ സമ്മതിദാനം നടക്കുന്നത്.

### കാനോൻ 124.

പ്രതിബന്ധം പരസ്യമെങ്കിൽ നിശ്ചിത വ്യവസ്ഥ (forma) യനുസരിച്ചു രണ്ടുപേരും സമ്മതം പുതുക്കണം. പ്രതിബന്ധം രഹസ്യവും രണ്ടുപേരും അതറിഞ്ഞിരിക്കയും ചെയ്യുന്നെങ്കിൽ രണ്ടുപേരും രഹസ്യത്തിൽ പ്രസ്തുത വ്യവസ്ഥ പാലിക്കാതെ സമ്മതം പുതുക്കിയാൽ മതിയാകും. ( privately and secretly) പ്രതിബന്ധം രഹസ്യവും ഒരു കക്ഷി മാത്രം അതറിഞ്ഞിരിക്കയും ചെയ്താൽ, അറിഞ്ഞിരിക്കുന്ന കക്ഷിമാത്രം രഹസ്യത്തിൽ സമ്മതം പുതുക്കിയാൽ മതി (privately and secretly). എ

www.malankaralibrary.com

ന്നാൽ മറെറ കക്ഷി ആദ്യം നൽകിയ സമ്മതം പിൻവലിച്ചി ട്ടില്ലെങ്കിൽ മാത്രമേ ഇങ്ങനെ ചെയ്യുവാൻ പാടുള്ളൂ.

## കാനോൻ 125

b) മനഃസമ്മതമില്ലാതെ പോയതിനാൽ അസാധുവായി തീർന്ന വിവാഹം സാധുവാകുന്നതിനു മനഃസമ്മതമില്ലായിരു ന്ന കക്ഷി വീണ്ടും മനഃസമ്മതം നൽകേണ്ടതാകുന്നു. എന്നാൽ മറെറ കക്ഷിയുടെ സമ്മതം പിൻവലിക്കപ്പെട്ടിട്ടില്ലെങ്കിൽ മാത്രമേ ഇതിനു വിലയുണ്ടാകയുള്ളൂ.

മനഃസമ്മതമില്ലാതിരുന്നതു രഹസ്യവും വേറെ ആരും അ റിഞ്ഞിട്ടില്ലാതിരിക്കയും (merely internal ചെയ്താൽ മനഃസ മ്മതമില്ലാതിരുന്ന കക്ഷി ആന്തരികമായി (interius) മനഃസ മ്മതം നൽകിയാൽ മതി.

എന്നാൽ ഈ മനഃസമ്മതമില്ലായ്മ പുറമേയും അറിയ പ്പെട്ടതാണെങ്കിൽ, മനഃസമ്മതം പുറമേയും വെളിപ്പെടുത്ത ണം. പുറമെ തെളിയിക്കത്തക്ക വിധത്തിൽ അതറിയപ്പെട്ടിട്ടു ണ്ടെങ്കിൽ (public) നിശ്ചിത വ്യവസ്ഥ (forma) യനുസരിച്ച ത്രേ മനഃസമ്മതം പുറമേ വെളിപ്പെടുത്തേണ്ടതു്; പുറമേ തെ ളിയിക്കത്തക്കവിധത്തിലല്ല പുറമെ അതറിയപ്പെട്ടിരിക്കുന്നതെ ങ്കിൽ (occult) ഏതെങ്കിലും രഹസ്യമായ വിധത്തിൽ നിശ്ചി ത വ്യവസ്ഥ (forma) പാലിക്കാതെ മനഃസമ്മതം പുറമെ വെ ളിപ്പെടുത്തണം.

## കാനോൻ 126.

c. നിശ്ചിതവ്യവസ്ഥ (forma) പാലിക്കാതിരുന്നതുകൊ ണ്ടു് അസാധുവായിതീർന്ന വിവാഹം സാധുവാകണമെങ്കിൽ വീണ്ടും ആ വ്യവസ്ഥ forma യനുസരിച്ചു മനഃസമ്മതം പുതു ക്കേണ്ടതാകുന്നു.

## B

### അസാധാരണരീതി.

### (Sanatio in radice)

ദമ്പതിമാർ മതിയായ സമ്മതം പരസ്പരം നൽകുകയും എന്നാൽ തിരുസഭ ഏർപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്ര തിബന്ധം നിമിത്തമോ, നിശ്ചിത വ്യവസ്ഥ (forma) പാലി ക്കാതിരുന്നതുകൊണ്ടോ അവരുടെ വിവാഹം അസാധുവായി തീരുകയും ചെയ്താൽ, ഇരുകക്ഷിയും തങ്ങളുടെ സമ്മതം പിൻ

www.malankaralibrary.com

വലിക്കാതിരിക്കുന്ന പക്ഷം ഒരു പ്രത്യേക രീതിയിൽ തിരുസഭ അവരുടെ വിവാഹം സാധുവാക്കികൊടുക്കാറുണ്ട്. (cf c 128.)

## കാനോൻ 127.

ഉണ്ടായിരുന്ന പ്രതിബന്ധം നീങ്ങിയിട്ടില്ലെങ്കിൽ അതു നീക്കുകയും സമ്മതം പുതുക്കണമെന്നുള്ള നിയമത്തിൽ നിന്നു ഒഴിവുകൊടുക്കുകയും ആണ് ഇതിലേയ്ക്കായി തിരുസഭ ചെയ്യുന്നതു്. ഇങ്ങനെ ചെയ്യുന്ന ക്ഷണത്തിൽ വിവാഹം സാധുവാകയും, മറിച്ച് വ്യക്തമായി പറയാത്തപക്ഷം വിവാഹം ആദ്യംനടന്ന ക്ഷണം മുതലുള്ള കാനോനികാവശതകൾ പരിഹരിക്കപ്പെടുകയും ചെയ്യുന്നു. സമ്മതം പുതുക്കണമെന്നുള്ള നിയമത്തിൽ നിന്നു കക്ഷികളറിയാതെ തന്നെ ഒഴിവു കൊടുക്കുവാൻ പാടുണ്ട്.

## കാനോൻ 128.

തന്നിൽ തന്നെ മതിയായ സമ്മതം കക്ഷികളുടെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ടെങ്കിലും, വിവാഹത്തെ അസാധുവാക്കുന്നതായി തിരുസഭ ഏർപ്പെടുത്തിയിട്ടുള്ള വല്ല പ്രതിബന്ധം നിമിത്തമോ നിയമപ്രകാരമുള്ള വ്യവസ്ഥ (forma) പാലിക്കാഞ്ഞതുകൊണ്ടോ അസാധുവായിരിക്കുന്ന ഏതു വിവാഹവും ഈ വിധത്തിൽ സാധുവാക്കപ്പെടാവുന്നതാണ്. എന്നാൽ കക്ഷികൾ ആദ്യം നൽകിയ സമ്മതം നീണ്ടു നിൽക്കുന്നുണ്ടെങ്കിൽ മാത്രമേ ഇങ്ങനെ ചെയ്യുവാൻ പാടുള്ളു.

പ്രകൃതിനിയമത്താലോ, ദൈവനിശ്ചയത്താലോ ഉള്ള പ്രതിബന്ധം നിമിത്തം അസാധുവായി തീർന്ന വിവാഹം ആ പ്രതിബന്ധം നീങ്ങിയിരുന്നാലും, തിരുസഭ ഈ രീതിയിൽ സാധുവാക്കുന്നില്ല.

## കാനോൻ 129.

ഇരുകക്ഷികൾക്കും, അല്ലെങ്കിൽ ഒരു കക്ഷിക്ക് ആദ്യം മുതൽ തന്നെ സമ്മതമില്ലായിരുന്നെന്നു വരാം; അല്ലെങ്കിൽ ആദ്യം നൽകിയ സമ്മതം പിന്നീട് പിൻവലിക്കപ്പെട്ടെന്നുവരാം. എങ്ങിനെയായാലും ഇരുകക്ഷികൾക്കുമോ ഏതെങ്കിലും ഒരു കക്ഷിക്കു മാത്രമോ സമ്മതമില്ലാത്തപക്ഷം അവരുടെ വിവാഹം ഈ രീതിയിൽ സാധുവാക്കുവാൻ പാടുള്ളതല്ല.

www.malankaralibrary.com

എന്നാൽ ആരംഭത്തിൽ സമ്മതമില്ലായിരുന്നെങ്കിലും, പിന്നീടു സമ്മതമുണ്ടാകുന്നപക്ഷം സമ്മതമുണ്ടാകുന്ന സമയം മുതൽ(സമ്മതം പിൻവലിക്കപ്പെടാതിരിക്കുന്നതുവരെ) അവരുടെ വിവാഹം ഈ രീതിയിൽ സാധുവാക്കാവുന്നതാണ്.

## കാനോൻ 130.

തിരുസിംഹാസനത്തിനും പാത്രിയർക്കീസുമാർക്കും മാത്രമേ ഈ രീതിയിൽ വിവാഹം സാധുവാക്കുവാൻ അധികാരമുള്ളൂ. എന്നാൽ നിയമപ്രകാരമുള്ള വ്യവസ്ഥ (forma) പാലിക്കാത്തതുകൊണ്ടോ, തങ്ങൾക്കു നീക്കുവാൻ അധികാരമുള്ള പ്രതിബന്ധം നിമിത്തമോ, അസാധുവായി തീർന്ന വിവാഹം മാത്രമേ പാത്രിയർക്കീസുമാർക്ക് ഈ രീതിയിൽ സാധുവാക്കുവാൻ പാടുള്ളൂ.

# XII

# പുനർവിവാഹം.

## കാനോൻ 131.

നിർമ്മലമായ വൈധവ്യം കൂടുതൽ പ്രശംസനീയമാണെങ്കിലും വിവാഹബന്ധം ഇല്ലാതായശേഷം പുനർവിവാഹം നടത്തുന്നതിൽ യാതൊരു കുററവുമില്ല. ഇങ്ങനെ എത്ര പ്രാവശ്യമെങ്കിലും വിവാഹം നടത്തുവാൻ പാടുള്ളതാകുന്നു. എന്നാൽ മുൻവിവാഹബന്ധം ഇല്ലാതായിരിക്കുന്നു എന്ന് എപ്പോഴും മുറപ്രകാരം നിശ്ചയം വന്നിരിക്കേണ്ടതാണ്. (cf c 59 2)

ഈ കാനോനാകൾ 1949 മേയ് മാസം 2-ാം നു-മുതൽ ശക്തിയിൽ വന്നിരിക്കുന്നു. ഇവയ്ക്കു വിരോധമായ ഒന്നിനും മേലിൽ ശക്തിയുണ്ടാകുന്നതല്ല. പൌരസ്ത്യറീത്തുകാരെല്ലാവരും, അവരെവിടെയായിരുന്നാലും, ഒരു പക്ഷേ സ്വന്തം റീത്തിലുൾപ്പെടാത്ത വൈദികമേലദ്ധ്യക്ഷന്മാരുടെ അധികാരത്തിലായിരുന്നാലും ഈ കാനോനാകളനുസരിച്ച് പ്രവർത്തിച്ചുകൊള്ളേണ്ടതാകുന്നു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com